
Bharath
Studio




ചർമ്മരോഗങ്ങൾ
വരാതിരിപ്പാനും
വന്നതിനെ മാറ്റുവാനും
**ചന്ദ്രിക** ഔഷധസോപ്പ്
പതിവായി ഉപയോഗിക്കുക



For

**WEDDING SAREES**

VISIT

**FASHION FABRICS, TRICHUR.**

അഖിലകേരള സോഡാലിററി മാസിക
ഒററപ്രതി: 17 ന. പ.
ആണ്ടിൽ: 2 രൂപ.
(മുൻകൂർ)

പത്രാധിപർ: ഫാദർ ജെ. ചെമ്മണൂർ, ബി. എ.

# മേരിവിജയം

PHONE: 603
TRICHUR

പുസ്തകം XIV ★ 1964 ജൂൺ ★ ലക്കം VI

# പത്രാധിപപംക്തി

## ഉപരിപ്ലവമായ ഭക്തിപ്രകടനം

ജൂൺ മാസം തിരുഹൃദയഭക്തിയുടെ പ്രകടനത്തിനുള്ള മാസമാണ്. മുൾമുടി, കുരിശ്, അഗ്നിജ്വാലകൾ, ഇററിററു വീഴുന്ന രക്തകണങ്ങൾ ഇവയെല്ലാമാണ് തിരുഹൃദയരൂപത്തിൽ നാം ദർശിക്കുന്നതു്. ഹൃദയം സ്നേഹത്തിൻെറ ആസ്ഥാനവും പ്രതീകവുമാണല്ലോ. ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹം പ്രകടമാക്കിയിരിക്കുന്നതു് തീയിലൂടേയും ചോരയിലൂടേയുമാണ്. നമ്മുടെ സ്നേഹവും — ദൈവസ്നേഹവും പരസ്നേഹവും — പ്രകടമാക്കാനുള്ള മാർഗ്ഗങ്ങളും വിഭിന്നങ്ങളല്ല. മുൾമുടിയും, കുരിശും, അഗ്നിജ്വാലകളും, രക്തകണങ്ങളും വഴിയായിട്ടുവേണം നമ്മുടേയും സ്നേഹം പ്രകടമാക്കുവാൻ. പക്ഷെ, ഇന്നത്തെ നമ്മുടെ ഭക്തിപ്രകടനങ്ങളുടെ സ്ഥിതിയെന്തു്? കുർബ്ബാന കാണുവാനും, ദിവ്യകാരുണ്യം സ്വീകരിക്കുവാനും, കൊന്തകൾ എത്തിക്കുവാനും, പ്രതിഷ്ഠകൾ കഴിക്കുവാനും, കൈകൾ വിരിച്ചു പിടിച്ചു് പ്രാർത്ഥിക്കുവാനും ഒരു നേരം നോൽക്കുവാനും ആഘോഷങ്ങൾ നടത്തുവാനും മററും നാം ഉത്സുകരാണ്. പക്ഷെ, ശത്രുവിനെ സ്നേഹിക്കുവാൻ, വിദ്വേഷം പിഴുതുകളയുവാൻ, വഴക്കുകളവസാനിപ്പിക്കുവാൻ, ഇന്ദ്രിയങ്ങളെ നിഗ്രഹിക്കുവാൻ, സ്വാഭീഷ്ടം ബലികഴിക്കുവാൻ, ക്ഷമയും എളിമയും കീഴ്‌വഴക്കവും പരിശീലിക്കുവാൻ, ദരിദ്രരെ ഉദാരമായി സഹായിക്കുവാൻ—ഇതിനൊന്നിനും നാം തയ്യാറല്ലതാനും. സ്വന്തം ഇഷ്ടാനിഷ്ടങ്ങൾക്കു് അനുരൂപമായ ഒരു ഭക്തമുറയാക്കി നാം അധഃപതിപ്പിച്ചിരിക്കയാണ് തിരുഹൃദയഭക്തിയെ. മറിച്ച്, ക്രിസ്തുവിൻെറ തിരുവിഷ്ടമനുസരിച്ചുള്ള —കുരിശും, മുൾമുടിയും, രക്തത്തുള്ളികളും മററും നമുക്കു് അനുഭവവേദ്യമാകുന്ന—ഒരു ഭക്തമുറയായിത്തീരണം തിരുഹൃദയഭക്തി. ശത്രുവിനെപ്പോലും സ്നേഹിക്കുന്നതും, സ്വാഭീഷ്ടം ബലികഴിക്കുന്നതും, ഇന്ദ്രിയങ്ങളെ നിഗ്രഹിക്കുന്നതുമായ ഒരു ജീവിതരീതിയിലാണ് സാക്ഷാത്തായ തിരുഹൃദയഭക്തി പ്രകടമാകുക. മററുള്ളതെല്ലാം വെറും ഉപരിപ്ലവമായ ഭക്തിപ്രകടനമായിരിക്കും.

## ജീവിതത്തിൻെറ നാൽക്കവലയിൽ

സാക്കാർ പരിക്ഷാഫലങ്ങൾ പുറത്താകുന്നതോടൊപ്പം ആയിരക്കണക്കിനു വിദ്യാർത്ഥികൾ ജീവിതത്തിൻെറ നാൽക്കവലയിൽ പകച്ചു നില്ക്കുകയാണ്. എങ്ങോട്ടു തിരിയണം? ഏതു ജീവിതമാർഗ്ഗം സ്വീകരിക്കണം? എന്നുള്ള വലിയ ജീവൽപ്രശ്നമാണ് അവരെ തുറിച്ചുനോക്കുന്നതു്. വിധിനിർണ്ണായകവും വിദൂരവ്യാപകഫലങ്ങൾ ഉളവാക്കുന്നതുമായ തീരുമാനമാണ് അവക്കു് എടുക്കേണ്ടിവരിക. ഇത്തരുണത്തിൽ അവക്കു നല്കുവാനുള്ള ഒരു വിനീതമായ നിർദ്ദേശം അവർ ഉള്ളഴിഞ്ഞു് ദൈവത്തോടു് പ്രാർത്ഥിക്കണം എന്നുള്ളതാണ്. Lead kindly light, amidst encircling gloom (ദയയുള്ള പ്രകാശമേ, എന്നെ ചുററിയിരിക്കുന്ന അന്ധകാരത്തിലൂടെ എന്നെ നയിക്കേണമേ) എന്നുള്ള കർദ്ദിനാൾ ന്യൂമാൻെറ പ്രാർത്ഥനാഹ്വാനം അവരുടെ ചുണ്ടുകളിൽ പലവുരു ആവർത്തിക്കട്ടെ. അതിനുശേഷം അംബരചുംബികളായ ആകാശക്കോട്ടകളെല്ലാം തൽക്കാലം മാററിവെച്ചുകൊണ്ടു്, അവരവരുടെ കഴിവും, ബുദ്ധിസാമർത്ഥ്യവും, അഭിനിവേശവുമനുസരിച്ചുള്ള ഒരു ജീവിതപന്ഥാവു് സ്വീകരിക്കുകയോ, അല്ലെങ്കിൽ, ഉപരിപഠനത്തിനായി പരിശ്രമിക്കുകയോ ചെയ്യുക. ആകാശക്കോട്ടകളും, എടുത്തു ചാട്ടവും നാശത്തിലേ കലാശിക്കു. കൃഷി, കച്ചവടം, കൈത്തൊഴിൽ, ടീച്ചർ, ക്ലാർക്കു്, വക്കീൽ, ഡോക്ടർ, എഞ്ചിനിയർ തുടങ്ങിയ നിരവധി ജീവിതസരണികളോടൊപ്പമോ അവയേക്കാൾ കൂടുതലോ, അഭികാമ്യവും, സുന്ദരവും, ആവേശകരവും, ഉൽകൃഷ്ടവുമായ മറെറാരു ജീവിതപന്ഥാവാണ് വൈദികവൃത്തിയും സന്യാസജീവിതവുമെന്നുള്ളതും ഇത്തരുണത്തിൽ അവരെ സസ്നേഹം അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

---

**കവർച്ചിത്രം**

"ഇക്കൊല്ലം ഞ്ങ്ളും ക്ലളി പോം."

# അസ്തിത്വത്തിന്റെ തെളിവുകൾ

— ടി. കെ. —

II

അന്തർബോധത്തിലൂടെ അറിയപ്പെടുന്ന സത്ത ശൂന്യതയാർന്നതാണ്. എന്നാൽ ഇതിന്റെ ആവിർഭാവം ശൂന്യതയേശാത്ത ഒരു സത്തയുടെ സാന്നിദ്ധ്യത്തിലേ തരമാകൂ. പരമമായ അതിന്റെ സാന്നിദ്ധ്യമത്രേ പ്രാഥമികാന്തർബോധത്തിലൂടെ അവ്യക്തമായെങ്കിലും നമുക്കനുഭവപ്പെടുന്നത്. ലോകസാകല്യ (Universal whole) ത്തിന്റെ ഒരംശമാണല്ലോ ഞാൻ. ഈ സാകല്യമാ സ്വയം 'സ്ഥിതിചെയ്യാൻ' ശക്തമല്ല. അതുകൊണ്ടാണ് ശൂന്യതയേശാത്ത സത്തയുടെ സാന്നിദ്ധ്യം എന്റെ അസ്തിത്വത്തിനനിവാര്യമാകുന്നതും. ഈ സത്തയെ 'മഹാസാകല്യം' (The whole) എന്നു വിളിക്കാം. സർവ്വാതിശായിയും (Transeendent) സ്വയം പര്യാപ്തവും (Self Sufficient) സ്വയം അജ്ഞേയവും (Unknown in Itself) മററു സത്തകളുടെ കാരക' വും (Activator) മായ ഇതത്രേ 'തന്നാൽ താനായിരിക്കുന്ന സത്ത' അഥവാ ദൈവം. അസ്തിത്വാന്തർബോധത്തിന്റെ അതായത് സത്തയുടെ ഗ്രാഹ്യശക്തിയിലൂടെയാണ് എല്ലാ പ്രകൃതിക്കുമതീതമായ പരമാസ്തിത്വത്തെ ഞാനറിയുന്നത്. അവിടെയാണ് ദൈവത്തിനഭിമുഖമായി ഞാൻ സ്വയം കാണുന്നതും.

ഇതൊരു പുതിയ കണ്ടുപിടുത്തമൊന്നുമല്ല. ദൈവാന്വേഷണത്തിന് അനാദിമുതൽ മനുഷ്യചേതനസ്സ് പ്രചോദനമരുളിക്കൊണ്ടിരിക്കുന്നതാണിമാസ്സും. നിത്യമായ ഈ സമീപനത്തിന്റെ മാനസികവും അന്തർബോധപരവുമായ സ്വഭാവത്തെപ്പററി ആധുനികമനുഷ്യൻ ബോധവാനാകേണ്ടിയിരിക്കുന്നു. അതുൾക്കൊള്ളുന്ന ലാളിത്യവും മോചനശക്തിയും അവനു് പ്രചോദനം നല്കുന്നവയാണ്. ദൈവത്തെക്കുറിച്ച് പൗരാണികരുടെ അറിവ് കുറെയൊക്കെ ഭൗതികവിജ്ഞാനങ്ങളെ ആശ്രയിച്ചിരുന്നു. ശാസ്ത്രീയ ഭാവനകളാണ് (Scientific Imagery) അവർ നെയ്തെടുത്തത് സദാത്മകവിചിന്തനങ്ങൾക്കു പകരം. സത്തയെ വൈജ്ഞാനികമായി അപഗ്രഥിച്ചറിയാനല്ല, പൂജിക്കാനാണവർ വെമ്പൽ കൊണ്ടതു്. നേരെമറിച്ച് സത്തകളുള്ള ആകാശലോകവും (Celestial Sphere) ചന്ദ്രാതഃസ്ഥിതലോകവും (Sub-lunary world) ആയിരുന്നു അവരുടെ ചിന്താവിഷയങ്ങൾ. എന്നാൽ അസ്തിത്വത്തെപ്പററി സ്വാഭാവികാന്തർബോധം അവർക്കുണ്ടായിരുന്നുവെന്നും പറയട്ടെ. തന്മൂലമാണ് ദൈവത്തെപ്പററി —ധാരണീകൃതവും യുക്തിവൽകൃതവുമെങ്കിലും— അവർക്കു ചിന്തിക്കാൻ കഴിഞ്ഞതുതന്നെ. സ്വാഭാവികാന്തർബോധത്തിന്റെ അവശ്യാനുഗാമി (Necessary Conseguent) യായിട്ടാണ് നിയതചിന്ത (Logical Thinking) ഗണിക്കപ്പെട്ടതു്. താർക്കിക മനസ്സിന്റെ അടിസ്ഥാനം സത്തയെക്കുറിച്ചുള്ള അഗാധാന്തർബോധമാണവരുടെ നോട്ടത്തിൽ.

പണ്ടത്തേതിൽനിന്നും വ്യത്യസ്തമായൊരു പരിതസ്ഥിതിയിലാണിന്നു നാം. ആധുനികശാസ്ത്രം ഭൗതികപ്രതിഭാസങ്ങൾക്കു് (Physical Phenomena) നൂതനവ്യാഖ്യാനങ്ങൾ നല്കിക്കൊണ്ടു് മുന്നോട്ടു കുതിക്കുകയാണ്. പ്രകൃതിയുടെമേൽ ശാസ്ത്രം നടത്തുന്ന ഇന്ദ്രജാലങ്ങൾ കണ്ടു് മാനവൻ മിഴിച്ചുനില്ക്കുന്നു! പക്ഷേ ഭൗതികവിജ്ഞാനങ്ങൾ സത്തയെപ്പററി ദാർശനികാന്വേഷണം നടത്തുന്നുവെന്നും പറഞ്ഞുകൂടാ. പ്രത്യക്ഷപ്രതിഭാസങ്ങളേ അവയ്ക്കു് വിഷയമാകുന്നുള്ളൂ. സാധാരണഗതിയിൽ ഇന്ദ്രിയയാഥാർത്ഥ്യങ്ങളിൽ മയങ്ങുന്നവനാണല്ലോ മനുഷ്യൻ. 'കണ്ടേ വിശ്വസിയ്ക്കൂ!' എന്നാണല്ലോ മുദ്രാവാക്യം. അതുകൊണ്ടാണ് സത്താനുഭവം അവനിൽ അംബരപ്പും അത്ഭുതവുമുണ്ടാക്കുന്നതു്. 'പ്രതിഭയുടെ വെളിപാടാ'യിട്ടാണ് ഈ അനുഭവം പലരുമെണ്ണുക. പുതിയൊരുത്തേജനവും മോചിതബോധവു (Sense of Liberation) മായിരിക്കും അനന്തരഫലം. ഭൗതികശാസ്ത്രങ്ങൾക്കൊന്നും ഇതു് നല്കാനാവില്ല. ശാസ്ത്രവൽക്കരണത്തിനും യുക്തിവൽക്കരണത്തിനും മുമ്പുതന്നെ ദൈവാസ്തിത്വത്തെപ്പററി നമുക്കന്തർബോധമുണ്ടു്. അസ്തിത്വത്തിന്റെ ആ 'ചുമരെഴുത്തു്' മാച്ചുകളയാനോ, മറച്ചുവെയ്ക്കാനോ മനുഷ്യബുദ്ധി ശക്തവുമല്ല.

## യുക്തിവിചാരം

ശുദ്ധാന്തർബോധ (Pure Intuition) മല്ല ഇതെന്നു് നമുക്കു് സ്മരിക്കാം. എങ്കിലതു് മനുഷ്യപ്രകൃതിക്കുമതീത (Supra-human) മായേനേ. ക്രമീകൃത-സാങ്കേതികചിന്തയുടെ രൂപവും അതിനില്ല. സ്വാഭാവികയുക്തിവിചാരം (Natural Reasoning) എന്നു പറയുകയായിരിക്കും ശരി. അസ്തിത്വാന്തർബോധത്താൽ മനസ്സിന്റെ മച്ചുകങ്ങളിൽ പ്രകാശം പരക്കുമ്പോളുണ്ടാകുന്ന ഒരനുഭൂതിയത്രേ അതു്. ശൂന്യതയാർന്ന ഒരു സ്ഥൂലസത്വം ഈ അനുഭൂതിയിലൂടെ ശൂന്യതയേശാത്ത സത്തയുടെ സാന്നിദ്ധ്യം തന്റെ നിലനില്പിനനിവാര്യമെന്നറിയുകയാണ്. വെളിച്ചം, കാണാൻ നിർബന്ധിക്കുന്നതുപോലെ — കുരുടനോ, കുരുടത്വം ചമഞ്ഞവനോ അല്ലെങ്കിൽ — ഈ സാന്നിദ്ധ്യത്തിന്റെ നേരെ കണ്ണടയ്ക്കാൻ സ്രഷ്ടസത്തയ്ക്കു് കഴിവില്ലതന്നെ.

(തുടരും)

വി. എം. പുന്നോലിൽ, ബസ്ലഹം

# ഒരു വാർഷികയോഗത്തിൻെറ നിഴലിൽ

പടർന്നു നിൽക്കുന്ന, പള്ളിമുററത്തെ പേരയ്ക്കാമാവിൻെറ ഇലകൾ ഇളകിക്കൊണ്ടിരുന്നു.

കുർബ്ബാന കഴിഞ്ഞ് തലയിൽ മുണ്ടു മൂടിക്കൊണ്ട് അമ്മൂമ്മമാരും ചേടത്തിമാരും വീട്ടിലേയ്ക്കു പോകുന്നു. വയസ്സന്മാരും അവരുടെയിടയിൽക്കൂടി നീങ്ങുന്നുണ്ട്.

കൊച്ചു പെൺകുട്ടികൾ എന്തോ കാര്യങ്ങൾ പറഞ്ഞു ചിരിച്ചുകൊണ്ടു നടന്നുവരുന്നു. എന്തൊരാഹ്ലാദമാണ് ആ പിഞ്ചു മുഖങ്ങളിൽ.

തോമസും മാത്യുവും ആരെയോ പ്രതീക്ഷിച്ചു നില്ക്കുകയാണ്, മാഞ്ചുവട്ടിൽ. തോമസിൻെറ കയ്യിലൊരു നോട്ടുബുക്കുണ്ട്.

സാരിയുടെ തുമ്പു തോളത്തുകൂടി വലിച്ചിട്ടുകൊണ്ട് ആനിസ് നടന്നുവരുന്നു. അവളുടെ കൂടെ സെലിനും മറിയാമ്മയും ഏലിച്ചേടത്തിയുമുണ്ട്.

ആനിസ് മാഞ്ചുവട്ടിലെത്തിയപ്പോൾ തോമസ് മുന്നോട്ടല്പം നടന്നു. ആനിസിൻെറ മുഖത്തു നോക്കി.

"ഇതാ നോട്ടുബുക്ക്. ഞങ്ങൾ റിപ്പോർട്ടെഴുതി. ഇനി നിങ്ങൾ എഴുതിക്കൊള്ളു."

"ശരി." ആനിസ് ബുക്കു വാങ്ങി. അവളവിടെ നിന്നും നടക്കാൻ തുടങ്ങിയപ്പോൾ മാത്യു ചോദിച്ചു:

"കാശെല്ലാം പിരിഞ്ഞു കിട്ടിയോ?"

"ഇല്ല. പന്ത്രണ്ടു രൂപയോളം കിട്ടി. ഇനിയും കുറെപ്പേരു തരാനുണ്ട്."

"ഉത്സാഹിച്ചു വാങ്ങിക്കണം." തോമസ് ചിരിച്ചുകൊണ്ടു പറഞ്ഞു.

"നിങ്ങളുടെ നാടകം പഠിത്തമെന്തായി?" ആനിസ് ചോദിച്ചു.

"അതൊക്കെ നന്നായി നടക്കുന്നു. ഇന്നലെ വികാരിയച്ചൻ റിഹേഴ്സൽ കാണാൻ വന്നിരുന്നു." മാത്യു പറഞ്ഞു.

"നിങ്ങളുടെ ഏകാങ്കം നല്ലതാണെന്നാണല്ലോ അച്ചൻ പറഞ്ഞത്."

"വെറുതെ കളിയാക്കുകയാണ്." ആനിസ് ചിരിച്ചു.

കൂടെയുണ്ടായിരുന്ന കത്രിച്ചേടത്തി മുമ്പേ പോയിക്കഴിഞ്ഞിരുന്നു. സെലിനും മറിയാമ്മയും അല്പം അകലെ നോക്കിനിൽക്കുകയാണ്.

"ഞാൻ പോകട്ടെ", ആനിസ് സംസാരമവസാനിപ്പിച്ചുകൊണ്ട് നടന്നു. സെലിനും മറിയാമ്മയും ചിരിച്ചുകൊണ്ട് അവളുടെ കൂടെച്ചേർന്നു.

തോമസും മാത്യുവും കുറേനേരംകൂടി അവിടെനിന്നു സംസാരിച്ചു.

അവരാണ് സൊഡാലിററിയുടെ പ്രധാന ഭാരവാഹികൾ. തോമസ് ആൺകുട്ടികളുടെ സെക്രട്ടറിയാണ്. മാത്യു ഖജാൻജിയും. ആനിസാണ് പെൺകുട്ടികളുടെ സെക്രട്ടറി.

സൊഡാലിററിയുടെ വാർഷികാഘോഷം അടുത്തിരിക്കയാണ്. വളരെ കേമമായിട്ടു നടത്താനാണ് തീരുമാനം. ആൺകുട്ടികൾ ഒരു നാടകം അഭിനയിക്കുന്നുണ്ട്, പ്രവേശനം പാസ്സുമൂലം നിയന്ത്രിക്കാനാണത്രേ പ്ലാൻ.

പെൺകുട്ടികൾ ഒരു ഏകാങ്കം പഠിക്കുന്നു. കൂടാതെ യോഗത്തിലേയ്ക്കുള്ള ഡാൻസുകൾ, ഗാനങ്ങൾ, ഫാഴ്സുകൾ തുടങ്ങിയവയെല്ലാം പെൺകുട്ടികൾ ഏറെറടുത്തിരിക്കയാണ്.

വാർഷികം നടത്തുന്നതിനാവശ്യമായ ചെലവിലേയ്ക്കായി സൊഡാലിററി അംഗങ്ങളിൽനിന്നും ഇരുപത്തഞ്ചു പൈസാവീതം പിരിക്കുന്നുണ്ട്, അതിൻെറ ചുമതലാഭാരം ഖജാൻജിക്കാണ്.

തോമസും ആനിസും സെക്രട്ടറിമാരായതുകൊണ്ട് പലപ്പോഴും സംസാരിക്കാറുണ്ട്. മിക്കവാറും പള്ളിയിലെ തിരുക്കർമ്മങ്ങൾ കഴിഞ്ഞ് മാഞ്ചുവട്ടിൽ വച്ചായിരിക്കും അവർ കണ്ടുമുട്ടുക.

അവർ പരസ്പരം സംസാരിക്കുന്നത് പള്ളിയിൽ വരുന്ന പലരും കണ്ടിട്ടുണ്ട്. വികാരിയച്ചൻെറ ശ്രദ്ധയിലും പെട്ടിട്ടുള്ള കാര്യമാണത്.

എന്നാൽ, ഏലിച്ചേടത്തിക്കൊരു സംശയം. അവർ കണ്ടതാണ് തോമസ് ആനിസിൻെറ കൈയ്യിൽ ഒരു ബുക്കു കൊടുക്കുന്നത്. അതിനുള്ളിൽ കത്തില്ലായിരുന്നുയെന്ന് ആർക്കു പറയാൻകഴിയും?

ഏലിച്ചേടത്തിക്കങ്ങനെ സംശയമുണ്ടാകാം. അവരുടെ മകൾ കത്തുകൾ കൈമാറി ഒരുത്തൻെറ കൂടെ ആരോടും പറയാതെ ഇറങ്ങിപ്പോയതാണ്.

തോമസും ആനിസും തമ്മിൽ സംസാരിക്കുന്നതും ചിരിക്കുന്നതും ഏലിച്ചേടത്തി പലപ്രാവശ്യം കാണുന്നു.

അന്നു രാവിലെ ആനിസ് പള്ളിയിൽപ്പോകാനിറങ്ങിയപ്പോൾ കലികയറി നിൽക്കുന്ന അപ്പച്ചനെയാണ് കണ്ടത്. ഇറയത്ത് പല്ലുകൾ ഞെരിച്ചുകൊണ്ടു വിറക്കുന്ന എസ്തപ്പാൻച്ചേട്ടനെ കണ്ടപ്പോൾ ആനിസ് വല്ലാതായി.

"കേറടീ, പുരയ്ക്കകത്ത്. നിൻെറ ഒരു പള്ളിപ്പോക്ക്. ഇതിനാ അല്ലേടി സൊഡാലിററിയാന്നും പറഞ്ഞ് നടക്കുന്നെ." ഉച്ചത്തിലുള്ള എസ്തപ്പാൻചേട്ടൻെറ സംസാരംകേട്ട് ഒറോതച്ചേടത്തി അടുക്കളയിൽ നിന്നും ഓടിവന്നു.

ആനിസ് വിങ്ങിക്കരയാൻതുടങ്ങി. അവൾക്കൊന്നും മനസ്സിലാകുന്നില്ല. അപ്പച്ചൻ ഇതുപോലെ ദേഷ്യപ്പെട്ടവൾ കണ്ടിട്ടില്ല.

"എന്താ നിങ്ങക്ക്, ഭ്രാന്തുപിടിച്ചോ?" ഒറോതച്ചേടത്തി കാര്യമറിയാൻ ചോദിച്ചു.

"ഭ്രാന്തല്ല. നീയെന്തറിഞ്ഞോണ്ടാ ഈ ചോദിക്കുന്നെ?"

"അതല്ലേ, ഞാൻ ചോദിക്കുന്നെ, എന്താ കാര്യം?"

"നിൻെറ മോള് പള്ളീപ്പോണതു് എന്തിനാന്നു് ചോദിക്ക്?"

"നിങ്ങളെന്തായീപ്പറയുന്നെ."

"അവൾക്കു തൊഴില് വേറെയാ—പ്രേമം . ?"

"ഇല്ലാത്ത വർത്താനം പറഞ്ഞാലുണ്ടല്ലോ—ആ ...."

"ഇവള് ആ തോമ്മാക്കുട്ടീയുമായിട്ട് ചിരിയും വർത്തമാനവുമാണു്."

"അപ്പച്ചാ," നിറഞ്ഞ കണ്ണുകൾ തിരുമ്മിക്കൊണ്ടു് ആനിസ് വിളിച്ചു.

"നീയിനി മിണ്ടരുതു്" എസ്തപ്പാൻചേട്ടൻ ആനിസിനു് ഉഗ്രമായ ഒരു താക്കീതു നൽകി.

"എടീ, ആ തോമ്മാക്കുട്ടി ഏതാന്നു് നിനക്കറിയാമോ? ഇന്നാള് മാർഗ്ഗംകൂടിയ ആ വറീതുമൂപ്പൻെറ മകനാ. അവനുമായിട്ടു് ഇവൾ ...."

"കുരുത്തംകെട്ട വർത്താനം പറയരുതു്. ആരാ ഇതു് നിങ്ങളോട്ട പറഞ്ഞെ?" ഒറോതച്ചേടത്തിക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല. ആനിസ് നല്ലവളാണെന്നു് അവർ ഉറച്ചു വിശ്വസിക്കുന്നു. അവളങ്ങനെയൊന്നും ചെയ്യുയില്ല.

"എന്നാ നീ ഒരു കാര്യം ചെയ്യ്. ആ വക്കീച്ചേട്ടനോട് ഒന്നു ചോദിക്ക്."

"ഏതു വക്കീച്ചേട്ടൻ?"

"നമ്മുടെ കൈക്കാരനേ"

"അയാൾക്കല്ലേലും ഞണ്ണപറയലാ തൊഴില്. പള്ളീടെ മുതല് കട്ടുതിന്നുന്നവനാ—"

"പോടി അസംബന്ധം പറയാതെ. എന്നാ, നീ വികാരിയച്ചനോട് ചോദിക്ക്. അങ്ങേരും ഇതു് കണ്ടുകൊണ്ടാ ഇരിക്കുന്നെ."

"കർത്താവേ!" ഒറോതച്ചേടത്തി നെഞ്ചത്തടിച്ചു. കാര്യം ഗൗരവമുള്ളതായിത്തീർന്നിരിക്കുന്നു.

ആനിസിൻെറ കണ്ണുകൾ ചുവന്നു കലങ്ങി. ഏങ്ങലടിച്ചവൾ വിവശയായി.

ഹൃദയത്തിൽ ഒരു വാൾ ഇറങ്ങിയതുപോലുള്ള വേദനയുണ്ടായി.

ഒരിക്കലും നിനച്ചിരിക്കാത്ത ഒരു കാര്യം! മാതാവേ! എങ്ങനെയിതു സഹിക്കും!!

എല്ലാവരും അറിഞ്ഞിരിക്കുന്നു. ഇല്ലാത്ത ഒന്നു് ഉണ്ടെന്നു് എല്ലായിടത്തും പ്രചരിച്ചിരിക്കുന്നു.

ശരിയാണു്, തോമസുമായി സംസാരിക്കുകയും ചിരിക്കുകയും ചെയ്തിട്ടുള്ളതാണു്.

അതുകൊണ്ടു്?

തോമസിൻെറ സംസാരത്തിലും പെരുമാററത്തിലും അങ്ങനെയുള്ള ചീത്ത ഭാവങ്ങളൊന്നുമില്ലായിരുന്നു. എത്ര നല്ലവനാണ് തോമസ്. കഷ്ടം! താൻ കാരണം തോമസിനും അപമാനമായിത്തീർന്നു!!


അപ്പച്ചനും അമ്മച്ചിയും അപമാനിതരായിയെന്നു് ഭാവിക്കുന്നു. ഇനിയെന്താണൊരു പരിഹാരമാർഗ്ഗം?

ആനിസിൻെറ തലചുററുന്നതുപോലെ തോന്നി. അവൾ ബോധരഹിതയായി നിലത്തു വീണു. ഒറോതച്ചേടത്തി അവളെ താങ്ങിയെടുത്തു

നാളെയാണ് വാർഷികയോഗം. കുട്ടികൾ സ്റ്റേജ്/ഹാൾ ഒരുക്കുന്ന തിരക്കിലാണ്. അലങ്കാരപ്പണികൾ ഉത്സാഹത്തോടെ ഓരോരുത്തർ ചെയ്യുന്നു.

തോമസിനാകപ്പാടെ പ്രയാസമായി. പെൺകുട്ടികൾ ആനിസില്ലാത്തകാരണം ഏകാങ്കം നടത്തുന്നില്ലായെന്നു പറഞ്ഞിരിക്കുകയാണ്. നോട്ടീസിലതു് ചേർക്കുകയും ചെയ്തു!

സുഖമില്ലാതെ ആനിസ് കിടപ്പാണ്. കട്ടിലിൽ നിന്നും എഴുന്നേൽക്കാൻപോലും തനിയേ സാദ്ധ്യമല്ല.

പള്ളിയുടെ അലങ്കാരവസ്തുക്കൾ!

മനോഹരമായ കെടാവിളക്കുകൾ, സ്പ്രിങ്ങ്ലാമ്പുകൾ, ക്രൂവറ്റ്സ് മുതലായവ എറണാകുളം ബ്രോഡ്‌വേയിലുള്ള ഞങ്ങളുടെ ഷോറൂമിൽ ലഭിക്കുന്നതാണ്. "താഹിറ" വിക്സ്റ്റൗ ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർ ചെയ്യപ്പെടുന്നു. ക്രോക്കറികളുടെ കൂടാരമായ ഞങ്ങളുടെ ഷോറൂമിലേയ്ക്കു സ്വാഗതം!

**MAHEMOOD STORES**
Broadway — ERNAKULAM
Phone: 717
*Branch:* ALUMKADAVU

ഈ വിവരമറിഞ്ഞ തോമസിനു് വലിയ മനഃപ്രയാസമുണ്ടായി. താനാണിതിനു കാരണക്കാരൻ. അവൻ ചിന്തിച്ചുപോയി.

ആനിസിനോടു് മാപ്പുചോദിക്കണമെന്നു തോന്നി. പക്ഷേ, വീട്ടിലോട്ടു ചെന്നാൽ എസ്തപ്പാൻചേട്ടൻ ഓടിക്കും. അത്രയ്ക്കു ഗൗരവത്തിലാണയാൾ.

തോമസിന്റെ മനസ്സിൽ ആശങ്കകൾ പെരുകി. പാവപ്പെട്ട ഒരു പെൺകുട്ടിക്കു വന്ന പരിതാപാവസ്ഥ ഓർത്തു് അവൻ വിഷമിച്ചു.

തന്റെ നിരപരാധിത്വം എങ്ങനെ തെളിയിക്കും?

ആനിസ് നിഷ്കളങ്കയാണ്. പക്ഷേ, അതെങ്ങനെ മററുള്ളവരെ വിശ്വസിപ്പിക്കും?

തോമസൊരു തീരുമാനത്തിലെത്തി. വികാരിയച്ചനെക്കണ്ടു് കാര്യം തുറന്നു പറയുക. അദ്ദേഹം മാത്രമേ ഇനി ഒരു സങ്കേതമുള്ളു.

ആനിസിന്റെ ആശങ്കനിലയറിഞ്ഞ വികാരിയച്ചൻ വല്ലാതെ വിഷമിച്ചു. പലരും പറഞ്ഞുകേട്ട അച്ചനും അതു നേരാണെന്നു് വിശ്വസിച്ചുപോയി! തോമസിന്റെ കണ്ണുനീരോടുകൂടിയ വാക്കുകൾ കേട്ടപ്പോൾ അച്ചനു കാര്യങ്ങൾ മനസ്സിലായി.

വേഗത്തിൽ വികാരിയച്ചനും തോമസും ആനിസിന്റെ വീട്ടിലേയ്ക്കു യാത്രയായി.

പ്രജ്ഞയററവളേപ്പോലെ കിടക്കുകയാണു് ആനിസ്. വികാരിയച്ചൻ കിടക്കയ്ക്കരികെ ചെന്നുനിന്നു. തോമസും സമീപെ നിന്നു.

എസ്തപ്പാൻച്ചേട്ടനു് കോപം വന്നെങ്കിലും വികാരിയച്ചൻ കൂടെയുള്ളതുകൊണ്ടു് തോമസിനോടൊന്നും പറഞ്ഞില്ല.

ആനിസിന്റെ നിറഞ്ഞ കണ്ണുകൾ കണ്ടപ്പോൾ തോമസിന്റെ കണ്ണുകളും നനഞ്ഞുപോയി.

വികാരിയച്ചൻ വികാരാധീനനായി. "ആനിസ്!" അച്ചൻ വിളിച്ചു. അവൾ അച്ചന്റെ മുഖത്തേയ്ക്കു നോക്കി

"മകളേ, നീ നല്ലവളാണു്. നീ ഒരു തെററും ചെയ്തിട്ടില്ല." വികാരിയച്ചന്റെ ഗദ്ഗദത്തോടുകൂടിയ വാക്കുകൾ കേട്ടപ്പോൾ ആനിസിന്റെ ശുഷ്കിച്ച മുഖത്തു് ഒരു പ്രകാശം പരന്നു. അവൾ അതിവേഗം ശ്വാസോച്ഛ്വാസം ചെയ്യുവാൻ തുടങ്ങി.

ആ നനവുള്ള രണ്ടു കണ്ണുകളെത്തന്നെ നോക്കിനിന്നു തോമസ്.

എസ്തപ്പാൻച്ചേട്ടനെ വിളിച്ചു് വികാരിയച്ചൻ എന്തോ രഹസ്യമായിപ്പറഞ്ഞു. അപ്പോൾ കണ്ണുനീരുമായി എസ്തപ്പാൻച്ചേട്ടൻ ആനിസിന്റെ കിടക്കയ്ക്കരികിൽ വന്നുനിന്നു.

ആനിസ് തെററിദ്ധരിക്കപ്പെട്ടു. അതവളുടെ കുററമാണോ?

നേരം ഇരുട്ടിത്തുടങ്ങി. ഇതുവരെ മിന്നിത്തിളങ്ങിയിരുന്ന പകലോൻ സമുദ്രത്തിന്റെ അഗാധത്തിലേയ്ക്കാണ്ടുപോയി. അതോടൊപ്പം ആനിസിന്റെ പാവനാത്മാവു് ദിവ്യപ്രഭയിലേയ്ക്കും.

ഞായറാഴ്ച ഉച്ചകഴിഞ്ഞു് രണ്ടുമണിക്കു് നടത്താൻ നിശ്ചയിച്ചിരുന്ന വാർഷികയോഗം മാററിവയ്ക്കപ്പെട്ടു.

പള്ളിയിലെ മണി ഒററയും പെട്ടയുമായി മുഴങ്ങി.......

നീല വസ്ത്രങ്ങളാൽ അലംകൃതമായ പതിനാറു വയസ്സു പ്രായമുള്ള ഒരു പെൺകുട്ടിയുടെ ശവമഞ്ചം പള്ളിമുററത്തുകൂടി സിമിത്തേരിയിലേയ്ക്കു നീങ്ങി.

സൊഡാലിററിക്കുട്ടികളുടേയും ജനങ്ങളുടേയും പ്രാർത്ഥനാരവം ഉയർന്നുകൊണ്ടിരുന്നു.

പടർന്നു പന്തലിച്ചു നില്ക്കുന്ന, പള്ളിമുററത്തെ പേരയ്ക്കാമാവിന്റെ ചുവട്ടിൽ കണ്ണുനീരൊഴുക്കിക്കൊണ്ടു് ഒരു സ്ത്രീ വിലപിക്കുന്നുണ്ടായിരുന്നു.

★

കഞ്ഞികുടി പകുതിയാക്കി നിറുത്തിയ മകനോടു് അമ്മ: "എന്തേ മോനെ, കഞ്ഞികുടിക്കാഞ്ഞേ?"

"ഒരു മുങ്ങിമരണം നടന്നിരിക്കുന്നു."

"എവിടെയാടാ, ആരാ? വല്ല കടലാസിലും കണ്ടതാണോ?"

"കടലാസിലല്ല; കഞ്ഞിയിലാണ്. ആളു് പാററച്ചേട്ടൻ!"

*For favours received*





P. M. RITHA

# Spiritual Direction

The Sodality is essentially a school of the interior and apostolic life of the Christian. To speak of a "school" implies instruction, a teacher and a pupil, and relationships between the teacher and the pupil. The teacher instructs, and the pupil both listens and responds. This can be carried out in many ways. Normally it is done through the medium of classes and courses in practical techniques. This is in the sodality. Regular meetings of the whole Sodality are held, and the academies and sections also have their own meetings. Paralleling the formal courses in which the teacher addresses all the Sodalists at one time, the more informal, friendly, and confidential relationships are to be found. Anyone who has the least experience with people, especially with young people, knows how valuable these relationships are for the formation of a soul. This is even more true when the object of the science or art being taught affects the innermost spheres of life.

This is why we must reckon the Director's personal and individual contacts which he should have with his Sodalists as among his most pressing functions. In proportion as he acquires, in the course of time, experience and influence, these relationships will take up more and more of the priest's time, and even become his life. He should not be sparing of his time or life because this is not time lost. But precisely because every minute of a priest Director's life is consecrated, especially those minutes devoted to personal interviews with his Sodalists., he must be very careful not to waste them, but rather to use them in the holiest and most fruitful way possible.

— REV. EMILE VILLARET S. J.





# സ്വർഗ്ഗവും നരകവും ഉണ്ടാകുന്നു

(പൈങ്കിളിയെ പൈങ്കിളിയെ....പോലെ)

★

ദൈവംതാൻ ഭൂമിയിലി_
ന്നുള്ളവയെല്ലാം ഉണ്ടാക്കി,
അവിടത്തെ കുമ്പിടുവാൻ
ദൂതഗണങ്ങളെ ഉരുവാക്കി,
അങ്ങവരെ നല്ലവരായ്
നിർമ്മലരാക്കി നിർമ്മിച്ചു,
തന്നോടൊന്നിച്ചവരെല്ലാം
എന്നും വാഴാനാശിച്ചു.
അവരിൽത്തന്നെ ചിലരപ്പോൾ
അവനെതിരായി ചിന്തിച്ചു.

അനുസരണക്കേടാലപ്പോൾ
അവരെ മഹേശൻ ശിക്ഷിച്ചു.
ദൈവത്തിന്റെ കല്പനയെ
വിണ്ണിൻദൂതരെതിർത്തപ്പോൾ
സർവ്വേശൻതാൻ അതുമൂലം
വല്ലാതെററം ഖേദിച്ചു.
(ദൈവത്തിന്നാജ്ഞകൾ നാം
ലംഘിച്ചാൽ പാപംതാൻ
പാപങ്ങൾ ദൈവത്തെ
വേദനയിൽ ആഴ്ത്തീടും.)

ദുഷ്ടാരൂപികൾ ദൈവത്തി_
ന്നിഷ്ടക്കേടു നിനച്ചപ്പോൾ
കോപിച്ചാത്താതൻതാൻ
ശിക്ഷിച്ചാക്കി നരകത്തിൽ.
ദുഷ്ടാരൂപി പിശാചായി
ഇഷ്ടം താതനെഴാതായി.
സാത്താനെ നിത്യാഗ്നി_
ക്കുള്ളിൽത്തള്ളി സർവ്വേശൻ.
അവരിന്നും അവിടെത്താൻ,
നരകം കാരാഗൃഹവുംതാൻ.

നല്ലോരെ വാനോരായ്
സ്വർഗ്ഗം തന്നിലുയർത്തി താൻ.
(ദൈവത്തിൻ ഭവനത്തെ
സ്വർഗ്ഗം എന്നു വിളിക്കുന്നു.)
മാലാഖാ ദൈവത്തോ-
ടൊന്നിച്ചങ്ങു വസിക്കുന്നു.
പുണ്യത്തിൻ സമ്മാനം
സ്വർഗ്ഗമതാണെന്നോർക്കേണം.
പുണ്യം ചെയ്തു സ്വർഗ്ഗത്തിൽ
ചെന്നു വസിക്കാൻ നോക്കേണം.

— വർഗ്ഗീസ് മാളിയേക്കൽ.




# IX. പൂന്തോട്ടത്തിൽ കുറേ കണ്ണുനീർ

— മണിമല —

[കഥാതന്തു:– അപ്പനില്ലാതെ വളർന്നവനാണ് മത്തായിച്ചൻ. അമ്മയുടെ വാത്സല്യാതിരേകം അവനെ ഒരു താന്തോന്നിയാക്കി. ചീട്ടുകളിയും മദ്യപാനവും അവൻ തൊഴിലാക്കി. റാക്കറപ്പായിയാണു പിരിയാത്ത കൂട്ടുകാരൻ. ചീട്ടുകളിയെത്തുടർന്ന് മത്തായിയുടെ വീട്ടിൽവച്ചു റാക്കറപ്പായി ഒരു കൊല നടത്തി. പോലീസുകാരെ ഭയന്ന് അവർ സ്ഥലം വിട്ടു. മത്തായിച്ചന്റെ അമ്മ ക്ലാരച്ചേടത്തി കൊലക്കുററം സ്വയം ഏററു. അവർ അറസ്റ്റു ചെയ്യപ്പെട്ടു.

മത്തായിച്ചനും റാക്കറപ്പായിയും നാടുവിട്ടു. അങ്ങു ദൂരെ മലനാട്ടിൽ ചിന്നമ്മ എന്നൊരു കൃഷിക്കുമാരി അവരെ വേലയ്ക്കു നിറുത്തി. ആ മടിയന്മാരെക്കൊണ്ട് അവൾ നന്നായി പണിയെടുപ്പിച്ചു. അദ്ധ്വാനവും അടിമത്തവുംമൂലം മടുത്ത അവർ അവിടെനിന്നു യാത്രപറഞ്ഞു. നന്നായിട്ടൊന്നു കുടിക്കുവാൻ അവർ ഒരു റാക്കുചാരായകേന്ദ്രത്തിൽ ചെന്നുപററി. ആ സ്വകാര്യസ്ഥാപനത്തിന്റെ ഉടമസ്ഥർ റാക്കുകുപ്പികൾ ചുമപ്പിച്ചുകൊണ്ട് അവരെ 'ഹെഡ്ഡങ്ങത്ത'യുടെ വീട്ടിൽ കൊണ്ടുചെന്നു. അങ്ങനെ ഒരു പുതിയ ജോലി കൊടുത്തു. ലോക്കപ്പുമുറിയിൽക്കിടന്ന രണ്ടു ശവങ്ങൾ അർദ്ധരാത്രിക്കു വനത്തിൽ കൊണ്ടുപോയി കെട്ടിത്തൂക്കുക. മത്തായിച്ചൻ ചുമന്നതു് ഒരിരുപതുകാരിയുടെ മൃതദേഹമാണ്. അവന്റെ മനുഷ്യത്വമുണർന്നു. ഉള്ളൊന്നു പിടഞ്ഞു; *ഇനി വായിക്കുക.*]

ഒരു പുതിയ ലോകത്തിലായി മത്തായിച്ചൻ. ഹെഡ്ഡങ്ങത്തെയുടെ വീട്; അവിടെ പ്രത്യേകതകളുടെ ഒരു കൂമ്പാരമുണ്ട്. അങ്ങത്തെ മിക്കവാറും വീട്ടിൽ കാണുകയില്ല. ഭാര്യയും ഒരു വേലക്കാരിയുമുണ്ട്. കുട്ടികളാരുമില്ല.

അങ്ങത്തെയുടെ ഭാര്യ ഒരു തടിച്ചിയാണെന്നു പറഞ്ഞാൽപ്പോരാ. അത്രയും തടിയുള്ള സ്ത്രീകളെ മത്തായിച്ചൻ കണ്ടിട്ടില്ല. ഒരു സാധാരണ വാതില്ക്കൽ അവർ നിന്നാൽ മററാരാൾക്ക് അതിലെ കടന്നുപോകാൻ സാദ്ധ്യമല്ല. അംബാസിഡർ കാറിന്റെ പിൻസീററിൽ അവൾക്ക് ഒററയ്ക്കേ ഇരിക്കാനാവൂ.

ആ സ്ത്രീ കറുത്തതുമല്ല, വെളുത്തതുമല്ല. അവരുടെമുഖത്തിന് ഒരു വട്ടത്തേങ്ങായുടെ ആകൃതിയാണ്. ആർത്തിയേറിയ കണ്ണുകൾ, വാചാലമായ നാവ്. കുറുകി ഭുജങ്ങളിൽ പതിഞ്ഞു വീണിരിക്കുന്ന കഴുത്ത്. ഇതൊക്കെയാണവരുടെ സൗന്ദര്യ വിലാസങ്ങൾ.

ചെമന്ന സാററിൻ പാവാടയും നൈലോൺ സാരിയുമാണവർ ധരിക്കുക. വട്ടക്കഴുത്തുള്ള ഇറക്കം കുറഞ്ഞ ബ്ളൗസും.

മത്തായിച്ചൻ അവിടത്തെ പുതിയ വേലക്കാരനായി നിയമിക്കപ്പെട്ടിരിക്കുന്നു. പശുവിനെ കറക്കുക, വെള്ളം കോരുക, വിറകു വെട്ടുക മുതലായവയാണവന്റെ ജോലി.

ഒരു യന്ത്രംപോലെ അവൻ എല്ലാം ചെയ്യുന്നു. വീട്ടിൽ അല്ലലൊന്നുമറിയാതെ നടന്ന ഒരു ചെറുപ്പക്കാരന്റെ ദുർഭാഗ്യം! ഇത്രനാളും ഒരു പെണ്ണിന്റെ അടിമത്തത്തിൽ അവൻ വീർപ്പുമുട്ടിക്കഴിഞ്ഞിരുന്നു. അവിടെ നിന്ന് ഒന്നു രക്ഷപ്പെടുവാനാണ് ശ്രമിച്ചത്. ആ ശ്രമം അവനെ ഒരു പെൺ കടുവായുടെ മുമ്പിലേയ്ക്കു തള്ളിയിട്ടിരിക്കുന്നു. ആ പുതിയ 'കൊച്ചമ്മ'യുടെ പെരുമാററം ഇനി എന്തൊക്കെയായിരിക്കുമോ?

"മത്തായി, കുളിമുറിയിൽ വെള്ളം കോരിയിട്". വൈകിട്ട് കൊച്ചമ്മ ആജ്ഞാപിച്ചു. അവൻ അനുസരിച്ചു. സോപ്പും തോർത്തുമെടുത്തുകൊണ്ട് അവർ കുളിമുറിയിലേയ്ക്കു ചെന്നു.

"അന്നേ! കറിയൊക്കെ വേഗം താളിച്ചുവയ്ക്ക്." കുളിമുറിയിൽനിന്നു വേലക്കാരിക്കുള്ള കല്പനയും പുറപ്പെട്ടു.

"മത്തായി"

"എന്താ"

"വെള്ളം ചൂടാക്കിയില്ലേ?"

"ഇല്ല."

"അതെന്താടാ കഴുതെ?"

"കൊച്ചമ്മ പറഞ്ഞില്ലായിരുന്നല്ലോ."

"എടാ മനുഷ്യനായാൽ ബുദ്ധി വേണം; ബുദ്ധി. കണ്ട കൂളിപ്പെണ്ണുങ്ങളെപ്പോലെ ഞാൻ പച്ചവെള്ളത്തിൽക്കുളിക്കേലെന്നറിഞ്ഞുകൂടെ?" മത്തായിച്ചനുത്തരം മുട്ടി. അപരാധിയേപ്പോലെ അവൻ കിണററുവക്കിലിരുന്നു.

"വേഗം വെള്ളം ചൂടാക്കിത്തരു." പിന്നെയും കല്പന.

മറെറാരു ദുർഘടംകൂടെ. കൊച്ചമ്മ കുളിമുറിയിലാണ്. അവർ പുറത്തിറങ്ങാതെ അവൻ എങ്ങനെ വെള്ളം ചൂടാക്കും.

"കൊച്ചമ്മ ഇങ്ങോട്ടിറങ്ങിയിരുന്നെങ്കിൽ?" വിറകുമായി വാതില്ക്കൽച്ചെന്നു നിന്ന് മത്തായിച്ചൻ പറഞ്ഞു. വാതിൽ പകുതി തുറന്നിട്ടിരിക്കയാണ്.

"നിനക്കെന്നാ പേടിയാണോ? ഇങ്ങോട്ടു കയറിവാ." കൊച്ചമ്മ കുളിമുണ്ടുമുടുത്ത് നില്ക്കുകയാണ്. അവൾക്കു പുറത്തേയ്ക്കു വരാൻ സാദ്ധ്യമല്ല.

മത്തായിച്ചൻ വിറകുമായി അകത്തു കടന്നു വെള്ളം ചൂടാക്കിയിട്ട് അതിവേഗം പുറത്തേയ്ക്കു പോയി.

"മത്തായീ" പിന്നെയും വിളി.

"എന്തോ?"

"ആ ചന്ദ്രിക സോപ്പെടുത്തു തരാൻ അന്നയോടു പറ."

സോപ്പുമായി കുളിമുറിയിലേയ്ക്കു ചെന്നത് അന്നയാണ്. അതു കൊച്ചമ്മയ്ക്കു രസിച്ചില്ല.

"നിന്നെ വല്ലോരും വിളിച്ചോടി ഇങ്ങോട്ട്"

"മത്തായിച്ചൻ പറഞ്ഞു സോപ്പു കൊണ്ടുതരാൻ"

"ഞാൻ പറയുന്നതോ അവൻ പറയുന്നതോ നീ കേൾക്കുന്നത്!"

"കൊച്ചമ്മ പറയുന്നത്."

"പൊയ്ക്കോ വേഗം."

കൊച്ചമ്മ അന്നയെ വഴക്കു പറഞ്ഞതെന്തിനാണെന്നു മത്തായിച്ചനു തീരെ മനസ്സിലായില്ല.

രാത്രി വളരെ ഇരുട്ടിയിട്ടും ഹെഡ്ഡുങ്ങുന്നു വന്നില്ല. കൊച്ചമ്മ ഉറക്കറയിൽ പ്രവേശിച്ചു.

"മത്തായീ"

"എന്തോ."

"ഇങ്ങോട്ടു വരൂ."

അവൻ വാതിൽയവനിക പൊന്തിച്ച് അകത്തേയ്ക്കു ചെന്നു.

"ഈ കിടക്കവിരി മാറിയിടൂ"

ആ നിർദ്ദേശമനുസരിച്ച് അവൻ ചെയ്തു.

"തലയണയുറകൂടെ"

അതും ചെയ്തു. പിന്നേയും പുതിയ കല്പന പുറപ്പെടുകയാണ്.

ആ തെർമോഫ്ളാസ്കിൽ കുറച്ചു പാൽ കൊണ്ടുവന്നു വയ്ക്കൂ."

മത്തായിച്ചൻ ഫ്ളാസ്കുമായി അടുക്കളയിലേക്കു ചെന്നു. അന്ന പാൽ കാച്ചുകയാണ്.

"അന്നേ പാൽ കൊണ്ടുപോയിക്കൊടുക്ക്." അവൻ കൊച്ചമ്മയുടെ കല്പന കൈമാറി.

"വേണ്ട വേണ്ടാ" അന്ന പറഞ്ഞു. "എന്നെ കൊച്ചമ്മയ്ക്കു കണ്ണിൽ പിടിക്കത്തില്ല. മത്തായിച്ചൻ തന്നെ കൊണ്ടുപോ."

തേർമ്മോഫ്ളാസ്കുമായി മത്തായി വീണ്ടും ചെന്നപ്പോൾ കൊച്ചമ്മ മെത്തയിൽ നീണ്ടുനിവന്നു കിടക്കുകയാണ്.

"ഇതെന്താരുന്നെടാ ഇത്ര താമസം; നീ അന്നയുമായി കിന്നാരം പറഞ്ഞിരിക്കയായിരുന്നോ?" അവൻ തീരെ പ്രതീക്ഷിക്കാത്ത ഒരു ചോദ്യം.

"അല്ല."

"ആ വിശറി ഇങ്ങെടുത്തേര്."

ചുവരിൽ തൂക്കിയിട്ടിരുന്ന വിശറി അവൻ എടുത്തു നീട്ടി.

"ഒന്നു വീശ്."

ചെയ്യാതൊക്കില്ല; അവൻ അവിടത്തെ വേലക്കാരനാണ്. എന്തു പറഞ്ഞാലും അനുസരിച്ചേതീരൂ.

മത്തായിയുടെ കൈയിലിരുന്ന വിശറി ചലിച്ചു. അതിലും വേഗത്തിൽ അവൻെറ അന്തരംഗവും.

കൊച്ചമ്മ തിരിഞ്ഞും മറിഞ്ഞും കിടന്നു. വല്ലാത്ത ഉഷ്ണം! അവൾക്കുറക്കം വരുന്നില്ല. എവിടെയെങ്കിലും ഒന്നു തല ചായിച്ചാൽമതി, മത്തായിച്ചനുറങ്ങാൻ. അവനു പട്ടുമെത്തയും പൂത്തലയണയും വേണ്ടാ.

വിശറി ഒന്നുരണ്ടു തവണ കൊച്ചമ്മയുടെ ദേഹത്തു മുട്ടി. അവർ വഴക്കുപറയുമെന്നു മത്തായിച്ചൻ പേടിച്ചു. പക്ഷെ ഒന്നും പറഞ്ഞില്ല. അവൻ കുറേക്കൂടെ ജാഗ്രതയോടെ നിന്നു വീശി.

സമയം ഇഴഞ്ഞാണു നീങ്ങിയത്. കൊച്ചമ്മ ഉറങ്ങിയെന്നു തോന്നി. മത്തായിച്ചൻ ഒച്ചയുണ്ടാക്കാതെ ആ മുറിയിൽനിന്നു പുറത്തേയ്ക്കു പോയി. പടിഞ്ഞാറുവശത്തെ ചായിപ്പിൽ അവൻ ഒരു തഴപ്പായ നിവർത്തിട്ടു കിടന്നു.

*      *      *      *      *

പേടിപ്പെടുത്തുന്ന ഓർമ്മകൾ ഹൃദയം കുത്തിത്തുളയ്ക്കുകയാണ്. ആ പെൺകൊടി. അവൾ എന്തു


കല്യാണാവശ്യങ്ങൾക്കുള്ള

പെട്ടി, ചെരിപ്പ് മുതലായവയ്ക്ക്

Phone No. 987.

C. R. JOSEPH

LEATHER MERCHANT

Round, TRICHUR.

തെററു ചെയ്തു! അവളെ എന്തിനാണു താൻ ഒരു മരക്കൊമ്പിൽ കെട്ടിത്തൂക്കിയതു്? ഹോ! എത്ര ഭയങ്കര നിമിഷങ്ങൾ. ഉറക്കത്തിൻെറ പാളയത്തിലേയ്ക്കു് അവൻ പിന്തിരിയാതെ ഓടിനോക്കി. പക്ഷെ അവൾ വാതില്ക്കൽ നിന്നു പിടിച്ചു തള്ളുകയാണു്. ഉഗ്രമായ പൊട്ടിച്ചിരി! അതിനിടയിൽ ദയനീയമായ തേങ്ങിക്കരച്ചിലും....

"അയ്യോ കൊല്ലരുതേ! കൊല്ലരുതേ! ഒരു പാവപ്പെട്ട പെണ്ണിനെക്കൊന്നാലെന്തു കിട്ടും. പറ! എൻെറ മുഖത്തു നോക്കിപ്പറ! എന്നെ കൊല്ലാതിരിക്കു. എന്തു വേണമെങ്കിലും തരാം. ഞാൻ നിൻെറ കുഞ്ഞനിയത്തിയല്ലേ? എന്നെ നോവിക്കാനെങ്ങിനെ തോന്നും? അനിയത്തിയുടെ കഴുത്തു ഞെക്കുന്ന ചേട്ടനുണ്ടോ? ഹാ...." ആ ശബ്ദപരമ്പര കർണ്ണങ്ങളിൽ അലയടിക്കുകയാണു്. അവളുടെ സ്വരം! ഇന്നലെ കെട്ടിത്തൂക്കിയ ആ പെണ്ണിൻെറ സ്വരം! അവൾ എത്ര മനോഹരിയായിരിക്കുന്നു. ഇടതൂർന്ന ആ ചുരുൾമുടിയിൽ ഒന്നു കൈയോടിക്കാൻ തോന്നുന്നു. ആ മൃദുലാധരങ്ങളിൽ വിരിയുന്ന പുഞ്ചിരി ഒന്നൊപ്പിയെടുത്താലോ ...ഹോ അവൾ കരയുകയാണു്. ദീനദീനമായ കരച്ചിൽ! .. അതാ കണ്ണീർത്തുള്ളികൾ അടർന്നടർന്നു വീഴുന്നു. തൻെറ നാവിലല്ലേ അവ വീഴുക? ഹോ എന്തൊരു ചൂടു്. ഒരു പാവപ്പെട്ട പെണ്ണിൻെറ കണ്ണീർക്കണങ്ങൾ നുണഞ്ഞിറക്കുകയോ? ...ലജ്ജയില്ലാത്ത നായേ .......

ഇല്ലില്ല. അതാ അവൾ നൃത്തം വയ്ക്കുന്നു! പട്ടുടയാടകൾ! തങ്കച്ചിലങ്കകൾ.... അടിവച്ചടിവച്ചടുത്തു വരികയാണു് ആ യുവതി. അവളുടെ കൈയിലെന്താണു്? ഒരു പൂത്താലം! അതു നിറയെ പൂക്കളാണു്. സൗരഭ്യം തങ്ങിനില്ക്കുന്ന നറുംപ്രസൂനങ്ങൾ. അതാ അവൾ അതു തൻെറ നേർക്കു വച്ചുനീട്ടുന്നു. അതേററു വാങ്ങുകയല്ലേ? അവൻ കൈനീട്ടി........

എന്തു് ആ പൂത്താലത്തിൽ മിന്നിത്തിളങ്ങുന്നതു വെൺമുത്തുകളോ? അല്ല, കണ്ണീർത്തുള്ളികൾ. ഉരുകിയൊലിക്കാത്ത കനംപിടിച്ച കണ്ണീർത്തുള്ളികൾ. നൃത്തം വയ്ക്കുന്ന ആ പെണ്ണു് എന്തിനതിൽ കണ്ണീർപൊഴിച്ചു? മത്തായിച്ചനു് ഒന്നു വെട്ടിവിളിച്ചു കരയണം. അല്ലെങ്കിൽ ആ ഹൃദയം പൊട്ടിപ്പോകും. ഹയ്യോ ...

*   *   *   *   *

ഒരു ഞെട്ടലോടുകൂടി അവൻ ഉണർന്നു. ഭ്രാന്തു്! ഭ്രാന്തു്! എല്ലാം ഭ്രാന്താണു്. ആ സ്വപ്നം ചിറകടിച്ചു് പറന്നകലുന്നു. എന്നിട്ടും ആ ചിറകടി കേൾക്കാം. എന്തൊരു ഭീകരമായ ഒച്ച! .. അവൻ ഇരുളിൻെറ ഹൃദയത്തിലേയ്ക്കു തുറിച്ചു നോക്കി.

പൂമുഖത്താരോ സംസാരിക്കുന്നു. 'അങ്ങത്തെ'യാണു്. അദ്ദേഹത്തിനുറക്കമില്ലേ? മററതു് ഒരു സ്ത്രീയുടെ സ്വരമാണു്. മത്തായിച്ചൻ പതുക്കെ എഴുന്നേററു കതകിൻെറ വിടവിലൂടെ നോക്കി. ചിന്നമ്മ! അവൾ കസേരയിലാണിരിക്കുന്നതു്. 'അങ്ങത്തെ' സെററിയിലും.

നേരം പുലർച്ചയായില്ല. അവിടെയുമിവിടെയും പൂവൻകോഴികൾ നീട്ടിക്കൂവുന്നു. പുലരിപ്പെണ്ണിൻെറ എഴുന്നള്ളത്തിനുള്ള കാഹളധ്വനികൾ!

എന്തിനാണു ചിന്നമ്മ രാത്രിയിൽ അവിടെ വന്നതു്? ആ തിന്നുന്ന കടുവായുടെ മുമ്പിൽ! അവൾ തനിച്ചേയുള്ളൂ. ആരെയും പേടിയില്ലാത്ത തൻേറടക്കാരി! അവളുടെ ചങ്കുററം കുറെ ഭയങ്കരമാണു്.

അടക്കിപ്പിടിച്ചുള്ള ആ സംസാരം മത്തായിച്ചൻ ശ്രദ്ധിച്ചു.

"ചിന്നമ്മ തെററിദ്ധരിക്കരുതു്" അങ്ങത്ത പറഞ്ഞു. "ഞങ്ങൾക്കാർക്കും ഒരു മനസ്സറിവുമില്ല."

"നിങ്ങളറിയാതെ അവൾക്കൊന്നും സംഭവിച്ചിട്ടില്ല. തന്നെത്താൻ കെട്ടിത്തൂങ്ങാൻമാത്രം ഭീരുവല്ല എൻെറ അനിയത്തി."

"അവളെ ഇവിടെ അറസ്റ്റു ചെയ്തു കൊണ്ടുവന്നു. ചിന്നമ്മയുടെ അനിയത്തിയാണെന്നു ഞാൻ ഏമാനോടു പറഞ്ഞു. അപ്പോഴേ വിട്ടയയ്ക്കുകയും ചെയ്തു. അതാണു പരമാർത്ഥം".

"നിങ്ങൾക്കു നാണമുണ്ടാരുന്നോ ഒരു പെണ്ണിനെ അറസ്റ്റു ചെയ്യാൻ?"

"അതോ, അതുപറയാം." അങ്ങത്തെ അല്പംകൂടെ അടുത്തിരുന്നു. "വനം കൈയേറിയ കുടിതാമസക്കാരൊക്കെ ഇറങ്ങിക്കോണമെന്നു പറഞ്ഞു് ആറുമാസം മുമ്പു നോട്ടീസു കൊടുത്തതാ. എന്നാലും നീക്കപോക്കുണ്ടായിരുന്നു. അവളോടു ഇങ്ങോട്ടൊന്നു വരാൻ ഞങ്ങൾ പറഞ്ഞയച്ചു. എന്നിട്ടു് ആ കേമി ചെയ്തതെന്താണെന്നറിയാമോ? ഏമാൻ അവളെ മാനഭംഗപ്പെടുത്താൻ ചെന്നെന്നു പറഞ്ഞു് ഐ. ജി.-ക്കു പെററീഷനയച്ചുകളഞ്ഞു. അതൊന്നു ചോദിക്കാനാ വിളിച്ചോണ്ടുവന്നതു്. കൂടെ അവടെ അമ്മായപ്പനുമുണ്ടായിരുന്നു. എണീക്കാൻ വയ്യാത്ത ഒരു കെളവൻ. ഞങ്ങളപ്പോഴേ പറഞ്ഞുവിട്ടു. രണ്ടുംകൂടെച്ചെന്നു കുരുത്തക്കേടു കാണിക്കുമെന്നു വല്ലേരും വിചാരിച്ചോ?"

"അങ്ങത്തേ! കേസു ഗുലുമാലിൽ വന്നേക്കും, അവളുടെ ഭർത്താവു് ഒരു ജവാനാ കേട്ടോ."

"ജവാന്മാർക്കു പ്രത്യേകം സ്ഥലംകൊടുക്കാമെന്നു ഞങ്ങൾ പറഞ്ഞതല്ലേ? അന്നേരം അവർക്കു് അവിടെ നിന്നു സമരിച്ചേ ഒക്കൂ. മനുഷ്യരായാൽ അവനവൻെറ കാര്യം നോക്കാൻകൂടെ പഠിക്കണം ചിന്നമ്മേ."

"ചോദിക്കാനാളില്ലെന്നുവച്ചു് എന്തും ചെയ്യരുതങ്ങത്തെ." ഹെഡ്ഡങ്ങത്തയുടെ ഗൗരവമോ 'മൂന്നാംകണ്ണി'ൻെറ ഭീകരതയോ ഗൗനിക്കാതെ ചിന്നമ്മ തുടർന്നു. "കാടു് വെട്ടിത്തെളിച്ചു വിളഭൂമിയാക്കിയതാണോ പാവപ്പെട്ട കൃഷിക്കാർ ചെയ്ത തെററു്. നിങ്ങൾ അവരുടെ വീടുകൾക്കു തീ വച്ചില്ലേ? സ്ത്രീകളേയും കുഞ്ഞുങ്ങളേയും തല്ലിച്ചതച്ചില്ലേ? നിങ്ങൾ, ഈ കാക്കിയുടുപ്പുകാ

ക്കു് അമ്മമാരില്ലേ? സഹോദരിമാരില്ലേ? കണ്ണിൽ ചോരയില്ലാത്ത കൂട്ടർ."

"ഛേ! പതുക്കെപ്പറ ചിന്നമ്മേ, നമ്മുടെ വീട്ടുകാരിയെങ്ങാനും കേട്ടാൽ മോശമല്ലേ?"

"ഇല്ലില്ല; ഞാൻ ഇതുറക്കെപ്പറയാൻതന്നെ നിശ്ചയിച്ചിരിക്കയാണു്; നിങ്ങൾ എന്റെ അനിയത്തിയെ വകവരുത്തി. ഇവിടെവന്നു നെഞ്ഞത്തലച്ചു കരഞ്ഞാൽ കണ്ണു തുറക്കുന്ന കൂട്ടരല്ല നിങ്ങൾ. പകരംചോദിക്കാൻതന്നെ ഞാൻ തീരുമാനിച്ചിരിക്കുന്നു."

"പാവംപെണ്ണു്. അവൾ മരിച്ചതിൽ ഞങ്ങൾക്കും ഖേദമുണ്ടു ചിന്നമ്മേ." അല്പംപോലും കോപാകുലനാകാതെയാണു് അങ്ങത്തയുടെ സംസാരം. "ചിന്നമ്മയുടെ പത്തിലൊന്നു മനക്കരുത്തു് അവൾക്കുണ്ടായിരുന്നെങ്കിൽ ഇതൊന്നും വരത്തില്ലായിരുന്നു. ഞാൻ പലതവണ പറഞ്ഞതാ കുടിയിറക്കുദിവസം ഏമാനും മററും അവരുടെ വീട്ടിൽ ഒരു പാർട്ടി ഒരുക്കാൻ; എന്നിട്ടവൾ ചെയ്തില്ല."

"എന്നുവച്ചു നിങ്ങൾക്കു് അവളെ തുലയ്ക്കാം അല്ലേ?" ചിന്നമ്മയുടെ സ്വരം തെല്ലൊന്നു ചിലമ്പി. എങ്കിലും വികാരം അവളെ കീഴടക്കിയില്ല. "ഞാൻ ഒന്നു ചോദിക്കട്ടെ അങ്ങത്തെ, ഈ കുടിയേററക്കാർ ചെയ്ത തെറെറന്താണു്?"

"അവർ സർക്കാർഭൂമി അനധികൃതമായി കൈയ്യേറി."

"മനുഷ്യർ ഭൂമിയിലല്ലാതെ അന്തരീക്ഷത്തിൽ വീടുവച്ചു താമസിക്കാനൊക്കുമോ?"

"എവിടെ താമസിച്ചാലും വേണ്ടില്ല; സർക്കാർ ഭൂമിയിൽ അതു സാദ്ധ്യമല്ല."

"ഈ സർക്കാരെന്നു പറയുന്നതു ജനങ്ങളുമായി ഒരു ബന്ധവുമില്ലാത്ത ഇരുമ്പുലക്കയാണോ?"

"അതൊന്നും ഞങ്ങൾക്കറിയണ്ടാ. കൈയ്യേററം ഞങ്ങൾ അനുവദിക്കില്ല."

"പാവങ്ങളിൽനിന്നു കോഴവാങ്ങിക്കൊണ്ടു് ആ കൈയ്യേററത്തിനു നിങ്ങൾ കൂട്ടുനിന്നിട്ടില്ലേ?" രാഷ്ട്രീയ നേതാക്കളെപ്പോലെ ആവേശംകൊണ്ടില്ലെങ്കിലും അവളുടെ ശബ്ദം അടിക്കടി ഗംഭീരമാവുകയായിരുന്നു. രാത്രിയുടെ അന്ത്യയാമത്തിൽ ഏകാകിനിയായ ഒരബല അധികാരമുള്ള ഒരു പോലീസുദ്യോഗസ്ഥനെ ഭയപ്പെടുത്തുന്നുവെന്നോ?

മത്തായിച്ചനു ചിന്നമ്മയോടു തോന്നിയിരുന്ന വെറുപ്പു് കുറഞ്ഞുവരുന്നു. എന്നാലും അവൻ അവിടെയുണ്ടെന്നു് അവൾ അറിഞ്ഞുകൂടാ. അവൻ ഒരു കുററപ്പുള്ളിയാണെന്നു് എങ്ങനെയോ അവൾ ധരിച്ചുവച്ചിട്ടുണ്ടു്.

"കേറിക്കേറി മുറത്തിൽക്കയറിക്കൊത്തുകയാണല്ലോ പെണ്ണു്." പാതി കളിയും പാതി കാര്യവുമെന്ന മട്ടിൽ അങ്ങത്ത പറഞ്ഞു.

പെണ്ണോ? ഏതുപെണ്ണു്? തനിക്കെന്നെ പെണ്ണെന്നു വിളിക്കാനുള്ള അധികാരം?" ചിന്നമ്മ രോഷാകുലയായി.

അകത്തെ മുറിയിൽനിന്നു കൊച്ചമ്മയുടെ കോട്ടുവായിടൽ കേട്ടു. നാശം? അവർ ഉണരുകയാണു്. ഇനി തൊട്ടതിനെല്ലാം മത്തായിയെ വിളിച്ചുതുടങ്ങും. അതിനുമുമ്പു് എങ്ങാട്ടെങ്കിലും ഇറങ്ങിപ്പോയാലോ? അതും പാടില്ല. ചിന്നമ്മയെങ്ങാനും കണ്ടുമുട്ടിയാൽ...?

"മത്തായി........" കൊച്ചമ്മയുടെ അലാറം ശബ്ദിച്ചുകഴിഞ്ഞു.

മത്തായി പല്ലുകടിച്ചിരുന്നുപോയി. ആ പെൺപിറന്നവൾക്കു വേലക്കാരിപ്പെണ്ണിനെ വിളിച്ചുകൂടെ?

"എടാ മത്തായി ....." പിന്നെയും വിളിതന്നെ.

ചിന്നമ്മ അതു കേൾക്കുമോ? ഇല്ല. അവൾ അങ്ങത്തെയുമായി വാഗ്വാദത്തിലേർപ്പെട്ടിരിക്കുകയാണു്. അല്ലെങ്കിൽത്തന്നെ നാട്ടിൽ മത്തായി ഒന്നല്ലല്ലോ.


**അടുത്ത ലക്കത്തിൽ:**

**'ഇരുമ്പു ചക്കും കരിമ്പിൻ തുണ്ടും'**

**കഥ തുടരുന്നു.**



We are happy to announce to Our Patrons, Our opening of a Dyeing Section for restoring Original Look to worn-out portions of your garments like Pants, Shirts, Sarees and Blouses Etc.

**SNOW WHITE**

DRY CLEANERS & DYERS

NEAR NADUVILAL - TRICHUR.

# രാജകീയപൗരോഹിത്യം

— മോൺ. പോൾ കാക്കശ്ശേരി പിഎച്ച്.ഡി., ഡി. ഡി. —

## II

പൗരോഹിത്യത്തിന്റെ പരമലക്ഷ്യവും പ്രധാന കർത്തവ്യവും ബലിയർപ്പണമാണല്ലോ. ക്രിസ്തുവിന്റെ ഐഹികജീവിതം സമാപിച്ചതു കാൽവരിമലയിലെ കുരിശിൽ ആത്മാർപ്പണം ചെയ്തുകൊണ്ടാണ്. മഹാനായ ബോസ്വെ പറയുന്നു: 'പ്രപഞ്ചത്തിൽ ക്രിസ്തുവിനേക്കാൾ വലുതായിട്ടൊന്നുമില്ല; ക്രിസ്തുവിലാകട്ടെ അവിടുത്തെ ബലിയേക്കാൾ ഉപരിയായിട്ടൊന്നുമില്ല."

വൈദികന്മാരെപ്പററി പ്രതിപാദിക്കുന്ന കൂട്ടത്തിൽ 12_ാം പീയൂസ് പ്രസ്താവിക്കുന്നതിങ്ങനെയാണ്: "അവരുടെ സർവ്വപ്രധാനമായ കടമ ബലി അർപ്പിക്കുന്നതിലാണടങ്ങിയിരിക്കുന്നത്." സെൻറ് പോളിന്റെ വാക്കുകളും ഈ അഭിപ്രായത്തെ പിന്താങ്ങുന്നു: "എന്തെന്നാൽ മനുഷ്യരിൽനിന്നുള്ള ഏതു പ്രധാനാചാര്യനും പാപങ്ങൾക്കുവേണ്ടി കാഴ്ചകളും ബലികളും സമർപ്പിക്കുവാനായി ദൈവികമായ കാര്യങ്ങളിൽ മനുഷ്യർക്കുവേണ്ടി നിയമിക്കപ്പെടുന്നു.'' ത്രെന്തോസ് സൂനഹദോസിന്റെ സിദ്ധാന്തപ്രകാരം, ദിവ്യബലിയർപ്പണത്തേക്കാൾ പരിശുദ്ധമായ യാതൊരു കർമ്മവും ആർക്കും അനുഷ്ഠിക്കുവാൻ സാദ്ധ്യമല്ല. പുരോഹിതന്റെ അഭിഷിക്തകരങ്ങളാൽ ദൈനംദിനം ക്രിസ്തു നിത്യപിതാവിനു സ്വയം അർപ്പിച്ചുകൊണ്ടിരിക്കയാണ്.

സാധാരണ പൗരോഹിത്യത്തിൽ പങ്കാളികളായിത്തീരുന്ന അൽമായ സ്ത്രീപുരുഷന്മാരുടെ മഹനീയവും പ്രമുഖവുമായ ആദ്ധ്യാത്മകകർത്തവ്യവും ബലയർപ്പണമല്ലാതെ മററൊന്നുമല്ല. ക്രിസ്തുവിന്റെ പരമരക്ഷാകരബലിയുടെ, രക്തമയമല്ലെങ്കിലും യഥാർത്ഥമായ ആവർത്തനമാണല്ലോ അൾത്താരയിലെ ദിവ്യബലി. വി. കർബ്ബാനയിൽ സംബന്ധിക്കുമ്പോൾ അവർ കേവലം പ്രേക്ഷകരായിമാത്രം വ്യാപരിച്ചാൽ പോര. ഔദ്യോഗിക പുരോഹിതനോടൊപ്പം അവരും ക്രിസ്തുവിനെ ബലിയായി സമർപ്പിക്കണം; ക്രിസ്തുവിനോടൊന്നിച്ച് തങ്ങളേയും തങ്ങൾക്കുള്ളതൊക്കെയും പരിപൂർണ്ണ ബലിയായി കാഴ്ചവെയ്ക്കണം. "ക്രിസ്തുവിന്റെ മൗതികശരീരം" എന്ന വിഖ്യാത ചാക്രികലേഖനം നല്കുന്ന ഉൽബോധനം ഓരോ ക്രിസ്ത്യാനിയും നന്നായി ഗ്രഹിക്കയും ശിരസാവഹിക്കയും ചെയ്യേണ്ടതാണ്: "വിശുദ്ധ കർബ്ബാനയിൽ മിശിഹായോടൊപ്പം നിങ്ങളേയും ബലിവസ്തുക്കളായി കാഴ്ചയർപ്പിക്കേണ്ടതു് അവശ്യം ആവശ്യമത്രേ"

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഒന്നാമത്തെ തീരുമാനപ്രഖ്യാപനം ആരാധനക്രമത്തിൽ വരുത്തേണ്ട കാലോചിതമായ മാററങ്ങളെക്കുറിച്ചാണല്ലോ. ഇത്തരുണത്തിൽ ഇതു വിശിഷ്യാ ശ്രദ്ധാർഹമാണ്. ദിവ്യബലിയിലും കൂദാശാപരികർമ്മങ്ങളിലും (ക. സഭയിലെ മഹാഭൂരിപക്ഷത്തേയും ഉൾക്കൊള്ളുന്ന ലത്തീൻ റീത്തിൽ) ദേശീയ ഭാഷയുടെ ഉപയോഗം തിരുസ്സഭ സാദരം അംഗീകരിക്കയും അനുവദിക്കയും ചെയ്തതു വിപ്ലവാത്മകവും ചരിത്രപ്രധാനവുമായൊരു സംഭവവികാസമാണ്. ദേശാഭിമാനത്തെ താലോലിക്കുന്നതിനോ, മാതൃഭാഷാപ്രണയത്തെ പ്രീണിപ്പിക്കുന്നതിനോ വേണ്ടിമാത്രമല്ല, പുരോഗമനപരമായ പ്രസ്തുത പരിവർത്തനത്തെ ഭൂരിഭാഗം കൗൺസിൽ പിതാക്കന്മാരും സഹർഷം സ്വാഗതം ചെയ്തതു്; ഔദ്യോഗിക പുരോഹിതന്മാരോടൊപ്പം പൊതു പുരോഹിതരായ അൽമായ സ്ത്രീപുരുഷന്മാരും ദൈവാരാധനാപരമായ വിശുദ്ധ കർമ്മാനുഷ്ഠാനങ്ങളിൽ കൂടുതൽ സജീവമായും ഫലപ്രദമായും സഹകരിക്കുവാൻ അവരെ പ്രായോഗികമായി സഹായിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യുവാൻ വേണ്ടിയാണ്.

കുരിശിൽ തൂങ്ങിക്കിടന്ന മൂന്നു മണിക്കൂർ നേരത്തേയ്ക്കു മാത്രമുള്ള ഒന്നായിരുന്നില്ല ഈശോനാഥന്റെ ബലിയർപ്പണം. അവിടുത്തെ ജീവിതം മുഴുവനും – ആദ്യംതൊട്ടവസാനംവരേയും_ഒരു നിരന്തര ബലിയായിരുന്നു. അതേവിധംതന്നെ ഓരോ ക്രിസ്ത്യാനിയുടെ ജീവിതവും തന്റെ മൗതികശിരസ്സായ ക്രിസ്തുവിനോടുള്ള സ്നേഹാത്മകമായ ഐക്യംമൂലം ഒരു ശാശ്വതബലിയായിത്തീരണം. ഇക്കാരണത്താലത്രെ 12–ാം പിയൂസ് ഇങ്ങനെ ഉൽബോധിപ്പിച്ചിട്ടുള്ളതു്: 'ക്രിസ്ത്യാനികൾ തങ്ങളെത്തന്നെയും, തങ്ങളുടെ ഉൽക്കണ്ഠകളേയും, ദുഃഖസങ്കടങ്ങളെയും, ആവശ്യങ്ങളേയും സ്ലീവായിൽ തൂങ്ങിക്കിടന്ന ദിവ്യരക്ഷകനോടൊന്നിച്ച ബലിയായി അർപ്പിച്ചുകൊണ്ടിരിക്കേണ്ടതാണ്; ഇക്കാര്യം അവർ ഒരിക്കലും വിസ്മരിച്ചു കളയരുതു്." കർബ്ബാന കാണുന്ന ഏതാനും വിനാഴികനേരത്തേയ്ക്കു മാത്രമല്ല, ഓരോ ദിവസവും, ദിവസം മുഴുവനും, സകല ക്രൈസ്തവരും ക്രിസ്തുവിനോടും അവിടുത്തെ പരമബലിയോടുമുള്ള ഗാഢമായ ഐക്യത്തിൽ ശ്രദ്ധാപൂർവ്വം വർത്തിക്കേണ്ടതാണ്.

പട്ടമേററ പുരോഹിതൻ ബലിയർപ്പിച്ചാൽ മാത്രം പോര; മാനവസഹോദരങ്ങളെ മിശിഹായുടെ തൃപ്പാദങ്ങളിലേയ്ക്കാനയിപ്പാൻ കഴിവതു പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതുണ്ടു്. ദൈവസുതൻ ഭൂമിയിൽ തിരുവവതാരം ചെയ്തതു മനുകുലമഖിലത്തേയും ആദ്ധ്യാത്മികമായി പ്രത്യുദ്ധരിക്കുവാനും വിശുദ്ധീകരിക്കുവാനും വേണ്ടിയാണ്.

ഔദ്യോഗിക പദവിയിലുള്ള ഓരോ വൈദികനും മിശിഹായുടെ പ്രസ്തുത ദിവ്യദൌത്യം സോത്സാഹം തുടൎന്നു നിൎവ്വഹിക്കുവാൻ ബാദ്ധ്യസ്ഥനാണു്. പരിശുദ്ധമായ പൂജയൎപ്പിച്ചും, കൂദാശകൾ പരികൎമ്മംചെയ്തും, ദിവ്യവചനം പ്രസംഗിച്ചും, സന്മാതൃകയുടെ തൂവെളിച്ചം ചുററും പരത്തിയും, പ്രാൎത്ഥനയുടേയും പരിത്യാഗത്തിന്റേയും ജീവിതം നയിച്ചുംകൊണ്ടാണല്ലൊ അദ്ദേഹം പരിപാവനമായ ആ കടമ നിറവേററുന്നതു്.

പൊതുപൌരോഹിത്യത്തിൽ പങ്കാളികളായിത്തീൎന്നിരിക്കുന്ന സാധാരണ ക്രിസ്ത്യാനികളും സ്വന്തം ആത്മരക്ഷയിലും പുണ്യാഭിവൃദ്ധിയിലുംമാത്രം ശ്രദ്ധാലുക്കളായിരുന്നാൽ പോര. അവരുടെ പൌരോഹിത്യധൎമ്മം യഥാവിധി നിൎവ്വഹിക്കപ്പെടണമെങ്കിൽ അവരും മററുള്ളവരുടെ നിത്യരക്ഷയിലും ആദ്ധ്യാത്മസുസ്ഥിതിയിലും ആത്മാൎത്ഥവും ക്രിയാത്മകവുമായ താല്പൎയ്യവും ശുഷ്കാന്തിയും കാണിച്ചേ മതിയാവൂ. അവർ അൾത്താരയിലേറി ദിവ്യബലി അൎപ്പിക്കുന്നില്ല, കൂദാശകൾ നല്കുന്നില്ല, ഔദ്യോഗികമായി സുവിശേഷം പ്രസംഗിക്കുന്നില്ല; ശരിതന്നെ. എന്നാൽ മാതൃകാപരമായ ക്രിസ്തീയജീവിതംവഴി കുടുംബത്തിനുള്ളിലും പുറമേയും ക്രൈസ്തവധൎമ്മത്തിന്റെ വിശ്വസ്തരായ സന്ദേശവാഹകരായും, ഈശോമിശിഹായേയും അവിടുത്തെ രക്ഷാകരസത്യങ്ങളേയും ഇടതടവില്ലാതെ പ്രഘോഷിക്കുന്നവരായും വൎത്തിക്കുവാൻ അവൎക്കും കഴിയും; കഴിയണം. അവരുടെ പ്രസംഗവേദിയോ? സുവിശേഷോപദേശങ്ങളെ ഉജ്ജ്വലമായി ഉദാഹരിക്കുന്ന വിവിധ ജീവിതരംഗങ്ങൾ. പ്രാൎത്ഥനയുടേയും പരിത്യാഗത്തിന്റേയും ജീവിതം നയിക്കുവാൻ അവൎക്കും സാദ്ധ്യമല്ലേയോ?

അകത്തോലിക്കരും അക്രൈസ്തവരുമായ സഹോദരങ്ങളുമായി നിരന്തര സമ്പൎക്കം പുലൎത്തുവാൻ വൈദികന്മാരേക്കാളധികം സൌകൎയ്യവും സന്ദൎഭവും ലഭിക്കുന്നതു് അൽമായൎക്കാണെന്നു് ആരും സമ്മതിക്കും. ആ സൌകൎയ്യവും സന്ദൎഭവും യഥോചിതം ഉപയോഗപ്പെടുത്തുന്നതുതന്നെയാണു് അവരുടെ പ്രധാന പ്രേഷിതപരിപാടി. എന്തുകൊണ്ടെന്നാൽ ലോകപരിത്രാതാവായ ക്രിസ്തുവിനേയും, അവിടുന്നു വെളിപ്പെടുത്തീട്ടുള്ള സ്വൎഗ്ഗീയ സിദ്ധാന്തങ്ങളേയും, അവിടുന്നു സ്ഥാപിച്ചിട്ടുള്ള സത്യസഭയേയും അക്കൂട്ടർ അടുത്തറിയുവാനിടവരുന്നതു പ്രായേണ അവരിലൂടെയാണു്. ആകയാൽ ക്രിസ്തുമതസത്യങ്ങൾ ശരിക്കറിയാതെയും, ക്രൈസ്തവാദൎശങ്ങളനുസരിച്ചു ജീവിക്കുന്നതിൽ സദാ നിഷ്ഠവെയ്ക്കാതെയും അവരുടെ മഹനീയമായ പ്രസ്തുത ദൌത്യം യഥായോഗ്യം നിറവേററുവാൻ അവൎക്കു് ഒരിക്കലും സാദ്ധ്യമായി വരികയില്ല. പള്ളിയിലെ പ്രസംഗപീഠത്തിൽനിന്നുകൊണ്ടല്ല, പ്രത്യുത ദൈനംദിനജീവിതത്തിലെ സംസാരത്താലും പെരുമാററത്താലുമാണു് അവർ മതപ്രഭാഷണം നടത്തുന്നതു്. വിശ്വാസത്തിനും സത്യത്തിനും, നീതിക്കും സ്നേഹത്തിനും, ധൎമ്മത്തിനും നിരക്കാത്തവിധം വ്യാപരിക്കുമ്പോഴെല്ലാം അവർ സ്വന്തം പൌരോഹിത്യത്തിന്മേൽ കളങ്കം ചേൎക്കുകയാണെന്നു് ഓൎത്തിരിക്കണം. ഔദ്യോഗിക പൌരോഹിത്യത്തിൽ അംശവാഹികളായവരുടെ മാത്രമല്ല, പൊതുപൌരോഹിത്യത്തിൽ ഭാഗഭാക്കുകളായവരുടെ ധൎമ്മഭ്രംശവും ക്രൈസ്തവസഭയെ ലോകസമക്ഷം അവഹേളനാപാത്രമാക്കാതിരിക്കുമോ?

തിരുസഭയിലെ പ്രഥമവും അതിനാൽ പ്രധാനവുമായ ഘടകം ഇടവകയാണു്. ഓരോ ഇടവകയിലും ജനങ്ങളുടെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ ഉൽക്കൎഷം മുൻനിറുത്തി പ്രവൎത്തിക്കുന്ന ഒന്നിലധികം സംഘടനകൾ ഉണ്ടായിരിക്കും. തൊഴിലാളികളേയും അഗതികളേയും അവശരേയും സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചില പ്രസ്ഥാനങ്ങളും കാണാം. ഇത്തരം പ്രവൃത്തിപദ്ധതികളിൽ നിസ്വാൎത്ഥമായും താല്പൎയ്യത്തോടുകൂടിയും സഹകരിക്കുവാൻ സന്മനോഭാവവും സന്നദ്ധതയുമുള്ളവരായി ഓരോ ഇടവകയിലും എത്ര പേരുണ്ടെന്നന്വേഷിച്ചുനോക്കുക. അപ്പോളറിയാം അൽമായർ തങ്ങൾക്കു കയ്യുന്നിരിക്കുന്ന പൊതു പൌരോഹിത്യപദവിയെക്കുറിച്ചു് എത്രമാത്രം ബോധവാന്മാരും അഭിമാനമുൾക്കൊള്ളുന്നവരുമാണെന്നു്.

വി. പത്താംപീയൂസ് സകല ക്രിസ്ത്യാനികളേയും ആഹ്വാനം ചെയ്തു, "സമസ്തവും ക്രിസ്തുവിൽ പുനഃസ്ഥാപിക്കുവാൻ" പോന്ന പരിയത്നങ്ങളിൽ ആത്മാൎത്ഥമായി പങ്കുചേരുവാൻ.

12-ാം പീയൂസ് അവൎക്കു നല്കിയ പൈതൃകസന്ദേശം ഇതാണു്: "ലോകത്തെ ദൈവത്തിനു പ്രതിഷ്ഠിക്കുവാൻ ഉററുപരിശ്രമിച്ചാലും."

23-ാം യോഹന്നാൻ "ഭൂമിയിൽ സമാധാനം" എന്ന വിശ്രുത വിശ്വലേഖനത്തിൽ സഭാസന്താനങ്ങളോടു് ആവശ്യപ്പെടുന്നതു്, സകല മനുഷ്യൎക്കും, സമുദായങ്ങൾക്കും, ജനപദങ്ങൾക്കും അവരവൎക്കുള്ള അവകാശങ്ങളും ആനുകൂല്യങ്ങളും അഭംഗം സുരക്ഷിതമായിരിക്കത്തക്കവിധം മാനവസമൂഹത്തെ നവീകരിക്കുവാൻ അവർ അവിശ്രമം പരിശ്രമിക്കണമെന്നാണു്.

ആകയാൽ അൽമായർ വൈദികാധികാരികളെ അനുസരിച്ചും, ചുരുക്കം ചിലർ ചിലപ്പോഴെല്ലാം വല്ല മതസംഘടനയിലും തെല്ലൊന്നു സഹകരിച്ചും കഴിഞ്ഞതുകൊണ്ടുമാത്രം, നിത്യപുരോഹിതനായ ക്രിസ്തുവിന്റെ പൌരോഹിത്യത്തിൽ പങ്കാളികളെന്നനിലയിലുള്ള അവരുടെ സഹജവും മഹനീയവുമായ കൎത്തവ്യം വേണ്ടവണ്ണം നിൎവ്വഹിക്കപ്പെട്ടതായി കരുതിക്കൂടാ. അവർ ജീവിക്കുകയും ജോലിയെടുക്കുകയും ചെയ്യുന്ന ലോകത്തെ—പരിസരങ്ങളെ—ക്രൈസ്തവീകരിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതും അവരുടെ അനിവാര്യവും അതേസമയം ബഹുമാന്യവുമായ കടമയാണു്.

*

## സ്നേഹദാഹം

("സ്നേഹത്തിൻ കാനനച്ചോലയിൽ...." എ. മ)

സ്നേഹത്തിൻ ജീവനാമേശുവിൻ
പാദത്തിൽ ദാഹിച്ചു വന്നു ഞാൻ
"ജീവിക്കും നീർച്ചോല" തേടി ഞാൻ
ദാഹിക്കും മാൻപോലലഞ്ഞിടും. (സ്നേഹത്തിൻ....

1. എന്നുമെൻ മാനസവാടിയിൽ
വാടാമലരുകൾ കോർത്തു ഞാൻ.... എന്നുമെൻ....
നാകം വെടിഞ്ഞിങ്ങു വന്ന നീ
കാണാൻ കൊതിച്ചോരെൻ മാനസേ
(സ്നേഹത്തിൻ....

2. വാണാലുമെൻെറ സ്നേഹമേ
വന്നാലുമെന്നിൽ നീയെന്നുമേ ... വന്നാലും....
എന്നെപ്പിരിഞ്ഞു നീ പോവുകിൽ
വിങ്ങിത്തകർന്നു പോമെൻ മനം (സ്നേഹത്തിൻ ...

— ബ്രദർ എം. സി.

## നിൻകരങ്ങൾ നീട്ടുകയില്ലേ?

("പാമ്പുകൾക്കു മാളമുണ്ട്".... എ മ)

വിണ്ണിലുള്ള ഈശോനാഥാ!
മന്നിലുള്ള ഞങ്ങളുടെ
വേദനകൾ മായ്ച്ചീടുവാൻ
നീ വരികില്ലേ! എന്നും_നീ വരികില്ലേ?
(വിണ്ണി....

1. എൻെറ പാപം പോക്കുവാനായ്
നിൻവരങ്ങൾ ചൊരിയുവാനായ്
നിൻകരങ്ങൾ_നൽകരങ്ങൾ
നീട്ടുകയില്ലേ? എന്നും നീട്ടുകയില്ലേ? (വിണ്ണി....

2. മണ്ണിൻമക്കൾ കേണിടുമ്പോൾ
വിണ്ണിലേയ്ക്കു കേൾക്കുകില്ലേ
നിൻവരങ്ങൾ-നൽവരങ്ങൾ
ചൊരിയുകയില്ലേ? എന്നും ചൊരിയുകയില്ലേ?
(വിണ്ണി....

3. ആശയെല്ലാം പൊലിഞ്ഞിടുമ്പോൾ
കരൾ നീറി പുകഞ്ഞിടുമ്പോൾ
ആശയോടെ-ആശയോടെ
വരുന്നു നാഥാ! ഞാൻ വരുന്നു നാഥാ!
(വിണ്ണി....

— ബ്രദർ ജോവാക്കിം, കണ്ണമ്പുഴ.

കല്യാണസാരികൾക്കു
വെള്ളാനിക്കാരൻസ്
മോഡേൺ ഫേബ്രിക്സ്
PHONE 90
ചാലക്കുടി

## വരുമോ ജഗന്മാതേ?

("ഉജാല"യിലെ "അബ്കഹാ ജായെഹം".... എ. മ.)

ജയ ജയ നാഥയേ ദിവ്യപ്രഭാരാജ്ഞിയെ
ജന്മദോഷഹീനയെ-നന്മതൂകു നാഥയെ (ജയ ജയ....
ഹവ്വയിനാൽ വന്ന-വൻകന്മഷം പോക്കാനായ്
ദിവ്യനീശനിൻ ജനനിയതായ്
നീ പാരിതിൽ വന്നല്ലോ-എൻ
ക്ലേശമകററാനായ്...സ്വർഗ്ഗവാതിൽ തുറക്കാനായ്
എൻ മാനസെ വാഴാനായ്-ദിവ്യതാരമായ് നീ വന്നു.
(ജയ ജയ....

അഴലാം ഇരുളിൽ മൂടി
കഴിവില്ലാതുഴലുന്നേൻ
അഭയം നീ ഏകിടുമോ
കദനങ്ങൾ പോക്കിടുമോ
കാർമുകിൽ മായുംപോൽ
എൻ പാപമകററീടാൻ
കരുണാമൃതം തൂകീടാൻ
വരുമോ ജഗന്മാതാവേ? (ജയ ജയ....

— ഫെലിക്സ് ഫിഗരേഡോ.

തിരഞ്ഞെടുക്കുക മികച്ചസേവനത്തിനു
ബോസ്ക്കോവിൻെറ ഒട്ടകം മാർക്ക് കുടകൾ
കച്ചവടക്കാർക്ക് പ്രത്യേകനിരക്ക്
നിർമ്മാതാക്കൾ ബോസ്ക്കോ അമ്പ്രല്ലാമാർട്ട് ഹൈറോഡ് തൃശ്ശൂർ




## ★ ★ കാ ണ്ണ ക ണ്ണ

പഞ്ചേന്ദ്രിയങ്ങളിൽവെച്ച് സർവ്വപ്രധാനവും മനുഷ്യശരീരത്തിലെ ഒരു പ്രധാനഘടകവുമായ കണ്ണുകൾ വളരെ ശ്രദ്ധയോടും സൂക്ഷ്മതയോടുംകൂടി സൂക്ഷിക്കേണ്ട ഒരവയവമാണ്. സൗന്ദര്യത്തിൻെറ ചിഹ്നമായിട്ടാണ് കണ്ണുകൾ കണക്കാക്കപ്പെടുന്നതെങ്കിലും ശുദ്ധതയ്ക്ക് ഏററവും പ്രതിബന്ധമായി നിൽക്കുന്നതും കണ്ണുകളാണ്. "ശരീരത്തിൻെറ കിളിവാതിലുകളായ കണ്ണുകളിൽക്കൂടി മരണം ആത്മാവിൽ പ്രവേശിക്കുന്നു" എന്നാണ് ഏര്യ ദീർഘദർശി പ്രസ്താവിക്കുന്നത്. അതിനാൽ മനുഷ്യൻെറ ദുർവാസനകളെ നിയന്ത്രിക്കുന്നതിന് ഏററവും ആവശ്യമായിരിക്കുന്നതു കണ്ണുകളുടെ നിയന്ത്രണമാണ്.

### നേത്രഘടന

ഓരോ കണ്ണും ഏകദേശം ഗോളാകൃതിയിലുള്ള ഒരവയവമാണ്. അതു ഭദ്രതയ്ക്കുവേണ്ടി തലയോടിനു മുൻവശത്തുള്ള ഓർബിററ്സ് (Orbits) എന്നറിയപ്പെടുന്ന രണ്ടു കുഴികളിലായി നിക്ഷേപിച്ചിരിക്കുന്നു. പൊടി, മണൽത്തരികൾ എന്നിവയിൽനിന്നും കാത്തുരക്ഷിക്കുന്നതിനു വേണ്ടി മുൻവശത്ത് മേലും കീഴും ഓരോ കൺപോളകൾ ഉണ്ട്. കണ്ണിൻെറ പുറകുവശത്തുള്ള അശ്രുഗ്രന്ഥി (Teargland) യിൽനിന്നും അല്പാല്പം കണ്ണുനീർ എല്ലായ്പ്പോഴും കണ്ണിൻെറ മുൻവശത്തുകൂടെ ഒഴുകി നേത്രഗോളത്തിൻെറ ഉപരിതലം ഈർപ്പമുള്ളതായി സൂക്ഷിക്കുകയും അന്യപദാർത്ഥങ്ങളെ കഴുകിക്കളയുകയും ചെയ്യുന്നു.

നേത്രഗോളത്തിനു മൂന്നു പടലങ്ങൾ (Coat) ഉണ്ട്. വെളുത്തു കട്ടിയായ ആദ്യപടലത്തെ സ്ക്ലീറോട്ടിക്ക് കോട്ട് (Sclerotic Coat) എന്നു പറയും. കറുത്തു ലോലമായ രണ്ടാമത്തെ കോട്ടിനെ കോറോയിഡ് കോട്ടെന്നും (Choroid Coat) നാഡിതന്തുക്കൾ മെനഞ്ഞുണ്ടായ സുതാര്യമായ മൂന്നാമത്തെ പടലത്തെ റെററിനാ (Retina) എന്നും വിളിക്കുന്നു. സ്ക്ലീറോട്ടിക്ക് കോട്ടിൻെറ മുൻവശത്തു സുതാര്യമായി മദ്ധ്യോന്നതമായ ഒരു വൃത്തമുണ്ട്. കോർണിയാ (Cornea) എന്നപേരിൽ അറിയപ്പെടുന്ന ഈ ഭാഗത്തിനു പ്രകാശം കടത്തിവിടുവാനുള്ള കഴിവുണ്ട്. കോർണിയായുടെ പിന്നിൽ കറുത്ത കോറോയിഡുകോട്ട് ഒരു യവനിക പോലെ തൂങ്ങിക്കിടക്കുന്നതുകൊണ്ടാണ് സുതാര്യമായ കോർണിയാ കറുപ്പുനിറമായി കാണപ്പെടുന്നത്. യവനികയുടെ നേർമദ്ധ്യത്തിൽ ഒരു സുഷിരമുണ്ട്. ഇതാണ് കൃഷ്ണമണി (Pupil) കൃഷ്ണമണിയുടെ പിന്നിൽ സുതാര്യമായ ലെൻസ് (Lens) ഘടിപ്പിച്ചിരിക്കുന്നു. ലെൻസു വലുതും പ്രകാശം കടത്തിവിടുന്നതും ബൈകോൺവക്സും (Bi-convex) ആണ്.

### നയനരോഗങ്ങൾ

നേത്രഗോളത്തിലെ ചില പ്രത്യേകതകൾകൊണ്ടാണ് കാഴ്ച നഷ്ടപ്പെടുന്നത്. നയനരോഗങ്ങൾ, പ്രത്യേകിച്ച് കാഴ്ചക്കുറവ്, വളരെ പുരോഗമിച്ച ഇന്നത്തെ വൈദ്യശാസ്ത്രത്തിന് ഒരു പ്രശ്നമല്ലാതായിത്തീർന്നിരിക്കയാണ്. എന്നാൽ കാഴ്ചക്കുറവുകാരണം എത്രയെത്ര ജീവിതമാണ് അന്ധകാരത്തിൽ കഴിച്ചുകൂട്ടേണ്ടിവന്നിട്ടുള്ളതെന്ന് ചരിത്രത്തിൻെറ ഏടുകളിൽനിന്നു നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പ്രസിദ്ധ എഴുത്തുകാരനായ മിൽട്ടനു (Milton) തൻെറ നാല്പതാമത്തെ വയസ്സിൽ കാഴ്ച നഷ്ടപ്പെട്ടു. തൻെറ നഷ്ടപ്പെട്ടുപോയ കാഴ്ച വീണ്ടെടുക്കുവാൻ അദ്ദേഹം പരമാവധി പരിശ്രമിച്ചെങ്കിലും ഒടുവിൽ വിഫലമായി. ഗോയ്ഥേ (Goethe) യുടേയും അനുഭവം ഇതിൽനിന്നും ഭിന്നമായിരുന്നില്ല. എന്നാൽ അദ്ദേഹം കണ്ണട ധരിക്കുവാൻ ഇഷ്ടപ്പെട്ടില്ല. കാർലയിൽ, (Carlyle) കീററസ്, (Keats) ടോൾസ്റ്റോയി (Tolstoy) തുടങ്ങിയവർക്ക് കാഴ്ച നഷ്ടപ്പെട്ടുവെങ്കിലും പിന്നീട് ചികത്സിച്ചു ഭേദമാക്കുകയാണുണ്ടായത്.

### രണ്ടുതരം

സാധാരണയായി ഉണ്ടാകുന്ന രണ്ടുതരം നയനരോഗങ്ങൾ ഹ്രസ്വദൃഷ്ടിയും ദീർഘദൃഷ്ടിയുമാണ് (Short sight and long sight) മയോപ്പിയാ (Mayopia) എന്ന പേരിൽ അറിയപ്പെടുന്ന ഹ്രസ്വദൃഷ്ടി (Sort Sight) ഉള്ളവർക്ക് അടുത്ത വസ്തുക്കൾ നല്ലവണ്ണം കാണാമെങ്കിലും അകന്ന വസ്തുക്കൾ കാണുവാൻ പ്രയാസമാണ്. ഇവരുടെ നേത്രഗോളത്തിൻെറ നീളം സാധാരണയിൽനിന്നും കൂടുതലായിരിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. കോൺകേവ് (Concave) ലെൻസ് വെച്ച കണ്ണട ഉപയോഗിച്ച് ഈ രോഗത്തിൽനിന്നു മോചനംനേടാം.

എന്നാൽ വേറെ ചിലർക്ക് നയനഗോളത്തിൽ വേണ്ടത്ര നീളമില്ല. അതിനാൽ അകന്ന വസ്തുക്കളുടെ

മാത്യു പി. കോക്കാട്ട് B. Se.

# ം സൂക്ഷിക്കുവിൻ

പ്രതിബിംബങ്ങൾ ഇവരുടെ റെററിന (Retina) യിൽ അനായാസേന വീഴുന്നുണ്ടെങ്കിലും വസ്തു അടുക്കുമ്പോൾ പ്രതിബിംബങ്ങൾ പതിക്കുന്നതു റെററിനയ്ക്കു പുറകിലായി പോകുന്നു. പ്രായമായവരിൽ അധികമായി കാണപ്പെടുന്ന ഈ രോഗത്തിനു് ഹൈപ്പർ മെട്രോപ്പിയാ (Hyper metropia) അഥവാ ദീർഘദൃഷ്ടി (Long Sight) എന്നു പറയും. അടുത്ത വസ്തുക്കൾ വായിക്കാനും എഴുതുവാനും ഇത്തരം രോഗമുള്ളവർ "വെള്ളെഴുത്തുകണ്ണട"കളുടെ (Convex Lens) സഹായം തേടുന്നു.

## കണ്ണുകളും മനുഷ്യസ്വഭാവവും

കണ്ണുകളും മനുഷ്യസ്വഭാവവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നാണു് ആധുനിക മനഃശാസ്ത്രവിദഗ്ദ്ധന്മാരുടെ അഭിപ്രായം. കാനഡയിലെ മനഃശാസ്ത്രവിദഗ്ദ്ധനായ ഡോക്ടർ ഐയാംകെൻറിൻെറ (Dr: Ihamkent) അഭിപ്രായത്തിൽ സ്ത്രീപുരുഷഭേദമെന്യേ മൂന്നു നിറത്തിലുള്ള കണ്ണുകൾ മാത്രമേ മനുഷ്യരിൽ കാണുന്നുള്ളു. നീലക്കണ്ണുകൾ, ഇത്തരം മിഴികൾ താരുണ്യത്തിൻെറ സൗന്ദര്യചിഹ്നമായിട്ടാണു സാധാരണ കണക്കാക്കുന്നതെങ്കിലും അന്യരെ ഭരിക്കുവാനുള്ള കഴിവും ഇവക്കുണ്ടായിരിക്കും. സമുദായത്തിൽ മററുള്ളവരുമായി ഇടപഴകുകയും ദയ, സഹാനുവത്തിത്വം, കലാബോധം എന്നീ വിശിഷ്ട സ്വഭാവഗുണങ്ങൾ ഇവർക്കുണ്ടായിരിക്കുകയും ചെയ്യും. മാത്രമല്ല ഇവക്കു "തൊലിക്കട്ടി" വളരെ കുറവായിരിക്കും.

മററു ചിലരുടെ കണ്ണുകൾ തവിട്ടു നിറമുള്ളവയായിരിക്കും. മററുള്ളവരുമായി അധികം ഇണങ്ങിച്ചേരുവാൻ ഇവർ ഇഷ്ടപ്പെടുകയില്ല. "തൊലിക്കട്ടി" കുറവായ ഇവക്കു് "സ്വന്തം കാര്യം സിന്താബാദ്" എന്നുള്ളതാണു പ്രമാണം.

മുകളിൽ വിവരിച്ച രണ്ടിലും പെടാത്ത മൂന്നാമതൊരു വിഭാഗമാണു് ചാരനിറം കലന്ന മിഴികൾ ഉള്ളവർ. നീല മിഴികൾ ഉള്ളവരുടെയും തവിട്ടു കണ്ണുകൾ ഉള്ളവരുടേയും സ്വഭാവങ്ങൾ സമജ്ഞസമായി ഇവരിൽ സമ്മേളിക്കുന്നു. നിറത്തെ കൂടാതെ വലിപ്പം, തേജസ്സ്, പ്രകാശം എന്നിവയെ ആസ്പദമാക്കിയും മനുഷ്യസ്വഭാവത്തെ മനസ്സിലാക്കുവാൻ സാധിക്കും. തോമസ് കാർലയിൽ (Thomas Carlyle) ടെന്നിസൺ (Tennyson) എന്നിവരുടെ കണ്ണുകൾ അസാധാരണ വലിപ്പമുള്ളവയായിരുന്നുവെന്നു പറയപ്പെടുന്നു. ഗാന്ധിജി, എബ്രഹാം ലിങ്കൺ എന്നിവക്കു നിശിതവും തുളച്ചു കയറുന്നതുമായ ദൃഷ്ടികളാണു് ഉണ്ടായിരുന്നതു്.

## കണ്ണുകൾ സൂക്ഷിക്കുവിൻ

ശരീരത്തിലെ സെൻസ് ഓർഗൻസിൽ (Sense organs) ഏററവും പ്രധാനപ്പെട്ട കണ്ണ് ശരിയായി സൂക്ഷിക്കുന്നതിൽ എല്ലാവരും ശ്രദ്ധിക്കണം. പ്രകാശം വളരെ കുറഞ്ഞ സ്ഥലത്തിരുന്നു വായിക്കുന്നതുകൊണ്ടു് നയനരോഗങ്ങൾ ഉണ്ടാകാൻ ഇടയുണ്ടു്. അതുപോലെ സൂക്ഷ്മപ്രവൃത്തികളിലേർപ്പെടുന്നതും ബസ്സിലിരുന്നു വായിക്കുന്നതും നല്ലതല്ല. അലഞ്ഞു നടക്കുന്ന കണ്ണുകളാണ് ഇന്നു് മിക്ക യുവതീയുവാക്കന്മാക്കും കാണുന്നതു്. മററുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനുവേണ്ടി കൃത്രിമമായി കണ്ണു കറുപ്പിക്കുന്നതുകൊണ്ടു് നിങ്ങളുടെ മുഖസൗന്ദര്യം നഷ്ടപ്പെടുകയാണു് ചെയ്യുന്നതു്. സിംഹങ്ങളെ മെരുക്കിയെടുക്കുന്നതു് അതിൻെറ കണ്ണുകൾ മൂടിക്കെട്ടിക്കൊണ്ടാണെന്നു പറയപ്പെടുന്നു. അതുപോലെതന്നെ സവാരിക്കു് ഉപയോഗിക്കുന്ന കുതിരകളുടെ കാഴ്ച നിയന്ത്രിക്കപ്പെട്ടിരിക്കുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലോ. "കന്യകയെപ്പററി ചിന്തിക്കാതിരിക്കേണ്ടതിനു് എൻെറ കണ്ണുകളോടു ഞാൻ ഉടമ്പടി ചെയ്തു" എന്നു് യോബു പറയുന്നു. നിങ്ങളും നിങ്ങളുടെ കണ്ണുകൾ അലഞ്ഞു നടക്കാതിരിക്കാൻ അവയുമായി ഉടമ്പടി ചെയ്യുക. അധികം കഴിയേണ്ട, നിങ്ങളുടെ മുഖത്തൊരു പ്രത്യേക സൗന്ദര്യം തനിയെ ശോഭിക്കുന്നതു കാണാം. മഹാനായ അലക്സാണ്ടർ ചക്രവത്തിയുടെ ചരിത്രത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ടു്. അദ്ദേഹം യുദ്ധത്തിൽ ഡോയസിൻെറ പുത്രികളെ പിടിച്ചടക്കിയെങ്കിലും അവരെ ദർശിക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. "പുരുഷന്മാരെ ഞാൻ കീഴ്പ്പെടുത്തിയശേഷം സ്ത്രീകൾ എന്നെ കീഴ്പ്പെടുത്തുന്നതിനു ഞാൻ സമ്മതിക്കുകയില്ല" എന്നു് അദ്ദേഹം പറഞ്ഞതായി പ്രാചീന ചരിത്രകാരനായ പ്ളൂട്ടാർക്കു പ്രസ്താവിക്കുന്നു. അതിനാൽ കണ്ണുകളെ "എല്ലാത്തരം രോഗ"ങ്ങളിൽനിന്നും നിയന്ത്രിക്കുക. എന്തുകൊണ്ടെന്നാൽ "ശുദ്ധമായ ഒരു ഹൃദയവും അനിയന്ത്രിതമായ ഒരു നേത്രവും ഒരുമിച്ചു സ്ഥിതിചെയ്യുകയില്ല."

# സൊഡാലിററി വാർത്തകൾ

★

**അമ്പഴക്കാട്ട്:** കർമ്മലീത്താശ്രമത്തോടനുബന്ധിച്ച് നടത്തിവരുന്ന മരിയാസഖ്യം തുടങ്ങിയ ഭക്തസംഘടനകളുടെ സംയുക്തവാർഷികം റൈററ് റവ. മോൺ. സഖറിയാസ് വാഴപ്പിള്ളി അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൊണ്ടാടി. സമ്മേളനത്തിൽ കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. യോഗാനന്തരം "ആദവും ഹവ്വായും" എന്ന നാടകം സഖ്യാംഗങ്ങൾ അവതരിപ്പിച്ചു.

**ചാലക്കുടി:** ഫൊറോനാപ്പള്ളിയിൽനിന്നും പെ. ബ. അക്കര ജോജ്ജച്ചനും ബ. വേഴപ്പറമ്പിൽ ജോസച്ചനും സ്ഥലം മാറിപ്പോകുന്നതു പ്രമാണിച്ച് സ്ഥലത്തെ മരിയാസഖ്യം ആദിയായ ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ സമുചിതമായ യാത്രയയപ്പ നൽകുകയുണ്ടായി. തദത്ഥം ചേന്ന യോഗത്തിൽ ടി. എ. ആഗസ്തി, പി. ടി. ഔസേപ്പുണ്ണി മുതലായവർ പ്രസംഗിക്കുകയും ബ. വൈദികർ സമുചിതമായ മറുപടി പറയുകയും ചെയ്തു.

**കാഞ്ഞാണി:** സ്ഥലത്തെ വികാരിയും ഭക്തസംഘടനകളുടെ ഡയറക്ടറുമായിരുന്ന റവ. ഫാ. ആൻറണി ഇരിമ്പൻ സ്ഥലംമാറി പോകുന്നതു സംബന്ധിച്ച് ബി. എം. ചാക്കോമാസ്റ്ററുടെ അദ്ധ്യക്ഷതയിൽ ഒരു യാത്രയയപ്പുയോഗം ചേരുകയും വിവിധ ഭക്തസംഘടനകളുടെ പ്രതിനിധികൾ പ്രസംഗിക്കുകയും ചെയ്തു. തുടന്ന് ഒരു ജ്ഞാനപ്പൂക്കൂട്ടം പാരിതോഷികവും സമർപ്പിച്ചു.

ഭക്തസംഘടനകളുടെ സംയുക്തവാഷികസമ്മേളനം 1964 മേയ് 10_ാംനു- ഞാറാഴ്ച, ഉച്ചതിരിഞ്ഞു് പള്ളിസ്കൂൾ അങ്കണത്തിൽവെച്ച് റവ. ഫാ. ആൻറണി ഇരിമ്പൻ അവർകളുടെ അദ്ധ്യക്ഷതയിൽ ചേന്നു. സമ്മേളനത്തിൽ ശ്രീ. ററി. ജെ. സൈമൺ ബി. എ., ബി. ററി. പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികൾക്കു പുറമേ കാഞ്ഞാണി "ഡോൺബോസ്കോ തിയറേറഴ്സി"ൻെറ "പരീക്ഷണത്തിലൂടെ" എന്ന സാമൂഹികസംഗീത നാടകവും ഉണ്ടായിരുന്നു.

**തൃശ്ശൂർ:** സെൻറ് ആൻസ് പള്ളിയിലെ ഗേൾസ് സൊഡാലിററിയിൽ 1964_ലേയ്ക്കുള്ള ഭാരവാഹികളായി കുമാരി ആനി ജോസഫ് കെ., കുമാരി ട്രീസാ ഇ. ഡി., കുമാരി മേരി സി. പി., കുമാരി മേരി വി. പി., കുമാരി എൽസി ഇ. എ., കുമാരി വേറോനിക്കാ സി. കെ. എന്നിവരെ യഥാക്രമം പ്രീഫെക്ട്, സെക്രട്ടറിമാർ, ഖജാൻജിമാർ, ലൈബ്രേറിയൻ എന്നി സ്ഥാനങ്ങളിലേയ്ക്കു തെരഞ്ഞെടുത്തിരിക്കുന്നു. സൊഡാലിററി അംഗങ്ങളായ കെ പി. തങ്കമ്മയും ഇ. ഡി. സിസിലിയും കർമ്മലസഭയിൽ ചേന്നു.

**കുമ്പിടി:** കുമ്പിടി പള്ളിയിലെ മരിയാസഖ്യത്തിൻെറയും അൾത്താര ബാലസംഘത്തിൻെറയും സംയുക്തവാർഷികം ഏപ്രിൽ 26_ാം തീയതി റവ. ഫാദർ അബ്രാഹം കരേടൻ അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ കൊണ്ടാടി. വികാരി റവ. ഫാദർ ജോൺ അംബൂക്കൻ സ്വാഗതവും ബ്ര. ജോസ് കുടിലിങ്കൽ നന്ദിയും പറഞ്ഞു. ഇടയ്ക്കിടയ്ക്ക് കുട്ടികളുടെ വിവിധ കലാപ്രകടനങ്ങളും ഏകാങ്കങ്ങളും, യോഗാനന്തരം മരിയൻ ഡ്രമാററിക് ക്ലബ്ബിൻെറ "നീ നിൻെറ അയൽക്കാരനെ സ്നേഹിക്കുക" എന്ന നാടകവും ഉണ്ടായിരുന്നു.

**കുന്നംമൂച്ചി:** 9_2_64. മരിയാസഖ്യത്തിൻേറയും മററു ഭക്തസംഘടനകളുടേയും സംയുക്തവാർഷികം വെരി റവ. ഫാദർ ആൻറണി തേലപ്പിള്ളി ബി. എ. ബി. ററി. അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. ആൺകുട്ടികൾ "നിണത്തിൻെറ കാല്പാടുകൾ" എന്ന പ്രഹസനവും പെൺകുട്ടികൾ "നല്ല മനുഷ്യൻ" എന്ന പ്രഹസനവും അഭിനയിക്കുകയുണ്ടായി. വിവിധ മത്സരങ്ങളിൽ ജയിച്ച 75 പേർക്കു് സമ്മാനം നല്കി. റവ. ഫാദർ പോൾ ചാലിശ്ശേരി നന്ദിപ്രകടനം നടത്തി.

**അനുശോചനം:**

ആനന്ദപുരം ചെറുപുഷ്പ ദേവാലയത്തിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിലെ ഒരു അംഗമായിരുന്ന പി. എൽ. സർസീലയുടെ അകാലമരണത്തിൽ സഖ്യാംഗങ്ങൾ അനുശോചനം രേഖപ്പെടുത്തുകയും, പരേതയുടെ ആത്മാവിന് നിത്യശാന്തി ലഭിക്കുവാൻ പ്രാത്ഥിക്കുകയുംചെയ്യുന്നു.

R.I.P.


ഭൂമിമാക്ക് കുടകൾ

നോക്കി വാങ്ങുവിൻ!

കച്ചവടക്കാക്ക് പ്രത്യേക നിരക്ക്.



ജോസ് അമ്പ്രല്ലാ മാനുഫാക്ചറിങ്ങ് കമ്പനി

ഹൈറോഡ് :: തൃശ്ശൂർ_1.

സംഭവകഥ

DHARMARAM COLLEGE LIBRARY BANGALORE

# അമ്മയുടെ ധൂർത്തപുത്രൻ

— മാത്യു ചേമ്പ്ളാനി, എസ്. ജെ. —

ശക്തിയായ ഇരപ്പു കേട്ടാണ് ഫാദർ മില്ലർ തിരിഞ്ഞുനോക്കിയതു്. അങ്ങകലെ പടിഞ്ഞാറെ ചക്രവാളസീമയിൽ പൂഴിയുടെ ഒരു നെടുങ്കോട്ട ഉയരുന്നതു കണ്ടതോടെ അദ്ദേഹത്തിനു കാര്യങ്ങൾ മനസ്സിലായി. തൻെറ മോട്ടോർസൈക്കിളിനു കഴിയുന്നത്ര വേഗത കൂട്ടിയിട്ട് ആ മിഷനറി ഗംഗാസമതലത്തിലെ പൊടിനിറഞ്ഞ ആ നാടൻ റോഡിൽക്കൂടി അടുത്ത ഗ്രാമത്തെ ലക്ഷ്യമാക്കി പാഞ്ഞു. അന്നു മൂന്നു മണിയ്ക്കു തൻെറ മിഷൻസ്റ്റേഷനിൽനിന്നും പുറപ്പെട്ടപ്പോൾ മഴയ്ക്കുള്ള യാതൊരു ലക്ഷണവുമില്ലായിരുന്നു. രണ്ടു മണിക്കൂറിനകം എന്തൊരു വ്യത്യാസം! എരിഞ്ഞടങ്ങുന്ന സൂര്യബിംബത്തെ കറുത്ത മേഘങ്ങൾ വിഴുങ്ങിയിരിക്കുകയാണ്. കൂററൻ മഴക്കാറുകളുമായി കൊടുങ്കാററ് ഉഗ്രസമരത്തിലെത്തിക്കഴിഞ്ഞു. അവരുടെ പോർക്കളത്തിൽനിന്നും ഉയന്ന പൂഴികൊണ്ട് അന്തരിക്ഷം നിറഞ്ഞിരിക്കുന്നു.

ഫാദർ മില്ലർ എസ്. ജെ. അടുത്തുള്ള ഹിന്ദുഗ്രാമത്തിൽ അഭയം പ്രാപിച്ചതും അങ്ങകലെ കണ്ട കൊടുങ്കാററ് ആ ഗ്രാമത്തിൽ ആഞ്ഞടിച്ചതും ഒരുമിച്ചു കഴിഞ്ഞു. മൺസൂൺ മഴക്കാലത്തിൻെറ മുന്നോടിയായ ആ കാട്ടാളക്കാററ് ആ നാട്ടുകാക്ക് അപരിചിതമല്ല. അടുത്തുനില്ക്കുന്നയാളെപ്പോലും കാണാൻ സാധിക്കാത്ത വിധം പൊടിമണ്ണ് അന്തരിക്ഷത്തെ ആവരണം ചെയ്തു. ആ ചെററക്കുടിലുകളുടെ മേൽക്കൂരകൾ പറന്നു പോകാത്തതിലാണത്ഭുതം! വൃക്ഷങ്ങൾ ഉലഞ്ഞാടുന്നു. പതിനഞ്ചു മിനിട്ടു സമയത്തെ ഉഗ്രസമരത്തിനുശേഷം ക്ഷീണിച്ച പൂഴിക്കാററ് ആ കൂററൻ മേഘങ്ങൾക്കു കീഴടങ്ങി. ഭയങ്കര മഴ തുടങ്ങുകയായി.

"ഇനി ഇന്നു പോകാൻ സാധ്യമല്ല, ഡോക്ടർ സാഹിബ്"; നേരം ഇരുട്ടിത്തുടങ്ങിയിരിക്കുന്നു, മഴ മാറുന്ന ലക്ഷണവുമില്ല; മാറിയാൽത്തന്നെ ചെളിയിൽക്കൂടി സൈക്കിളോടിക്കുക അസാദ്ധ്യം." ദരിദ്രനെങ്കിലും അതിഥിസൽക്കാരപ്രിയനായ ആ ഗ്രാമീണൻ അഭിപ്രായപ്പെട്ടു. പോരെങ്കിൽ ഒരാത്മഭിഷഗ്വരനെന്നതിനുമുപരി തൻെറ ചില്ലറ ചികിത്സകൾമൂലം "ഡോക്ടറെ"ന്നു പേരെടുത്ത ഫാ. മില്ലറാണല്ലോ തൻെറ പ്രശസ്താതിഥി. ഫാദർ മില്ലർ വിഷമത്തിലായി. അടുത്ത മിഷൻസ്റ്റേഷനിലെത്താൻ എട്ടു മൈലുണ്ട്. തിരിച്ചുപോകാമെന്നുവച്ചാൽ പന്ത്രണ്ടു മൈൽ പിറകോട്ടു പോകണം. പരിപാടികളെല്ലാം തകരുകയാണ്. അടുത്തദിവസം (മാസാദ്യശനിയാഴ്ച) ഉപസ്റ്റേഷനിൽ ദിവ്യബലിയപ്പിക്കേണ്ടതാണ്. വെള്ളിയാഴ്ച വൈകുന്നേരംതന്നെ മാമ്മോദീസാ സ്വീകരണത്തിനൊരുങ്ങുന്നവക്ക് ഒരുപദേശം നൽകേണ്ട പരിപാടിയുണ്ടായിരുന്നു. മനുഷ്യൻ ഒന്നു വിചാരിക്കുന്നു; ദൈവം മറെറാന്നു പ്രവർത്തിക്കുന്നു. അവസാനം വീട്ടുകാരൻെറ താല്പര്യപ്രകാരം ആ രാത്രി അവിടെത്തന്നെ കഴിക്കുവാൻ അച്ചൻതീരുമാനിച്ചു.

Z Z Z

"സാഹിബ്, ഡോക്ടർ സാഹിബ്."

ഫാദർ മില്ലർ ഞെട്ടിയുണർന്ന് ചുററും നോക്കി. അടുത്തു രണ്ടുപേർ നില്ക്കുന്നു: ഒരാൾ അച്ചൻെറ ആതിഥേയൻ പ്രസാദതന്നെ; അയാളുടെ പിറകിലായി ഒരു മീശക്കാരൻ യുവാവ് ഒരു റാന്തൽവിളക്കുമായി നില്ക്കുന്നു.

"എന്താ സംഗതി?" അച്ചൻ പരിഭ്രമത്തോടെ ചോദിച്ചു.

'ഈ സുന്ദറിൻെറ വീട്ടിൽ ആക്കോ എന്തോ സുഖമില്ലെന്ന്,'' പ്രസാദ് റാന്തൽവിളക്കുകാരനെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു.

''സാഹിബ്, ദയവുചെയ്തു ഒന്നു വന്നു കാണണം." സുന്ദർ പൂരിപ്പിച്ചു.



ഗ്രാമസന്ദർശനം ഫാ: മില്ലറിൻെറ മുഖ്യ പരിപാടികളിലൊന്നാണ്.

"കഷ്ടമായല്ലോ സഹോദരാ, എൻെറ കയ്യിൽ യാതൊരു മരുന്നുമില്ല; ഏതായാലും ഞാനൊന്നു വന്നു കാണാം." അച്ചൻ കട്ടിലിൽനിന്നും ചാടിയെണീററു. എവിടെപ്പോയാലും ഒരു ചെറിയ മരുന്നുപെട്ടികൂടി എടുക്കുന്ന പതിവുണ്ടായിരുന്നു. അന്ന് ദിവ്യബലിയ്ക്കും മററുമുള്ള ഉപകരണങ്ങൾ എടുത്തിരുന്നതുകൊണ്ട് മരുന്നുപെട്ടികൂടി എടുക്കുവാൻ സൗകര്യമില്ലായിരുന്നു.

മൂന്നുപേരും മുററത്തേയ്ക്കിറങ്ങി നടന്നു. അച്ചൻ പോക്കററിൽനിന്നും വാച്ചെടുത്തു നോക്കി. മണി ഒന്നു കഴിഞ്ഞിരിക്കുന്നു. മഴ നിശ്ശേഷം മാറിയെങ്കിലും മഴക്കാർ മാറിയിട്ടില്ല. കൂരിരുട്ടാണ്. രോഗിയുടെ വീട് ഒരു മുപ്പതുവാര അകലത്തിലായിരുന്നു. റാന്തൽവിളക്കിൻെറ വെളിച്ചത്തിൽ ഫാദർ മില്ലർ രോഗിയുടെ മുറിയിലേയ്ക്കു കടന്നുചെന്നു. അദ്ദേഹം രോഗിയെ ഒന്നു സൂക്ഷിച്ചു നോക്കിയിട്ട് ഞെട്ടുന്നത് മററു രണ്ടുപേരും അമ്പരപ്പോടെ നോക്കിനിന്നു.

"ഡാനിയേൽ," അച്ചൻ രോഗിയുടെ കുഴിഞ്ഞ കണ്ണുകളിലേയ്ക്കു സസൂക്ഷ്മം നോക്കിക്കൊണ്ടു വിളിച്ചു. ദയനീയമായ ഒരു നോട്ടം മാത്രമായിരുന്നു അതിനുത്തരം.

ആ വൈദികൻെറ ഹൃദയത്തിൽക്കൂടി നൂറായിരം കൊള്ളിയാൻ മിന്നലുകൾ ഒരു നിമിഷത്തിൽ കടന്നുപോയി. ഭൂതകാലാനുഭവങ്ങൾ അദ്ദേഹത്തിൻെറ മനസ്സിൽക്കൂടിക്കടന്ന് മാഞ്ഞുമറഞ്ഞുപോയി. പത്തു വർഷത്തെ അനുഭവങ്ങൾ........!! ഡാനിയേലിനേയും അവൻെറ മാതാപിതാക്കന്മാരേയും ഏഴ് സഹോദരീസഹോദരന്മാരേയും സഭാമാതാവിൻെറ മടിത്തട്ടിലെത്തിച്ചേർത്തത് ഫാദർ മില്ലർ എസ്. ജെ. തന്നെയായിരുന്നു. അന്ന് ഡാനിയേൽ പതിനൊന്നു വയസ്സു പ്രായമുള്ള ഒരു ബാലൻ മാത്രം. താൻ പാററ്നാ മിഷനിലെത്തി പ്രവർത്തനമാരംഭിച്ചിട്ട് കഷ്ടിച്ച് ആറു വർഷങ്ങൾ കഴിഞ്ഞിരുന്നതേയുള്ളു. ഡാനിയേൽക്കുടുംബത്തിൻെറ മാനസാന്തരം അദ്ദേഹത്തിൻെറ മിഷൻ തീക്ഷ്ണതയെ വളരെയധികം പ്രോത്സാഹിപ്പിച്ച ഒരു സംഭവമായിരുന്നു. ഡാനിയേലിൻെറ അനിതരസാധാരണമായ സൽസ്വഭാവവും ബുദ്ധിശക്തിയുംമൂലം അവൻ അച്ചൻെറ അതിരററ സ്നേഹത്തിനു പാത്രമായിത്തീർന്നിരുന്നു. അച്ചൻെറ അൾത്താരബാലന്മാരിൽ ഒരുവനായിരുന്നു ഡാനിയേൽ.

വർഷങ്ങൾ കഴിഞ്ഞു. യുവാവായ ഡാനിയേൽ വിവാഹിതനായി. ഡാനിയേലിൽ ചില വ്യതിയാനങ്ങൾ ഉണ്ടായി. ആദ്യമാദ്യം മതപരമായ കാര്യങ്ങളിൽ പണ്ടുണ്ടായിരുന്ന ജാഗ്രതയില്ലാതായി. ക്രമേണ.... ഞായറാഴ്ച മാത്രം പള്ളിയിൽ പോകുന്ന പതിവായി. തുടർന്ന് അടുത്തുള്ള ഹിന്ദുഗ്രാമങ്ങളിലെ ആഘോഷങ്ങളിൽ അയാളെ പലരും കണ്ടതായി പറഞ്ഞുകേട്ടു. ഞായറാഴ്ചക്കുർബ്ബാനയും മുടക്കിത്തുടങ്ങിയതോടെ അച്ചൻ അയാളെ വിളിച്ച് ഉപദേശിച്ചുനോക്കി. പക്ഷെ ഡാനിയേലിന് എന്തെങ്കിലും ഒഴിവുകഴിവു കാണും. അച്ചൻെറ ഉപദേശമെല്ലാം ശ്രദ്ധയോടെ കേൾക്കും; നല്ലനടപ്പിന് വാഗ്ദാനംചെയ്തു പിരിയുകയും ചെയ്യും. യഥാർത്ഥത്തിൽ ഡാനിയേലിൻെറ ജീവിതം ദിനംപ്രതി കൂടുതൽ കൂടുതൽ പരിതാപകരമായിത്തീർന്നതേയുള്ളു.

Z Z Z

ഡാനിയേൽ ഇപ്പോൾ വീട്ടിൽ വരുന്നത് പല ദിവസങ്ങൾ കൂടുമ്പോഴാണ്. ഭാര്യയും കുഞ്ഞും മുഴപ്പട്ടിണിയിലാണ്. സംഗതികൾ അതിൻെറ മൂർദ്ധന്യത്തിലെത്തിയത് രണ്ടു വർഷം മുമ്പാണ്. തുടർച്ചയായി രണ്ടാഴ്ച ഭർത്താവിനെ കാണാതായപ്പോൾ ഡാനിയേലിൻെറ ഭാര്യ തൻെറ വീട്ടിലേയ്ക്കു പോയി. പിന്നീടന്വേഷിച്ചതിൽ മനസ്സിലായി, ഡാനിയേൽ തൻെറ ഹിന്ദുസ്നേഹിതരുടെകൂടെയാണെന്ന്. അച്ചൻ കിണഞ്ഞു പരിശ്രമിച്ചിട്ടും ഡാനിയേലിനെ ഒന്നു കണ്ടു സംസാരിക്കുവാൻ സാധിച്ചില്ല. അദ്ദേഹം തൻെറ വിശ്വാസികളോട് ഒരു പ്രത്യേകനിയോഗത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ പള്ളിയിൽ 'വിളിച്ചുപറഞ്ഞു.'

"ഡാനിയേൽ, നിനക്കെന്തുപററി?" തൻെറ വികാരങ്ങളെ തെല്ലൊന്നു മറച്ചുകൊണ്ട് അച്ചൻ രോഗിയെ പരിശോധിച്ചു. കഠിനമായ ജ്വരം. രണ്ടാഴ്ചയ്ക്കു മുമ്പാണ് ഡാനിയേൽ സുന്ദറിൻെറകൂടെ താമസം തുടങ്ങിയത്. പനി തുടങ്ങിയിട്ട് അഞ്ചു ദിവസങ്ങളായെങ്കിലും ഇതിനകം യാതൊരു മരുന്നും കഴിച്ചിട്ടില്ല. പല കൂടോത്രപ്രയോഗങ്ങളും ചെയ്തുനോക്കി. അച്ചൻെറ മരുന്നു വാങ്ങിക്കുവാൻ ഡാനിയേൽ സമ്മതിച്ചില്ലത്രേ. കാര്യങ്ങളെല്ലാം വിവരിച്ചത് സുന്ദർതന്നെയാണ്. രോഗം അപകടനിലയിലെത്തിക്കഴിഞ്ഞെന്ന് അച്ചനറിയാം. പക്ഷെ ആ അർദ്ധരാത്രിയിൽ എന്തു ചെയ്യാനാണ്!

"നിങ്ങളാരെങ്കിലും മിഷൻസ്റ്റേഷൻവരെ ചെന്ന് വേഗം ജ്വരത്തിനുള്ള മരുന്ന് ഉപദേശിയിൽനിന്നും വാങ്ങിക്കൊണ്ടുവരണം" ഇരുവരേയും നോക്കിക്കൊണ്ട് അച്ചൻ പറഞ്ഞു.

"ഞാൻ പോയിട്ടു വരാം." സുന്ദർ സന്നദ്ധനായി.

"കഴിയുന്നത്ര വേഗം വരണം. പ്രസാദ്, ദയവുചെയ്ത് കുറച്ചു ചൂടുവെള്ളം തയ്യാറാക്കണം."

സുന്ദറും പ്രസാദും ദ്രുതഗതിയിൽ പുറത്തേയ്ക്കിറങ്ങി. അച്ചനും ഡാനിയേലും തനിച്ചായി. ആ വീട്ടിൽ മററാരുമുണ്ടായിരുന്നില്ല.

"ഡാനിയേൽ, നീ കുമ്പസാരിക്കാൻ ഒരുക്കമാണോ?" രോഗിയെ തലോടിക്കൊണ്ട് അച്ചൻ ചോദിച്ചു.

"ഹോ, ഞാനിപ്പം മരിക്കത്തൊന്നുമില്ലച്ചോ." ഒരു വശത്തേയ്ക്കു തിരിഞ്ഞുകിടന്നുകൊണ്ട് ഡാനിയേൽ ക്ഷീണിതസ്വരത്തിൽ പറഞ്ഞു.

"ഡാനിയേൽ, നിന്റെ ശരീരം ഇപ്പോഴുടനേ മരിക്കുകയില്ലായിരിക്കാം. പക്ഷേ, നിന്റെ ആത്മാവ് മരിച്ചു മരവിച്ചിരിക്കുകയാണെന്നകാര്യം മറക്കരുത്." അച്ചൻ വേദനയോടെ പറഞ്ഞു.

ഡാനിയേൽ അതിനുത്തരം പറഞ്ഞില്ല. അയാളിൽ നടക്കുന്ന ആന്തരിക സമരത്തിന്റെ ലക്ഷണങ്ങൾ വിളറിയ ആ മുഖത്ത് സ്ഫുരിച്ചു കാണാമായിരുന്നു.

"ഡാനിയേൽ, നീ വിചാരിക്കുന്നവിധം ഇത്ര പ്രയാസമുള്ള കാര്യമല്ല; നീയൊന്നാരംഭിക്കു, ഞാൻ സഹായിച്ചുകൊള്ളാം. നിന്നെ രക്ഷിക്കുന്നതിനു വേണ്ടി മാത്രമാണ് ഈ രാത്രിയിൽ കരുണാനിധിയായ ദൈവം എന്നെ ഇവിടെയെത്തിച്ചത്."

ഡാനിയേൽ കണ്ണിമയ്ക്കാതെ അച്ചന്റെ കണ്ണുകളിലേയ്ക്ക് കുറച്ചധികസമയത്തേയ്ക്ക് തറച്ചുനോക്കി. ഇരുവരുടേയും കണ്ണുകൾ നിറഞ്ഞു. ആയാളുടെ നിരുവച്ച നാവനങ്ങി; പാപങ്ങൾ ഏററുപറഞ്ഞു. പശ്ചാത്താപത്തിന്റെ കണ്ണുനീർത്തുള്ളികൾ ആനന്ദത്തിന്റെ പ്രതീകങ്ങളായി മാറി.

സമയം വീണ്ടും ഇഴഞ്ഞുനീങ്ങി. നാലരമണിയോടുകൂടി സുന്ദർ മരുന്നുമായി ഓടിക്കിതച്ചു വന്നുചേർന്നു. രാവിലെ ഡാനിയേലിനെ പതിനഞ്ചു മൈലകലെയുള്ള പട്ടണത്തിലെ ആശുപത്രിയിലേയ്ക്കു മാററാമെന്നുവച്ച് അച്ചൻ തന്റെ പരിപാടികളെല്ലാം റദ്ദു ചെയ്തു. അന്ന് അതിരാവിലെ ആ ഹിന്ദുഗ്രാമത്തിൽ ദിവ്യരക്ഷകൻ ദിവ്യബലിയിലൂടെ ആദ്യമായി ആഗതനായി. തുടർന്ന് ഡാനിയേലിന്റെ കഴുകപ്പെട്ട ഹൃദയത്തിലേയ്ക്ക് മൂന്നു നീണ്ട വർഷങ്ങൾക്കുശേഷം വീണ്ടും ദിവ്യകാരുണ്യനാഥൻ എഴുന്നെള്ളി.



അങ്ങനെ ദിവ്യനാഥൻ ആദ്യമായി ആ ഗ്രാമവാസികളുടെയിടയിലാഗതനായി; തുടർന്ന് ഡാനിയേലിന്റെ ഹൃദയത്തിലേയ്ക്കും.

ആറു മണിയോടുകൂടി പെട്ടെന്ന് ഡാനിയേലിന് ഒരു ബോധക്ഷയമുണ്ടായി. മരണം വളരെയടുത്തിട്ടുണ്ടെന്ന് എല്ലാവർക്കും ബോധ്യമായി. വിവരം കേട്ടറിഞ്ഞോടിയെത്തി, ഡാനിയേലിന്റെ ഭാര്യയും ബന്ധുക്കളും. അല്പസമയത്തിനുശേഷം സുബോധം വന്നെങ്കിലും ഡാനിയേലിന്റെ സംസാരശക്തി നശിച്ചിരുന്നു. അന്ത്യകൂദാശയ്ക്കുള്ള ഉപകരണങ്ങൾ അച്ചന്റെ കൈവശമില്ലായിരുന്ന സ്ഥിതിയ്ക്ക് മരണാസന്നർക്കായുള്ള പ്രാർത്ഥന ഉടനാരംഭിച്ചു.

ഡാനിയേൽ മയങ്ങിക്കിടക്കുകയാണ്. ചുറവം കാത്തുനിന്നിരുന്ന ബന്ധുമിത്രാദികളുടെ വേദനാസങ്കരമായ പ്രാർത്ഥനാശബ്ദം ആ മുറിയുടെ ഭയാനകമായ അന്തരീക്ഷത്തെ ഭേദിച്ചു.

"ശുദ്ധമാന മറിയമേ.........."

പെട്ടെന്ന് ഡാനിയേലിന്റെ നാവ് വീണ്ടും അനങ്ങി. "നന്മനിറഞ്ഞ മറിയ...."ത്തിന് ഉത്തരം മററുള്ളവരോടുകൂടെ ഡാനിയേലും ഏററുചൊല്ലി. എല്ലാവരും അമ്പരന്ന് പരസ്പരം നോക്കി. അച്ചൻ തന്റെ പരിഭ്രമം പുറത്തു കാണിയ്ക്കാതെ പ്രാർത്ഥന തുടർന്നു.

"രോഗികളുടെ ആശ്വാസമേ"

"ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ."

"പാപികളുടെ സങ്കേതമേ"

"ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ."

ദൈവമാതാവിന്റെ ലുത്തിനിയാ ചൊല്ലിയപ്പോൾ ഡാനിയേലിന്റെ സ്വരം മുന്നിട്ടുനിന്നു. ലുത്തിനിയാ അവസാനിച്ചതോടെ ഡാനിയേലിന്റെ സംസാരശക്തി വീണ്ടും നിലച്ചു.

അടുത്തു നിന്നിരുന്നവരുടെ അത്ഭുതത്തിനതിരില്ലായിരുന്നു. ഈ സംഭവങ്ങളുടെ പിന്നിൽ എന്തോ രഹസ്യം ഒളിഞ്ഞു കിടപ്പുണ്ടെന്ന് അച്ചനറിയാം. പക്ഷേ, അതെന്തായിരിക്കാം?... ഒരു പിടിയും കിട്ടുന്നില്ല. എന്താ, ഡാനിയേലിനു മാതാവിനോട് പ്രത്യേകഭക്തി വല്ലതുമുണ്ടായിരുന്നോ? അതു വിശ്വസിക്കാൻ പ്രയാസം; അയാൾ കൂദാശകൾ മുടക്കി; പ്രാർത്ഥിച്ചിട്ട് വർഷങ്ങൾ പലതായി. രണ്ടു വർഷങ്ങൾക്കു മുമ്പ്, വീടുപേക്ഷിക്കുന്നതിനു മുമ്പുതന്നെ കുടുംബപ്രാർത്ഥനകളിൽ വിമുഖത കാണിച്ചിരുന്ന കാര്യം അയാളുടെ ഭാര്യ പറഞ്ഞു കേട്ടിട്ടുണ്ട്. ഭാര്യയെ ഉപേക്ഷിച്ച് ഹിന്ദുസമ്പർക്കത്തിൽ കഴിയുന്ന ഡാനിയേലിന് മാതാവിനോട് വിശേഷഭക്തിയുണ്ടെന്നോ?

ഇതിനിടയിൽ ഡാനിയേൽ അസ്വസ്ഥചിത്തനായി എന്തോ തിരക്കുന്നതു കണ്ടു് അയാളുടെ ഭാര്യ സഹായത്തിനെത്തി. അയാളുടെ പുതപ്പു് സ്വല്പമൊന്നു നീക്കിയപ്പോഴാണു് അമലോത്ഭവ മാതാവിന്റെ ഒരു കാശുരൂപം കട്ടിലിൽ വീണുകിടക്കുന്നതു കണ്ടതു്!

ആ രോഗശയ്യയ്ക്കു സമീപേ ആ വൈദികൻ ചിന്തയിൽ മുഴുകിനിന്നു. ആ കാശുരൂപം....പത്തു വർഷങ്ങൾക്കു മുമ്പു് താൻ ഡാനിയേലിനു സമ്മാനിച്ച ദിവ്യമാതാവിന്റെ ആ കാശുരൂപംതന്നെ!! സംശയങ്ങളെല്ലാം മാറി; മരണാസന്നനായ ആ യുവാവിന്റെ പക്കലേക്കു തന്നെ നയിച്ച അത്ഭുതശക്തിയുടെ രഹസ്യം അദ്ദേഹത്തിനു മനസ്സിലായി. അദ്ദേഹം അത്ഭുതസ്തബ്ധനായിപ്പോയി. വിവിധ ചിന്തകൾ തന്റെ ബോധത്തിലേയ്ക്കു തുളച്ചു കയറി: ആ കാശുരൂപം....കഴിഞ്ഞകാലസംഭവങ്ങൾ .....ഭാര്യയിൽനിന്നുമുള്ള ഡാനിയേലിന്റെ വേർപാടു് തുടർന്നുള്ള ആ അലഞ്ഞുതിരിയൽ.... ഈ വിസ്മയകരമായ മനംമാററം ഇവയെല്ലാംതമ്മിൽ ദുർഗ്രഹമെങ്കിലും യഥാർത്ഥമായ ഒരു ബന്ധമുണ്ടെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. കഴിഞ്ഞ മൂന്നു വർഷക്കാലത്തേയ്ക്കു് പൂജ്യമായ ആ കാശുരൂപം അയാളുടെ അവഗണനയ്ക്കു വിധേയമായി ചില നാണയത്തുട്ടുകളുടെകൂടെ പോക്കററിൽ കിടന്നിരുന്നു.

അച്ചൻ കാശുരൂപമെടുത്തു് ഡാനിയേലിന്റെ കൈയിലേയ്ക്കു കൊടുത്തു. അയാളുടെ മുഖം പ്രകാശിച്ചു. അതിനെ ചുംബിയ്ക്കുവാനാണെന്നു തോന്നുന്നു, അയാൾ തന്റെ കരങ്ങളുയർത്തി മുഖത്തോടടുപ്പിക്കുവാൻ ശ്രമിച്ചു. പക്ഷേ, ശക്തി ക്ഷയിച്ച ആ കരങ്ങൾ അയാളുടെ മാറിലേയ്ക്കു് തളർന്നു വീണു.

ഡാനിയേലിന്റെ ആത്മാവു് സ്വതന്ത്രയായിക്കഴിഞ്ഞു. വീട്ടിൽനിന്നും മൂന്നു വർഷത്തിലധികം വഴി തെററി നടന്ന ആ ധൂർത്തപുത്രൻ തന്റെ അമ്മയുടെ പക്കലേയ്ക്കു് വീണ്ടും യാത്രയായി.


ഈഗിൾ മാർക്ക്
സൂര്യ മാർക്ക്
കിളി മാർക്ക്
മാൻ മാർക്ക്
എന്നീ ശീലക്കുടകൾക്ക്
E. P. DEVASSY
MUNICIPAL OFFICE ROAD TRICHUR.


# മറിയത്തിന്റെ ചിന്തകൾ*

ഫാദർ എസ്. തേർമഠം എം. ഒ. എൽ.

(1)

മറപുക്കു മറഞ്ഞുമേതിനും
മുറയുണ്ടാക്കിയ വിശ്വനായക
പറയാം തവ തൃക്കരങ്ങൾ താൻ
തിറമായ് താങ്ങുവതുഴിയാകയും

(2)

ഒളിപൂണ്ടു വിശാലമായിട്ടു_
ന്നളികത്തിങ്കലെഴും പ്രകാശവും
കുളിർചില്ലുകളുല്ലസിച്ചിടും
നളിനം വെന്ന വിമോഹനാസ്യവും

(3)

പുകൾപൂണ്ട ചരാചരങ്ങളെ-
പ്പുകക്കൂടാതെ വഹിച്ച ശീർഷവും
മികവുറെറാരു മേഘമാലയും
തകരും കോമളനീലകേശവും

(4)

പുരുമോക്ഷപദത്തെയും തെളി_
ച്ചൊരുവാറുണ്ട വിളക്കുപോലെഴും
കരുണാമകരന്ദപൂർണ്ണമാ_
മിരുനീലോല്പലലോലനേത്രവും

(5)

സുവിശേഷമകരന്ദമാളുമാ_
പ്പവിഴച്ചെപ്പൊടെതിർത്ത രോഷ്ഠവും
ഭുവി ശീതളചാരുചന്ദ്രികാ_
ഛവി ചിന്തിടിന മന്ദഹാസവും

(6)

ഭുവനത്രയമെന്നുമാദരാ_
ലവനംചെയ്യു വിശാലചിത്തവും
ഭവവിത്തുകനിഞ്ഞിടയ്ക്കിടെ-
യ്ക്കവധാനത്തിൽ വിതച്ച ഹസ്തവും

(7)

ഒളിയാംകടലിൽ കുളിച്ചു,തി-
ങ്കളിനൊക്കും കുളിർകോമളാംഗവും
തെളിവററൊരു തിന്മയെ തുലോം
കളിയായിട്ടു മെതിച്ച പാദവും

(8)

പഴുതററൊരു പീഡ പൂണ്ടു ഞാൻ
മുഴുവൻ ചിന്തനചെയ്യു കേഴുകിൽ
കഴവിന്നുമുദിക്കുകില്ലി,മാൽ
കഴുകീടുന്നൊരു കണ്ണുനീർക്കണം.

---

* 'കുരിശിൻ ചുവട്ടിലെ മേരി' എന്ന ഖണ്ഡകാവ്യത്തിൽ നിന്നു്.

# ★ ചരിത്രം സൃഷ്ടിച്ച ആ കൂടിക്കാഴ്ച ★

**— ജെ. സി. മാപ്ര —**

## IV

*ക്രൈസ്തവലോകത്തിൽ ഇന്നൊരു ജീവൽപ്രശ്നമായിരിക്കുന്ന പുനരൈക്യരംഗത്തിലെ പ്രധാന കക്ഷികളായ ഓർത്തഡോക്സു സഭകളുടെ ചരിത്രത്തിലേയ്ക്കു് വെളിച്ചം വീശുന്ന വിജ്ഞാനപ്രദമായ ലേഖനപരമ്പരയിൽ നാലാമത്തേതാണിതു്. — മേ. പ.*

### സേർബിയ (യുഗോസ്ലാവിയ)

#### പാത്രിയർക്കീസ്

ഇദ്ദേഹം ബൽഗ്രേഡിലാണ് താമസിക്കുക. ഹോളി സിനഡ്, മെത്രാന്മാരുടെ കൗൺസിൽ ഇവയുടെ സ്ഥിരം പ്രസിഡണ്ടും പാത്രിയർക്കീസുതന്നെയാണ്. അദ്ദേഹത്തിനു മെത്രാന്മാരെ വാഴിക്കുന്നതിനും വിശുദ്ധ തൈലം കൂദാശ ചെയ്യുന്നതിനും അധികാരമുണ്ട്. സിവിലധികാരികൾക്കു സ്വീകാര്യനായ ഒരാളെ മെത്രാന്മാരുടേയും വൈദികന്മാരുടേയും കൗൺസിൽ പാത്രിയർക്കീസു സ്ഥാനത്തേയ്ക്കു തെരഞ്ഞെടുക്കുന്നു.

#### മെത്രാന്മാർ

പാത്രിയർക്കീസൊഴികെ 'മൂന്നു' മെത്രാപ്പോലീത്താമാരും 'നാലു' മെത്രാന്മാരുമാണുള്ളതു്. ഒഴിവു വരുന്ന മെത്രാസനങ്ങളിലേയ്ക്കു് അവരുടെ കൗൺസിൽ ഒരു പുതിയ മെത്രാനെ — സിവിലധികാരികളുടെ അംഗീകാരത്തോടെ — തെരഞ്ഞെടുക്കുന്നു.

#### മെത്രാസംബ്ളി

മെത്രാന്മാരുടെ ഈ കൗൺസിലിനു് ആരാധന, ഡിസിപ്ളിൻ തുടങ്ങിയ കാര്യങ്ങളിൽ നിയമങ്ങൾ നിർമ്മിക്കാനുള്ള അധികാരം ഉണ്ട്.

#### ഹോളി സിനഡ്

ആറു മെത്രാന്മാർ അംഗങ്ങളായുള്ള ഇതിന്റെ പ്രസിഡണ്ട് പാത്രിയർക്കീസാണ്. ഇതാണ് പരമാധികാരഎക്സിക്യൂട്ടീവ്, അഡ്മിനിസ്റ്ററേട്ടീവ് ഇവയായി പ്രവർത്തിക്കുക.

#### വൈദികന്മാർ

വൈദികന്മാർ എണ്ണത്തിലും പരിശീലനത്തിലും തുലോം പിമ്പിലാണ്. 2400-ൽ 700 ഇടവകകളിൽ വൈദികന്മാരില്ല. ദൈവവിളികളും കുറവാണ്. ബൽഗ്രേഡിൽ ഒരു തിയോളാജിക്കൽ കോളെജിനു പുറമെ രണ്ടു സെമിനാരികളും ഉണ്ട്. ഇവയിൽ 300-ഓളം വിദ്യാർത്ഥികളുണ്ട്.

### റുമേനിയ

#### പാത്രിയർക്കീസ്

വൈദികന്മാരുടേയും അൽമായരുടേയും സിവിലധികാരികളുടേയും പ്രതിനിധികളടങ്ങിയ ഒരു തെരഞ്ഞെടുപ്പുകൗൺസിൽ ഇദ്ദേഹത്തെ തെരഞ്ഞെടുക്കുന്നു. നാഷണൽ സഭാ കൗൺസിൽ, അസംബ്ളി, ഹോളി സിനഡ് ഇവയുടെ പ്രസിഡണ്ടുംകൂടിയായ പാത്രിയർക്കീസു് വിശുദ്ധ തൈലം കൂദാശ ചെയ്യുന്നു.

#### മെത്രാന്മാർ

ആകെ അഞ്ചു മെത്രാപ്പോലീത്തൻ-പ്രൊവിൻസുകളാണുള്ളതു്. ഓരോ 750000 വിശ്വാസികൾക്കും ഒരു മെത്രാൻവീതം വേണമെന്നതു് സിവിൽ നിയമമാണ്. മെത്രാനെ തെരഞ്ഞെടുക്കുക നാഷണൽ ചർച്ച് അസംബ്ളിയും ഏതദ്ദേശീയ രൂപതാകൗൺസിലും കൂടിയാണ്. രണ്ടു് ഗവ. പ്രതിനിധികളും ഈ തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നു.

#### ഹോളി സിനഡ്

മതപരമായ കാര്യങ്ങളിൽ ഇതിനാണു് പരമാധികാരം. ഇതിൽ എല്ലാ മെത്രാന്മാരും പങ്കെടുക്കുന്നു. നാലു് ആർച്ചുബിഷപ്പന്മാരും പാത്രിയർക്കീസും ചേ‍ന്ന ഒരു സ്ഥിരം കമ്മീഷൻ ഇതിനുണ്ട്.

#### നാഷണൽ ചർച്ച് അസംബ്ളി

ഈ അസംബ്ളിയിലേയ്ക്കു് ഓരോ രൂപതയിൽ നിന്നും വൈദികന്മാരുടേയും അൽമായരുടേയും ഓരോ പ്രതിനിധികൾവീതം അംഗങ്ങളായുണ്ട്. ഓരോ അംഗത്തിനും നാലു കൊല്ലത്തെ കാലാവധിയാണുള്ളതു്. ഇതിന്റെ സമ്മേളനങ്ങളിൽ ഹോളി സിനഡും പങ്കെടുക്കുന്നു. ഫൈനാൻസു് പോലെയുള്ള കാര്യങ്ങൾ ഉത്തരവാദപൂർവ്വം ഈ കൗൺസിൽ കൈകാര്യം ചെയ്യുന്നു.

#### നാഷണൽ ചർച്ച് കൗൺസിൽ

നാഷണൽ അസംബ്ളിയുടേയും ഹോളി സിനഡിന്റേയും എക്സിക്യൂട്ടീവ് ഓർഗനാണിതു്. മൂന്നു വൈദികന്മാരും ആറ് അൽമായരുമുൾപ്പെടെ ഒമ്പതു് അംഗങ്ങളുണ്ടിതിൽ. ഇതിന്റെ കാലാവധി നാലു വർഷമാണ്. പ്രസിഡണ്ട് പാത്രിയർക്കീസാണ്.

#### വൈദികർ

'രണ്ടു്' വൈദികവിദ്യാമന്ദിരങ്ങളാണ് പ്രധാനമായുള്ളതു്. എന്നാലിവയിലെ കോഴ്സു തുടങ്ങുന്നതിനു മുമ്പു് ഒരു വിദ്യാർത്ഥി മൂന്നു വർഷത്തെ പ്രിലിമിനറി കോഴ്സ് പൂർത്തിയാക്കിയിരിക്കണമെന്നുണ്ട്. ദൈവാരാധന, പാസ്റ്ററൽജോലികൾ ഇവയ്ക്കുപുറമെ,

'Ideological indoctrination' എന്ന വിഷയവും ഓരോ വിദ്യാൎത്ഥിയും പഠിക്കേണ്ടതായുണ്ട്. സാധാരണ ജനങ്ങൾ ചെയ്യുന്ന സാധാരണ ജോലികൾ വൈദികന്മാൎക്കു നിഷിദ്ധമാണ്.

## ബൾഗേറിയ

### പാത്രിയർക്കീസ്

ഗവണ്മെൻറധികാരികൾ അംഗീകരിച്ചു നിർദ്ദേശിക്കുന്ന മൂന്നുപേരിലൊരാൾ പാത്രിയക്കീസായി തെരഞ്ഞെടുക്കപ്പെടുന്നു.

### മെത്രാന്മാർ

ആകെ പതിനൊന്നാണുള്ളതു്. മെത്രാപ്പോലീത്താമാരായാണറിയപ്പെടുക. ഓരോ മെത്രാനും ഓരോ രൂപതാകൗൺസിലുകളുണ്ടു്. ഇതിലെ അംഗങ്ങൾ വൈദികരിൽനിന്നു തെരഞ്ഞെടുക്കപ്പെട്ടവരാണു്. വൈദികരും ജനങ്ങളും അംഗീകരിച്ച രണ്ടിൽ ഒരാളെ ഹോളി സിനഡ് ഒഴിവുവന്ന രൂപതയിൽ മെത്രാനായി നിയമിക്കുന്നു.

### ഹോളി സിനഡ്

ഇതിനാണ് ആദ്ധ്യാത്മികകാര്യങ്ങളിൽ പരമാധികാരം. ഇതിൻേറയും പ്രസിഡണ്ടു് പാത്രിയക്കീസാണ്. ഇതിലെ മററംഗങ്ങളായ നാലു മെത്രാന്മാർ തെരഞ്ഞെടുക്കപ്പെടുന്നു. ഒരു തെരഞ്ഞെടുപ്പിൻെറ കാലാവധി നാലു കൊല്ലമാണ്.

### നാഷണൽ ചൎച്ച് കൗൺസിൽ

നിയമനിൎമ്മാണം, അവയുടെ നടപ്പിലാക്കൽ തുടങ്ങിയ കാര്യങ്ങൾ ഇതിൻെറ അധികാരപരിധിയിൽ പെടുന്നു. ഇതിൽ ഓരോ രൂപതകളിൽനിന്നും ഒരു തദ്ദേശീയ മെത്രാൻ, മൂന്നു വൈദികപ്രതിനിധികൾ, നാലു് അൽമായപ്രതിനിധികൾ, സിവിൽ പ്രതിനിധികൾ ഇപ്രകാരം വന്നുചേരുന്നു. പ്രസിഡണ്ടു് പാത്രിയക്കീസായിരിക്കും.

### വൈദികന്മാർ

സോഫിയായിൽ ഉന്നത ഗ്രേഡിലുള്ള ഒരു തിയളോജിക്കൽ അക്കാദമിയും ഒരു വിപുലമായ സെമ്മിനാരിയും ഉണ്ടു്. കുറെപ്പേരെ ഉന്നതബിരുദത്തിനായി പുറത്തേയ്ക്കു വിട്ടെന്നെങ്കിലും മിക്കവാറും ഇപ്പോഴുള്ള വൈദികന്മാർ പരിശീലനരഹിതരായാണ് കണ്ടുവരിക. ഗവണ്മെൻറിൽനിന്നു സബ്സിഡികൾ ലഭിച്ചിട്ടുപോലും ഇവരുടെ സാമ്പത്തികസ്ഥിതി മോശമെന്നേ പറയേണ്ടു. $7\frac{1}{2}$ മില്യം ആളുകളുള്ളതിൽ 83%-ഉം ഓത്തഡോക്സുകളാണ്.

•

അദ്ധ്യാപകൻ: വീട്ടിൽ വെള്ളംകൊണ്ടുള്ള ഉപയോഗം എന്താണു്?

ആലീസ്: സാറെ, എൻെറ വീട്ടിൽ, കുരിശുവരയ്ക്കുമ്പോൾ ഉറങ്ങുന്നവരുടെ തലയിലൊഴിക്കാൻ വല്യപ്പനു് വെള്ളം അത്യാവശ്യമാണ്.

# മരിയാംബികേ!

(മണവാളൻ വന്നല്ലോ........)

മരിയാംബേ! വാഴ്ത്തിടാം,
മധുഗാനം പാടിടാം,
മണിമാല്യമണിയിച്ചിടാം– ജനനീ,
മഹിയിതിൽ വരമാരി ചൊരിയേണമെ–
താ‌യേ, ചൊരിയേണമെ.

1. അമലയായ് ജനിച്ചോരെൻ വിമലാംബേ,
വരുന്നു ഞാൻ,
അരുമയാം കരങ്ങളിലഭയം തേടാൻ_
അമ്മേ, അഭയം തേടാൻ. മരിയാ....

2. പുലരിതൻ കുളുർമ്മയിൽ പുതുമണം പരത്തുന്ന
മധുവൂറും പുതുപുണ്യ നറുമലരേ!
പുണ്യ നറുമലരേ! മരിയാംബേ....

3. നഭസ്സിൻെറ വിരിമാറിൽ സുഭഗത പരത്തിടും
പ്രഭയേറുമൊരു വെള്ളിത്താരമാണു നീ!
വെള്ളിത്താരമാണു നീ! മരിയാംബേ....

4. കരങ്ങൾക്കു കരുത്തേകാൻ, കരളിന്നു കുളിരേകാൻ
വരണമെൻ പ്രിയമാതേ, മരിയാംബികേ!
അമ്മേ, മരിയാംബികേ! മരിയാംബേ....

*സി. മാർട്ടിൻ മേരി.*



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

•

— അവിട്ടത്തൂർ

## ഉപകാരസ്മരണ

•

*നിത്യസഹായമാതാവിൻെറ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.* – പി. എൽ. ടോം, എരനെല്ലൂർ.

ദേവാനന്ദ്

# മരിയദാസികൾ

‘രത്നങ്ങളുടെ നാടെ’ന്നു പ്രസിദ്ധിയാർജ്ജിച്ച സാമ്പൽപൂർ രൂപതയിൽ മിഷൻവേല ചെയ്യുന്ന ഒരു സന്ന്യാസിനീസമൂഹമാണ് മരിയദാസികൾ. കേരളത്തിന്റെ രണ്ടിരട്ടി വലിപ്പമെങ്കിലുമുള്ള ഈ രൂപതയിൽ മിഷൻ പ്രവർത്തനം നടത്തുന്ന മിഷനറിമാരെ സഹായിക്കുന്നതിൽ മരിയദാസികൾ ഒരു നല്ല പങ്കു വഹിക്കുന്നുണ്ട്. പ്രാദേശികാവശ്യങ്ങൾക്ക് ഒരു തിരുമാനമെന്നോണം വളർന്നുവന്ന് സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്ന പല സന്ന്യാസിനീസമൂഹങ്ങളിൽ ഒന്നാണ് മരിയദാസികളുടേത്. സഭാംഗങ്ങളുടെ വസ്ത്രധാരണരീതി സാധാരണ സ്ത്രീകളുടേതിൽനിന്നു വളരെ വിഭിന്നമല്ല. സാരിയാണ് ഇവർ ഉപയോഗിക്കുന്നത്. ദേശീയാചാരങ്ങൾ സ്വീകരിച്ചതുകൊണ്ട് ഇവക്കു ജനങ്ങളുമായി എളുപ്പത്തിൽ ഇടപഴകുന്നതിനു സാധിക്കുന്നു.

## ആരംഭം

1943_ൽ ഒറീസ്സാക്കാരായ അഞ്ചു പെൺകുട്ടികളെ ചേർത്ത് ഫാദർ ഹാരിസൺ എന്ന ഈശോസഭാവൈദികൻ ഒരു സഭ ആരംഭിച്ചു. എതദ്ദേശീയർ മിഷൻ പ്രവർത്തനരംഗത്തിറങ്ങേണ്ട ആവശ്യം നല്ലപോലെ മനസ്സിലാക്കിയിരുന്നതിനാലാണ് അദ്ദേഹം ഇതിനുവേണ്ടി മുൻകൈയെടുത്തു പ്രവർത്തിച്ചത്. 1909 മുതൽ ഒറീസായിൽ മിഷൻപ്രവർത്തനം നടത്തിയിരുന്ന "കുരിശിന്റെ പുത്രിമാർ" എന്നറിയപ്പെടുന്ന സന്ന്യാസിനീസഭയുടെ സംരക്ഷണയിൻകീഴിലാണ് ഈ പുതിയ സഭയിലെ അംഗങ്ങൾ അഭ്യസനം ആരംഭിച്ചത്.

## വളച്ച

"അങ്ങനെ രൂപമെടുത്ത മരിയദാസികളുടെ സമൂഹം (Handmaids of Mary) ഒരുപ്രകാരത്തിൽ ഒരു വ്യാഴവട്ടത്തെ അതിജീവിച്ചു." 1948_വരെ റാഞ്ചി അതിരൂപതയുടെ ഒരു വിഭാഗമായിരുന്ന സാമ്പൽപ്പൂരിൽ ഈശോസഭാംഗങ്ങളാണ് മിഷൻ പ്രവർത്തനം നിർവ്വഹിച്ചിരുന്നത്. 1948-ൽ ദൈവവചന സഭക്കാർ (S. V. D.) ഈ മിഷൻ ഏറ്റെടുത്തു. 1951-ൽ റാഞ്ചി രൂപതയിൽനിന്നും വിഭാജിതമായി സാമ്പൽപ്പൂർ രൂപത മോൺ ഹെർമൻ വെസ്റ്റർമാൻ തിരുമനസ്സിലെ മേൽനോട്ടത്തിൽ പുരോഗമനപരമായ പലതും നേടിയെടുത്തുകഴിഞ്ഞിരുന്നു. അടുത്തതായി അദ്ദേഹത്തിന്റെ ശ്രദ്ധ പുതുതായി ഉടലെടുത്ത ഈ സന്ന്യാസിനീസഭയുടെ നേർക്കു തിരിഞ്ഞു. 1953-ൽ അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം 17 വർഷത്തോളം കുരിശിന്റെ പുത്രികളുടെ സഭയിലെ ഒരംഗമായിരുന്ന മദർ മരിയ അനസ്റ്റാസിയ സ്വന്തം സഭയെ വിട്ട് മരിയദാസികളുടെ എല്ലാ ഉത്തരവാദിത്വവും ഏറ്റെടുത്തു. അങ്ങനെ അനുസ്യൂതം വളർന്നുവന്ന ഈ സമൂഹത്തിൽ ഇപ്പോൾ 150 അംഗങ്ങളുണ്ട്. 26 അത്ഥിനികളും പഠനം നടത്തുന്നു. ഒരു നല്ല വിഭാഗം കേരളീയർ ഇതിലുൾപ്പെടുന്നു. മദർ ജനറലും മലയാളിതന്നെ.

## പ്രവത്തനങ്ങൾ

അംഗങ്ങളിൽ ചിലർ അദ്ധ്യാപനജോലിയിൽ ഏപ്പെട്ടിരിക്കുന്നു. ‘മദർഹൗസി’നോടടുത്തു കലുംഗയിൽ സാമാന്യം വലിയ ഒരാസ്പത്രിയും മററു പല മിഷൻ സ്റ്റേഷനുകളിൽ ഡിസ്പെൻസറികളും ഇവർ നടത്തുന്നുണ്ട്.

മരിയദാസികൾ ഗ്രാമങ്ങൾതോറും പോയി കൂദാശകൾ ഭക്തിയോടും ഭംഗിയായും സ്വീകരിക്കുന്നതിനു ജനങ്ങളെ ഒരുക്കുന്നു. ചിലപ്പോൾ രണ്ടുമൂന്നാഴ്ചക്കാലം ഒരു ഗ്രാമത്തിൽ താമസിക്കേണ്ടിവരും. ആളുകൾക്കു ജോലി കൂടുതലുള്ളപ്പോൾ രാത്രിസമയത്താണ് മതപഠനക്ലാസ്സുകൾ നടത്തുക. മൂന്നാമത്തെ ആഴ്ചയുടെ അവസാനത്തിൽ മിഷനറിവന്നു പരീക്ഷ നടത്തും; പാസ്സാകുന്നവരെ കൂദാശകൾ സ്വീകരിക്കുന്നതിനു തെരഞ്ഞെടുക്കുകയും ചെയ്യും. ഗ്രാമത്തിൽ കഴിച്ചുകൂട്ടുന്ന ഈ കാലയളവിൽ വീടുകൾതോറും കയറിയിറങ്ങി രോഗികളെ ശുശ്രൂഷിക്കും. പലപ്പോഴും മരണാസന്നരായ കുട്ടികൾക്കു മാമ്മോദീസാ നല്കുവാൻ ഇതുമൂലം സാധിക്കുന്നുണ്ട്. മടിയന്മാരായ കുട്ടികളെ തേടിപ്പിടിച്ചു വേദപാഠം പഠിപ്പിക്കുന്നതിനും മന്ദവിശ്വാസികളെയും മതമുപേക്ഷിച്ചവരെയും ഉപദേശിക്കുന്നതിനും വീടുസന്ദർശനം അവസരങ്ങൾ നല്കുന്നു. ഒരു ഗ്രാമത്തിലെ ജോലി കഴിയുമ്പോൾ മറെറാരു ഗ്രാമത്തിലേക്കു തിരിക്കും.

"പല വിധത്തിലും കഷ്ടതയനുഭവിക്കുന്ന ജനവിഭാഗത്തിന്റെ മദ്ധ്യത്തിലേക്കു കൈയ്യിൽ മരുന്നും ചുണ്ടുകളിൽ പുഞ്ചിരിയും ഹൃദയം നിറയെ സ്നേഹവുമായി ഇറങ്ങിച്ചെല്ലുന്ന മരിയദാസികൾ താങ്ങാനാവാത്ത ഹൃദയഭാരവും പേറിനടക്കുന്ന പാവപ്പെട്ടവക്ക് ഒരു വലിയ ആശ്വാസമാണരുളുന്നത്. ത്യാഗത്തിന്റെ ബലിവേദിയിലപ്പിക്കപ്പെടുന്ന ഇവരുടെ ജീവിതം വിങ്ങിപ്പൊട്ടുന്ന എല്ലാ ഹൃദയങ്ങൾക്കും ആശ്വാസമേകുന്ന കുളിർക്കാററായി രൂപംപൂണ്ട് എല്ലായിടത്തും ചുററിയടിക്കുകയാണ്. സ്നേഹത്തിന്റേതായ മാധുര്യത്തിലും, സേവനത്തിന്റേതായ കൃതാത്ഥതയിലും സർവ്വോപരി സ്വന്ത വിശുദ്ധീകരണത്തിലും മററുള്ളവരുടെ ആത്മരക്ഷയിലും ഇവർ തങ്ങളുടെ ജീവിതലക്ഷ്യം കണ്ടെത്തുന്നു. ശബ്ദായമാനമല്ലെങ്കിലും ഒരു മരിയദാസിയുടെ ജീവിതം തികച്ചും അത്ഥപൂർണ്ണമാണ്."

*കൂടുതൽ വിവരങ്ങൾക്ക് എഴുതുക.*

Rev. Mother General H. M.
The Handmaids of Mary
Kalunga P. O.
Sundargarh Dt.
E. Rly. Crissa.

# ദിവ്യകാരുണ്യസ്വീകരണം—സ്നേഹൈക്യങ്ങളുടെ മഞ്ജുളപ്രതീകം

**— സിൽവസ്റ്റർ ഏഴമല —**

നമ്മുടെ നാട്ടിൽനിന്നും അല്പം വിഭിന്നമാണ് പടിഞ്ഞാറൻ നാടുകളിലെ ആഹാരരീതി. നാം നിലത്തു ചമ്പ്രംപടിഞ്ഞിരിക്കുമ്പോൾ പാശ്ചാത്യർ മേശയ്ക്കു ചുററുമിരുന്നാണ് ഭക്ഷിക്കുക. ഒരു മേശയില്ലാത്ത വീട് പാശ്ചാത്യനാടുകളിൽ കാണുകയില്ല. ഫാക്ടറിയിൽ ജോലിക്കു പോകുന്ന മകനും ആസ്പത്രിയിൽ സേവനം ചെയ്യുന്ന മകളും വിദ്യാലയത്തിൽ പോകുന്ന കുട്ടികളും എല്ലാം ഭക്ഷണമേശയ്ക്കു ചുററും ഒന്നിച്ചുകൂടുന്നു. കുടുംബസ്നേഹത്തിന്റെ സുഭഗബന്ധങ്ങൾ ഉണരുകയും മേദുരമായി ചലിക്കുകയും ചെയ്യുന്ന സമയമാണിത്.

ദൈവത്തിന്റെ ഭവനമാണ് കത്തോലിക്കാതിരുസ്സഭ. ഈ ദൈവികമഹാഭവനത്തിലുമുണ്ട് ഒരു ഭക്ഷണമേശ. പണത്തിലും പ്രതാപത്തിലും പല നിലകളിൽ ജീവിക്കുന്ന തിരുസ്സഭാസന്താനങ്ങൾ ഒന്നിച്ചണയുന്ന ദിവ്യകാരുണ്യമേശ സ്നേഹൈക്യങ്ങളുടെ മഞ്ജുള പ്രതീകമാണ്. ആ ദിവ്യമേശയിൽ വിളമ്പുന്നത് നിത്യജീവന്റെ അപ്പമത്രേ.

## ക്രിസ്തുനാഥൻ ക്ഷണിക്കുന്നു

ദിവ്യമേശയ്ക്കണയുവാൻ ക്രിസ്തുനാഥൻ എല്ലാവരേയും ക്ഷണിക്കുന്നു. മർത്ത്യതയിൽ നിത്യജീവൻ വിളയിക്കുന്ന ഈ ദിവ്യകാരുണ്യഅപ്പം ഓരോ ക്രിസ്ത്യാനിയുടേയും ക്രിസ്തീയ ജീവിതത്തിന്റെ സംരക്ഷണത്തിനും വളർച്ചയ്ക്കും അവശ്യാവശ്യമാണ്. ക്രിസ്തീയജീവൻ നിലനിറുത്തുന്നതിനും സംപോഷിപ്പിക്കുന്നതിനും ആവശ്യകമായ ആത്മീയഭക്ഷണം സ്വീകരിക്കുവാൻ ആഗ്രഹമില്ലെങ്കിൽ അത് ആത്മീയമായ എന്തോ തകരാറിന്റെ ബാഹ്യലക്ഷണമായി കരുതാം. ഒരു ആത്മപരിശോധനയും ഒരു നല്ല കുമ്പസാരവുമാണ് ഇതിനു പ്രതിവിധി.

## ഒഴിവുകഴിവുകൾ

'എനിക്കു ദിവ്യനാഥനെ സ്വീകരിക്കുവാൻ യോഗ്യതയില്ല" എന്നു പറഞ്ഞ് ഒഴിഞ്ഞുമാറുന്നതിൽ അർത്ഥമില്ല. മരുന്നു കഴിക്കുവാൻ തനിക്കു യോഗ്യതയില്ല എന്നു രോഗി പറയുന്നതുപോലെ മൗഢ്യമാണത്. 'എനിക്കതുകൊണ്ടൊരു പ്രയോജനവും ലഭിക്കുന്നില്ല' എന്നു പറഞ്ഞ് ദിവ്യകാരുണ്യസ്വീകരണത്തിൽനിന്ന് അകന്നു നില്ക്കുന്നവരുണ്ട്. അതിന്റെ കാരണം അവർ തങ്ങളിൽത്തന്നെ തേടിയാൽ മതി. അയോഗ്യമായ ദിവ്യകാരുണ്യസ്വീകരണമാണ് ആ കാരണം. യോഗ്യതയോടുകൂടിയ ഒരേയൊരു ദിവ്യകാരുണ്യസ്വീകരണം മതി ഒരു വ്യക്തിയെ വിശുദ്ധനാക്കുവാൻ എന്നാണ് ആദ്ധ്യാത്മിക പിതാക്കന്മാരുടെ സുചിന്തിതമായ അഭിപ്രായം. 'സമയവും സൗകര്യവുമില്ല'ാത്തതിന്റെ പേരിലും ദിവ്യകാരുണ്യമേശയ്ക്കണയാത്തവരെ കാണാം. ജോലിത്തിരക്കുകൾക്കിടയിലും, ഭക്ഷണം കഴിക്കുവാൻ മറക്കാതെ ഇക്കൂട്ടർ ആത്മാവിന്റെ ഭക്ഷണമായ ജീവന്റെ അപ്പം ഭക്ഷിക്കുവാൻമാത്രം അശ്രദ്ധ കാണിക്കുന്നതിന്റെ അർത്ഥമെന്താണ്?

## കൈകഴുകണം

ആദ്യ ദിവ്യകാരുണ്യസ്വീകരണം നടത്തിയ അപ്പസ്തോലന്മാർ ശാരീരികമായും ആത്മീയമായും വെടിപ്പുള്ളവരായിരുന്നു. അപവാദമായി യൂദാസു മാത്രമാണുണ്ടായിരുന്നത്. അയാളുടെ ആത്മാവു ദുഷ്ടവിചാരങ്ങളാൽ മലിനപ്പെട്ടിരുന്നു. പശ്ചാത്താപത്താൽ അയാൾ അതിനെ പ്രക്ഷാളനം ചെയ്തുമില്ല. ആ അശുദ്ധിയോടുകൂടി ദിവ്യകാരുണ്യം ഭക്ഷിച്ചതിന്റെ ഭയാനകഫലം നമുക്കറിവുള്ളതാണ്. മററ് അപ്പോസ്തലന്മാർ ദിവ്യരക്ഷകനെപ്രതി ജീവിച്ചു മരിച്ചപ്പോൾ, യൂദാസ് നിരാശയിൽ പതിച്ച് ദയനീയമായി നശിച്ചു. 'ഈ അപ്പം ഭക്ഷിക്കുന്നതിനുമുമ്പ് ഓരോരുത്തനും തന്നെത്തന്നെ നന്നായി പരിശോധിക്കട്ടെ' എന്നു സെന്റ് പോൾ താക്കീതു ചെയ്യുന്നതിന്റെ രഹസ്യമിതാണ്. അയോഗ്യമായി ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനേക്കാൾ, സ്വീകരിക്കാതിരിക്കുന്നതുതന്നെയാണ് നല്ലത്. 'ഈ ശിശു പലരുടേയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കുമായി വയ്ക്കപ്പെട്ടിരിക്കുന്നു' എന്നു വൃദ്ധനായ ശെമഓൻ അന്ന് ജറുസലം ദൈവാലയത്തിൽവച്ചു പറഞ്ഞത് ഇന്നും അന്വർത്ഥമായിക്കൊണ്ടിരിക്കുകയാണ്, അയോഗ്യവും യോഗ്യവുമായ ദിവ്യകാരുണ്യസ്വീകരണംവഴിയായിട്ട്. അയോഗ്യമായ ദിവ്യകാരുണ്യ സ്വീകരണത്തിന്റെ ഫലമായി നമ്മുടെയിടയിൽ വളരെപ്പേർ രോഗികളും ബലഹീനരും ആയിരിക്കുന്നു എന്നു സെൻറ് പോൾ പറയുന്നുണ്ട്. ആകയാൽ, നല്ല കുമ്പസാരം നടത്തിയതിനു ശേഷം മാത്രമേ ഈ ദിവ്യ ഭക്ഷണത്തിനണയാവൂ.

## സ്നേഹൈക്യങ്ങളുടെ മഞ്ജുളപ്രതീകം

സകലരും ഒരേ ഭക്ഷണമേശയ്ക്കണയുകയും ഒരേ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും ചെയ്യുക എന്ന മധുരമനോജ്ഞമായ യാഥാർത്ഥ്യമാണു കത്തോലിക്കാതിരുസ്സഭയാകുന്ന ദൈവികമഹാഭവനത്തിൽ നിത്യവും നടക്കുന്നത്. ഒരേ രക്തം – ദിവ്യരക്ഷകന്റെ അമൂല്യരക്തം– ആണ് ദിവ്യകാരുണ്യം സ്വീകരിക്കുന്ന സകല കത്തോലിക്കരിലും ഒഴുകുന്നത്. രക്തബന്ധത്തേക്കാൾ ദൃഢതരമായ ബന്ധം മറെറന്താണ്? സകല കത്തോലിക്കരും തമ്മിലുള്ള സാഹോദര്യബന്ധത്തിന്റെ രഹസ്യമിതത്രേ. നാമോരോരുത്തരും ക്രിസ്തുവിന്റെ മൗതിക

## പഞ്ചാക്ഷരി

*കവിതകൾ—ജെ. ചാക്കോരു കോനിക്കര*

*വിതരണം: കറൻറ് ബുക്സ്, തൃശ്ശൂർ, വില 1 ക.*

ചില പഴയ ഓർമ്മകൾ_ചെറുപ്പത്തിൽ കർമ്മല കുസുമം തുടങ്ങിയ കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ വായിച്ചുകൊണ്ടിരുന്നപ്പോഴത്തെയാണവ. ഗദ്യലേഖനങ്ങൾക്കെന്നപോലെ പദ്യകൃതികൾക്കും അതിൽ നല്ല സ്ഥാനമുണ്ടായിരുന്നു. അവയിൽ ഹൃദ്യമായിത്തോന്നിയ ചില പദ്യകൃതികളുടെ കർത്താവിനെ വീണ്ടും സ്മരിക്കാൻ സാധിച്ചതു് ഈ പഞ്ചാക്ഷരിയെന്ന കവിതാസമാഹാരം കൈയ്യിൽ കിട്ടിയപ്പോൾ മാത്രമാണ്.

പണ്ഡിതൻ ജെ. ചാക്കോരു കോനിക്കരയുടെ അന്നു വായിച്ച ചില പദ്യങ്ങൾ ഇന്നുമെനിക്കു മനഃപാഠമാണ്. ഓർമ്മയുടെ മണ്ഡലത്തിൽ മായാമുദ്ര പതിക്കാൻതക്ക വശ്യശക്തിയാണ് അതിനുള്ളതു്. ഈ പഞ്ചാക്ഷരിയിൽക്കൂടിയിന്നും ഞാൻ ചാക്കോരുമാസ്റ്ററുടെ ചമൽക്കാരകാരിയായ കവിതകളിലെ പുതുമ ഒന്നുകൂടി ദർശിക്കുന്നു.

മാസ്റ്റർ ഒരു ഭാവനാശാലിയും ഭക്തനും കൂടിയാണെന്ന് വിളിച്ചു പറയുന്ന പല ഭാഗങ്ങളും സഹൃദയന്മാർക്ക് ഇതിൽ ദർശിക്കാം. ഉത്തരോത്തരം അത്യുൽകൃഷ്ടങ്ങളായ കൃതികൾക്ക് ജന്മമരുളാൻ തക്കതായ ആരോഗ്യം ഈശ്വരൻ അദ്ദേഹത്തിനു നൽകുമാറാകട്ടെ.

— പി. ടി. എൽ.

## മാരിറെറയിൽ, ജീവിതവും ചിന്തയും

ഗ്രന്ഥകർത്താക്കൾ: ജി. തയ്യിൽ, ജെ. മഠത്തിപ്പറമ്പിൽ.
പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ.
വശം: 142. വില: 1_50.

കേരളീയർക്ക് ഇനിയും സുപരിചിതനാകാത്ത സുപ്രസിദ്ധ ഫ്രഞ്ച് തത്വചിന്തകനാണ് ജാക്ക മാരിറെറയിൻ. അദ്ദേഹത്തിൻെറ കൃതികളുടെ വിവർത്തനങ്ങൾ പാശ്ചാത്യപൌരസ്ത്യഭാഷകളിൽ പ്രചരിക്കാൻ തുടങ്ങിയിട്ടുണ്ട്. അദ്ദേഹത്തിൻെറ കൃതികളിൽ മുററിനില്ക്കുന്ന ആശയഗാംഭീര്യവും നൂതനപ്രതിപാദനരീതിയും, സാമൂഹ്യശാസ്ത്രത്തിനും 'ഹ്യൂമനിസ്സം' എന്ന നവീന ചിന്താഗതിക്കും അദ്ദേഹം നൽകിയ പ്രചോദനങ്ങളും മലയാളികൾക്കു മനസ്സിലാക്കികൊടുക്കുന്നതിനാണ് ഗ്രന്ഥകാരന്മാർ മുന്നോട്ടു വന്നിട്ടുള്ളതു്.

തോമിസത്തിലും അരിസ്റ്റോട്ടേലിയനിസത്തിലും അന്യാദൃശമായ അവഗാഹം നേടിയ ജീവിച്ചിരിക്കുന്ന തത്വചിന്തകരിൽ അഗ്രഗണ്യനായ മാരിറെറയിൻെറ ഈടുററ ഗ്രന്ഥങ്ങൾ യുവതലമുറയ്ക്കു മാർഗ്ഗദർശകമെന്നതിൽ രണ്ടു് പക്ഷമില്ല.

ഇതിനകത്തുള്ള "ജീവിതത്തിലൂടെ" എന്ന ആദ്യത്തെ ലേഖനത്തിൽ മാരിറെറയിൻെറ മഹനീയമായ ജീവിതത്തിലേയ്ക്കു് ഒരു വിഹഗവീക്ഷണം നടത്തുന്നു. "കൃതികളിലൂടെ" എന്ന രണ്ടാമത്തെ ലേഖനത്തിൽ മാരിറെറയിൻ എന്ന ഗ്രന്ഥകാരനെ വായനക്കാർക്കു മനസ്സിലാക്കിത്തരുന്നു. സാമൂഹ്യശാസ്ത്രം, ധനതത്വശാസ്ത്രം, രാഷ്ട്രമീമാംസ, മനഃശാസ്ത്രം, വിദ്യാഭ്യാസം, കല, ദൈവശാസ്ത്രം, മിസ്റ്റിസിസം എന്നീ വിജ്ഞാനമേഖലകളിലേയ്ക്കെല്ലാം അദ്ദേഹത്തിൻെറ കൃതികൾ കയറിച്ചെല്ലുന്നു എന്നറിയുമ്പോൾ അതുല്യനായ എഴുത്തുകാരനെന്നു് ആരും പറഞ്ഞുപോകും. "മാരിറെറയിനും തത്വവിജ്ഞാനീയവും" എന്ന മൂന്നാമത്തെ ലേഖനത്തിൽ ഭൌതികവിജ്ഞാനീയത്തിനും ദൈവികവിജ്ഞാനീയത്തിനും തത്വവിജ്ഞാനീയത്തിലുള്ള സ്ഥാനം ചൂണ്ടികാണിക്കുകയാണ്. തത്വവിജ്ഞാനീയത്തിൻെറ വിവിധഭാഗങ്ങൾ നാലാമത്തെ ലേഖനത്തിൽ പ്രസ്പഷ്ടമാക്കുന്നു. സാമൂഹികചിന്തകളെക്കുറിച്ച് അഞ്ചാമത്തെ ലേഖനത്തിലും, കലയുടെ തത്വശാസ്ത്രത്തെകുറിച്ചു് ആറാമത്തെ ലേഖനത്തിലും വിചാരിക്കുന്നു. ഹ്യൂമനിസ്സത്തിൻെറ വിവിധവശങ്ങളെ എടുത്തുകാണിക്കുന്ന ഏഴാമത്തെ ലേഖനത്തോടെ പുസ്തകം സമാപിക്കുകയായി.

അമ്പതിൽപരം പ്രസിദ്ധങ്ങളായ തത്വശാസ്ത്രഗ്രന്ഥങ്ങളുടെ കർത്താവായ മാരിറെറയിൻെറ അനുകരണാർഹമായ ജീവിതത്തെയും വിലപിടിച്ച ചിന്താസരണിയേയും നൂററിനാല്പത്തിരണ്ടു് പേജ് മാത്രമുള്ള ഈ ചെറുഗ്രന്ഥത്തിൽ ഒതുക്കിനിറുത്തുക സാദ്ധ്യമല്ല. എന്നാൽ ഒരു സമകാലിക പ്രതിഭാശാലിയുടെ ജീവിതത്തിലേയ്ക്കും ചിന്തയിലേയ്ക്കും മലയാളികളെ തിരിച്ചുവിടുക മാത്രമാണ് ഗ്രന്ഥകർത്താക്കൾ ഈ ചെറു ഗ്രന്ഥംകൊണ്ടു് ഉദ്ദേശിക്കുന്നതു്. അക്കാര്യത്തിൽ അവർ വളരെയധികം വിജയിച്ചിട്ടുണ്ടെന്നു വേണം പറയുവാൻ. ജാക്ക മാരിറെറയിൻെറ തത്വചിന്തകളെക്കൂടാതെ മററുപല പ്രസിദ്ധ ചിന്തകരുടെ ആശയങ്ങളെ ഈ കൊച്ചുഗ്രന്ഥത്തിലൂടെ പ്രകാശിപ്പിച്ചിരിക്കുന്നതു വായനക്കാർക്ക് ഉപകാരപ്രദം.

എല്ലാംകൊണ്ടും വളരെ നല്ലൊരു പുസ്തകം എന്നു് ഇതിനെ വിശേഷിപ്പിക്കാതിരിക്കാൻ വയ്യാ.

— ജോസഫ് വട്ടേലി.

---

ശരീരത്തിൻെറ ഓരോ അവയവമാണ്. ക്രിസ്തുനാഥൻെറ രക്തംതന്നെ അവയവങ്ങളായ നമ്മിലും ജീവൻ പായിക്കുന്നു. ക്രിസ്തുനാഥനിൽ നാമെല്ലാം ഒന്നായിരിക്കുന്നു. ഈ ഒന്നിപ്പും ഐക്യവും അനുഭവവേദ്യമാകും, ഭക്തിനിർഭരവും സ്നേഹതരളവുമായ ദിവ്യകാരുണ്യസ്വീകരണംവഴി. അതു പ്രകടമാക്കേണ്ടതു് ദിവ്യകാരുണ്യസ്വീകരണത്തിനു ശേഷമുള്ള നമ്മുടെ ജീവിതത്തിലാണ്. സാത്വികമായ സാഹോദര്യവും സ്നേഹനിർവിശേഷതയും വളർന്നു വരുകയും, സഹാനുഭൂതിയുടേയും സഹായ സന്നദ്ധതയുടേയും പൂക്കൾ വിരിയിക്കുകയും ചെയ്യുന്ന ഒരു ജീവിതമായിരിക്കണം അതു്.



സെൻറ് ആൻസ് സൊഡാലിററി (ഗേൾസ് വിഭാഗം) പടിഞ്ഞാറെ കോട്ട, തൃശ്ശൂർ

# ഒരു സഖ്യാംഗത്തിൻെറ ആത്മശോധന

— മരിയദാസ് —

ഒരു മരിയസഖ്യാംഗമാകുവാൻ സാധിച്ചതിൽ എനിക്കെന്നും സന്തോഷം തോന്നാറുണ്ടോ? നല്ലൊരു മരിയാമകനാകുവാൻ സ്ഥിരമായ ആഗ്രഹവും പരിശ്രമവും എനിക്കുണ്ടോ? ഒരു ക്രിസ്ത്യാനി എന്ന നിലയിലും സൊഡാലിസ്റ്റ് എന്ന നിലയിലും അധികാരികൾക്ക് എന്നെ പുതിയ അംഗങ്ങൾക്കു മാതൃകയായി ചൂണ്ടിക്കാണിക്കുവാൻ ഞാൻ യോഗ്യനാണോ? സൊഡാലിററിയിലെ പ്രധാന നിയമങ്ങൾ ഏവയാണെന്ന് എനിക്കറിയാമോ? അവ പഠിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ടോ? ഒരു സൊഡാലിററി മാനുവൽ സ്വന്തമാക്കുവാൻ എനിക്കിതുവരെ കഴിഞ്ഞോ? സൊഡാലിററി നിയമങ്ങൾ പഠിക്കാൻ ഇനി ഞാൻ എന്തു ചെയ്യുവാൻ പോകുന്നു?

മാതാവിനു് എന്നെക്കുറിച്ച് ഇപ്പോഴുള്ള അഭിപ്രായം എന്തായിരിക്കും? എന്നെക്കുറിച്ചോർക്കുമ്പോൾ സന്തോഷിക്കാനോ, സങ്കടപ്പെടാനോ ഉതകുന്നതാണു് എൻെറ ഇപ്പോഴത്തെ ആത്മസ്ഥിതി? ദിവസേന കുറേക്കൂടി മെച്ചപ്പെട്ടവനാകുവാൻ ഞാൻ ശ്രമിക്കും എന്നു് മാതാവിനോടു വാക്കുപറയാനുള്ള ധൈര്യം എനിക്കുണ്ടോ? ദിവസത്തിൽ എത്ര പ്രാവശ്യം സ്വർഗ്ഗത്തിലെ എൻെറ ആ നല്ല അമ്മയെക്കുറിച്ച് ഞാൻ ഓർക്കാറുണ്ടു? 'അമ്മ'യെക്കുറിച്ച് ഞാൻ വല്ലപ്പോഴും സംസാരിക്കാറുണ്ടോ? മരിയൻപുസ്തകങ്ങൾ വായിക്കാൻ എനിക്കു താല്പര്യമുണ്ടോ? മാതാവിൻെറ മെഡൽ ധരിക്കുന്നതിൽ അഭിമാനമാണോ ലജ്ജയാണോ തോന്നാറുള്ളതു്? സൊഡാലിററി ഒപ്പീസും ജപമാലയും ഞാൻ ക്രമമായി ജപിക്കാറുണ്ടോ? മാതൃകാപരമായ ഭക്തിയും നിഷ്ഠയും അക്കാര്യങ്ങളിൽ എനിക്കുണ്ടോ? മാതാവിൻെറ സ്തുതിക്കായി ദിവസംതോറുമോ, ആഴ്ചതോറുമോ, കൃത്യമായി എന്തെങ്കിലും സൽപ്രവൃത്തി ചെയ്യാറുണ്ടോ? മാതാവിൻെറ പ്രധാന തിരുനാളുകൾ ഏവയാണെന്നും അവ എന്നൊക്കെയാണെന്നും എനിക്കു കൃത്യമായറിയാമോ? ആ തിരുനാളുകൾക്കു പ്രത്യേകമായി ഞാൻ ഒരുങ്ങാറുണ്ടോ? അമ്മയ്ക്കു് തിരുനാൾസമ്മാനങ്ങൾ നൽകാനും അമ്മയിൽനിന്നെന്തെങ്കിലും പ്രത്യേകാനുഗ്രഹം കുന്നുകു പറഞ്ഞോ പിണക്കം പറഞ്ഞോ വാങ്ങാനും വാശിയോടെ ശ്രമിക്കാറുണ്ടോ? എൻെറ കൂട്ടുകാരെയും മരിയാഭക്തരാക്കാൻ ഞാൻ എന്തു ശ്രമമാണ് ചെയ്യുവരുന്നതു്? ഇനി എന്തു ചെയ്യാൻ സാധിക്കും?

ഈ ചോദ്യങ്ങൾ ഒന്നുകൂടി വായിക്കുവാൻ ധൈര്യമുണ്ടെങ്കിൽ രണ്ടു പ്രാവശ്യം വായിച്ച് നിൻെറ ഔദാര്യം പ്രകടമാക്കുക. നന്മകൾക്കു മാതാവിനോടു നന്ദി പറയുക; തെററുകൾക്കു പൊറുതി അപേക്ഷിക്കുക. ഇനി നീ എന്തു ചെയ്യാൻ പോകുന്നുവെന്നു് അമ്മയോടു് തുറന്നു പറഞ്ഞു് അനുഗ്രഹം യാചിക്കുക.

# ബാലരംഗം

*ചെറുകഥ*

## ഇറങ്ങിപ്പോക്ക്

ഞായറാഴ്ചയായിരുന്നു, അന്ന്. പള്ളിയിൽ രണ്ടാമത്തെ കുർബ്ബാനയ്ക്കുള്ള മണി അടിച്ചു കഴിഞ്ഞു. 'പലഹാരവണ്ടി' ചമഞ്ഞ പുതുമണവാട്ടികൾ, നീട്ടി ഞൊറിയിട്ട് മുണ്ടുടുത്ത പ്രൗഢാംഗനകൾ, യുവത്വത്തിലേയ്ക്കു കാലൂന്നാൻ വെമ്പുന്ന പാവാടക്കാരികൾ, ചിത്രശലഭങ്ങളെപ്പോലെ വസ്ത്രപ്പകിട്ടാർന്ന ഫ്രോക്കണിഞ്ഞ പൈതങ്ങൾ എല്ലാവരും എല്ലാവരും ഞായറാഴ്ച കുർബ്ബാനയിൽ സംബന്ധിക്കുവാൻ ദ്രുതഗതിയിൽ പള്ളിയിലേയ്ക്കു നീങ്ങുകയാണ്.

കുഞ്ഞാറം ചേടത്തി ഞൊറിയിട്ട് മുണ്ടുടുക്കാൻ തുടങ്ങുന്നതേയുള്ളു. അവർ വിസ്തരിച്ചൊന്ന് ഒരുങ്ങിയിട്ടാണ് പള്ളിയിൽ പോകാറ്. അതും ഞായറാഴ്ച മാത്രം. കണ്ടാലാരും നോക്കണം. "ആരാണത്" എന്ന് നാലുപേർ തമ്മിൽത്തമ്മിൽ ചോദിക്കണം. ഇസ്തിരിയിട്ട കസവു മുണ്ടിന് ചുളിവു വീഴാതെ പുതച്ച്, പൗഡറുമിട്ട് ഒരു ഗമയിൽ അവരിറങ്ങും. അതിലവർക്കു തന്നെ അഭിമാനം തോന്നാറുണ്ട്.

പള്ളിയിൽ ചെല്ലുമ്പോൾ കുർബ്ബാന പകുതിയായിക്കാണും. കുർബ്ബാനയുടെ സമയം തെററുന്നതവർക്ക് പ്രശ്നമല്ല. അലക്കി തേയ്ക്കാത്ത വസ്ത്രങ്ങളണിയാതെ, തലമുടി ചീകാതെ, പൗഡറോ സ്നോയോ തേച്ച് മുഖമൊന്ന് മിനുക്കാതെ സ്ഥിരബുദ്ധിയില്ലാത്തവരെപ്പോലെ നടക്കാൻ പററില്ല. പിന്നെ എട്ടുപത്തു കുട്ടികളുടെ മാതാവാണവർ. അവരെ കുളിപ്പിച്ച് തീററ കൊടുത്ത്, വൃത്തിയാക്കേണ്ട ചുമതലയും അവർക്കുള്ളതാണ്. മൂത്തവന് 16 വയസ്സേ ആയിട്ടുള്ളു. അവൻ യാതൊന്നും പറഞ്ഞാലനുസരിക്കില്ല. ബാക്കിയുള്ളവരെക്കൊണ്ടെന്താകാനാണ്?

ജപമാലയും പ്രാർത്ഥനാപുസ്തകവുമെടുത്ത് അവരിറങ്ങി. കോലായിൽനിന്ന് ഒന്നുകൂടി ഞൊറിയും കസവുമുണ്ടും ചുളിവു നിവർത്തി അവർ നടന്നു.

“കൊച്ചിനെ കരയിപ്പിക്കാതെ നോക്കിക്കോളണം കേട്ടോടാ.”

വഴിയിൽ നിന്നുകൊണ്ട് ഒരു കല്പന പാസ്സാക്കിക്കൊണ്ട് അവർ ധൃതിയിൽ നടന്നു. വഴിയിൽ ആരേയും വർത്തമാനത്തിന് കൂട്ടുകിട്ടിയില്ല. സാധാരണ പകുതി കുർബ്ബാന കഴിഞ്ഞാലും ധാരാളം ആളുകൾ പള്ളിയിലേയ്ക്കു പോകുന്നതു കാണാം. ഇന്ന് കുഞ്ഞാറം ചേടത്തി മാത്രമേയുള്ളു. അവർക്കല്പം ലജ്ജ തോന്നി. ഓടുകയും നടക്കുകയുമല്ലായെന്ന വിധത്തിലാണ് അവരുടെ പോക്ക്.

അവർ ഇടയ്ക്കിടെ ചിതറിനോക്കുന്നുണ്ടായിരുന്നു, നാലുപാടും. ആരേയും കാണുന്നില്ല. അവരുടെ ജാഗ്രത വർദ്ധിച്ചു. അഞ്ചുപത്തടികൂടി നടന്നു. അപ്പോഴാണ് മണിയിമ്മേലെ ചാക്കോച്ചന്റെ പുതുപ്പെണ്ണും പെങ്ങളും ഒന്നുരണ്ടു കുട്ടികളും വളരെ സാവകാശത്തിൽ ഇടവഴിതിരിഞ്ഞ് വരുന്നതു കണ്ടത്. അവരൊന്ന് ദീർഘശ്വാസം വിട്ടു. കുഞ്ഞാറംചേടത്തി പള്ളിയിൽ കയറിക്കഴിഞ്ഞിട്ടേ അവരെത്തുകയുള്ളു. അതുകൊണ്ടാണവർ സമാധാനിച്ചത്.

ഞായറാഴ്ച മുഴുവൻകുർബ്ബാന കാണണമെന്നത് പുതുമണവാട്ടികൾക്കും പരിവാരങ്ങൾക്കും ബാധകമല്ലെന്നു തോന്നും അവരുടെ വരവു കണ്ടാൽ. മണിയിമ്മേലെ ചാക്കോവിന്റെ പെണ്ണിനു മാത്രമല്ല, എല്ലാ പുതുപ്പെണ്ണുങ്ങൾക്കും. ഇവരിങ്ങനെ സമയം വൈകി വരുന്നതിന്റെ കാരണമെന്താണാവോ? എന്തായാലും കുഞ്ഞാറം ചേടത്തിയ്ക്ക് ആ പെണ്ണിനെ വിസ്തരിച്ചൊന്നു കാണാൻ കഴിഞ്ഞില്ല.

ചെന്നുകയറിയപാടെ അവർ നടവാതില്ക്കൽ തന്നെ സ്ഥാനം പിടിച്ചു. എന്ന് എപ്പോൾ പള്ളിയിൽ വന്നാലും അവർ അവിടെത്തന്നെയായിരിക്കും മുട്ടു കുത്തുക. ഇന്നും തഥൈവ. പ്രസംഗം കഴിഞ്ഞിരിക്കുന്നു. അവർ 400 പേജുള്ള പ്രാർത്ഥനാപുസ്തകം നിവർത്തി വളരെ വേഗത്തിൽ വായിച്ചുതുടങ്ങി. ഒരു പ്രത്യേക ട്യൂണാണ് ആ വായനയ്ക്ക്.

“കയററങ്ങളനവധി ഇറക്കങ്ങളനവധി

എന്നിട്ടും പായുന്നെന്റെ റെയില്വണ്ടി” ഇങ്ങനെതന്നെയാണെന്നാണ് ഓർമ്മ. ഏതോ ഒരു സിനിമയിലെ ഈ ഗാനശകലത്തെ അന്വർത്ഥമാക്കുന്നുണ്ട് അവരുടെ വായന.

രണ്ടുമൂന്നു പേജ് വായിച്ചതിനുശേഷം പുസ്തകമൊന്ന് തിരിച്ച്, 'തവള'യെപ്പോലെ ഒന്നിരുന്ന്, ഏറുകണ്ണിട്ട് അവർ പുറകോട്ടു നോക്കി. ഓ! അവരെത്തിക്കഴിഞ്ഞു. ആ പെണ്ണിന്റെ ഗമ കണ്ടോ? വാസ്തവത്തിൽ അവർക്ക് അസൂയ തോന്നി. അത്രയും സൗന്ദര്യവതിയായിരുന്നു ആ യുവതി. മണിയിമ്മേലെ ചാക്കോച്ചനു പററിയ പെണ്ണുതന്നെയാണെന്ന് അവർ മനസ്സിൽ വിചാരിച്ചു.

ആ സൗന്ദര്യധാമത്തിന്റെ മാർവ്വിടം മുഴുവൻ മറയാത്ത വിധത്തിലുള്ളതും, രണ്ടിഞ്ച് വീതിയിൽ ഉദരഭാഗം പുറത്തു കാണിക്കുന്നതുമായ ജാക്കററും (ലേററസ്റ്റ് ഫാഷനാണ്!), അകവും പുറവും ഒരുപോലെ പുറത്തു കാണത്തക്ക വിധത്തിലുള്ള നൈലോൺ സാരിയും 'പടവലങ്ങ' മുടിക്കെട്ടും, 'അന്നനട'യുമെല്ലാം കുഞ്ഞാറം ചേടത്തിയ്ക്ക് സംതൃപ്തിയായി. അവരാപ്പെണ്ണിനെ കൺകുളിർക്കെ ഒന്നുകൂടി കണ്ട് വീണ്ടും പ്രാർത്ഥനയിലേയ്ക്ക് ശ്രദ്ധ തിരിച്ചു.

കുർബ്ബാനയുടെ ഏററവും പ്രധാനമായ ഭാഗമാണ് പാവനമായ ബലിപീഠത്തിൽ നടക്കുന്നത്. സ്ത്രീ

കളുടെ ഭാഗത്തു് മുട്ടിന്മേൽ കമിഴ്ന്നു കിടന്നുകൊണ്ടുള്ള കരച്ചിലാണ്. കുഞ്ഞാറം ചേടത്തിയും അതിൽ അപ്രധാനമല്ലാത്തൊരു പങ്കു വഹിച്ചു. അവരും കമിഴ്ന്നു കിടന്നു് കരയുകയാണ്.

ഒരു കുസൃതി ചെറുക്കൻ എത്ര വേഗത്തിലാണ് ചോയി അവരുടെ ചട്ടയിൽ പിടിച്ചതു്. അവൻ തന്റെ അമ്മയിൽ നിന്നും അകന്നു് കുഞ്ഞാറം ചേടത്തിയുടെ മുതുക് ആനപ്പുറമാക്കിമാററി. അവിടെ കയറിയിരുന്നു് തന്റെ പല്ലില്ലാത്ത മോണ പുറത്തുകാട്ടി അവൻ മധുരമായൊന്നു ചിരിച്ചു. തന്റെ സന്തോഷത്തിൽ പങ്കുചേരുവാൻ മററുള്ളവരോടുള്ള ഒരു ക്ഷണമായിരുന്നു അതു്.

''ഇതിനു് അമ്മയില്ലേ? ഇതൊന്നു് നോക്ക്!''

കുഞ്ഞാറം ചേടത്തി ആ നിലയിൽ കിടന്നുകൊകൊണ്ടുതന്നെ പറഞ്ഞു. കൊച്ചിന്റെ അമ്മ അവനെ വേഗം അവരുടെ പുറത്തുനിന്നും താഴെയിറക്കി.

"ഇതു് കാശു കൊടുത്തു് അലക്കി തേച്ചതാ. കണ്ട പിള്ളേർക്ക് കയറിയിരുന്നു് കളിക്കാനല്ല ഞാൻ പള്ളിയിൽ വരണതു്."

അവരവിടെ നിവന്നു നിന്നുകൊണ്ടുതന്നെ ഉറക്കെ പറഞ്ഞു. കിഴക്കോട്ടു് തിരിഞ്ഞിരുന്ന സ്ത്രീമുഖങ്ങളൊക്കെ പെട്ടെന്നു് പടിഞ്ഞാട്ടു് തിരിഞ്ഞു. ആ ചെറുക്കൻ, വായിലിട്ടു നനഞ്ഞ വിരൽ, നിലത്തിട്ടുരച്ചു് ചെളിനിറച്ചുകൊണ്ടാണ് കുഞ്ഞാറം ചേടത്തിയുടെ മുതുകത്തു് പൊത്തിപ്പിടിച്ചു കയറിയതു്. അതിലവർക്കു് കോപം വന്നതിൽ അതിശയിക്കാനില്ല. കാരണം അവര് പള്ളിയിൽ മുട്ടുകുത്തുന്നതുതന്നെ നല്ലയൊരു ടവ്വൽ വിരിച്ചിട്ടാണ്. അല്ലെങ്കിൽ തുണിയിൽ പൊടി പിടിക്കുമല്ലൊ.

എല്ലാവരുടേയും അവഹേളനാപാത്രമായി അവിടെത്തന്നെ നില്ക്കുവാൻ കുഞ്ഞാറം ചേടത്തിയുടെ വിജ്രംഭിതമായ അഭിമാനം സമ്മതിച്ചില്ല. അവർ ദൈവത്തോടു് (അല്ലാതെ മററാരോടാണാവോ?) പ്രതിഷേധിച്ചു് പള്ളിയിൽനിന്നു് വീട്ടിലേയ്ക്കു് കുർബ്ബാന കഴിയുന്നതിനു മുമ്പുതന്നെ നടകൊണ്ടു.

*ഡേവിസ് കൊച്ചുവീട്ടിൽ, കരിയച്ചിറ.*

## ബാലരംഗം അംഗനമ്പ്ര്

224. റോസി ജോൺ, ചിററിലപ്പിള്ളി, ഒളരിക്കര.
225. കെ. വി. വർഗ്ഗീസ്, കളപ്പുറമ്പത്തു് വീട്, ആലങ്ങാട്ട്
226. കെ. ആർ. പോൾ, കാക്കശ്ശേരി വീട്, ചീരാൻ.
227. ആൻറണി വേവൂക്കാട്ട്, വരാപ്പുഴ.
228. സി. ഡി. ആൻറണി, ചിററിലപ്പിള്ളി കുന്നത്തു് വീട്, പറപ്പൂർ.
229. കെ. പി. ജോയ്, കൂള വീട്ട്, ഒല്ലൂർ.
230. ജോസ് ആൻറണി, കരുതുകുളം, അന്തിക്കാട്ട്.
231. സി. സി. കുര്യൻ, ചൂണ്ടൽ വീട്ട്, ചിറവല്ലൂർ.

## മ്ശിഹാ

*(പെരിയാറെ......എന്ന മ.)*

മ്ശിഹായേ, മ്ശിഹായേ....
കാരുണ്യമൂർത്തിയാം ഈശോയെ,
കുരിശും പേറി, കുനിഞ്ഞു നടന്ന
സത്യസങ്കേതമേ നീ... ഒരു
സത്യസങ്കേതമേ നീ.... (മ്ശി........

കാലിതൻ കൂട്ടിൽ പിറന്നു_പിന്നെ
മാതാവിൻ കീഴിൽ വളർന്നു,
മരണംവഴിയായി മനുജർതൻ നീച_
പാപങ്ങൾ നീക്കി നീ_ഞങ്ങളുടെ
പാപങ്ങൾ നീക്കി നീ ... (മ്ശി........

സഹനങ്ങൾ, സഹനങ്ങൾ സഹിച്ചുകൊണ്ടു്
മരണം നീ മനുജർക്കായ് വരിച്ചുവല്ലോ
സഹനം സഹിച്ചു നീ, മരണം വരിച്ചു നീ
പാപങ്ങൾ നീക്കാനായ്_ഞങ്ങടെ
പാപങ്ങൾ നീക്കാനായ്.... (മ്ശി........

നാടാകെ പുണ്യത്തിൻ സൂനങ്ങൾ
നല്കിയതല്ലയോ നിൻവചനം
മുൾമുടി ചൂടി നീ, ക്രൂശു വഹിച്ചു നീ
ഗാഗുൽത്താ കേറിയല്ലോ_ വൻ
ഗാഗുൽത്താ കേറിയല്ലോ.... (മ്ശി........

*— ആൻറണി, എൽത്തുരുത്തു്.*

## രസഗോളങ്ങൾ

"വിത്തമെന്തിനു മർത്ത്യനു, വിദ്യ കൈവശമാകുകിൽ" "ഒരു ഉദാഹരണം പറയൂ കുട്ടി"—അദ്ധ്യാപകൻ വാസുവിനോടാവശ്യപ്പെട്ടു.

''എന്റെ അച്ഛനു് പണമില്ല. എങ്കിലും വിദ്യയുപയോഗിച്ചു് കാര്യങ്ങളൊക്കെ ഭംഗിയായി നടത്തുന്നു.''—വാസു ഉത്തരം പറഞ്ഞു.

X X X X

''കുടിൽവ്യവസായം വികസിക്കുവാൻ ഏററവും നല്ല മാർഗ്ഗം ഏതാണ്?'' അദ്ധ്യാപകൻ ജോണിയോടു ചോദിച്ചു.

"മദ്യനിരോധനം നടപ്പാക്കുക"

''അപ്പോളെങ്ങിനെയാണെടൊ?''

''എല്ലാവരും മദ്യം വാററ തുടങ്ങും''

*— ആൻറണി, എടക്കുളം.*

**മേലിൽ 'സംശയങ്ങൾ' അയയ്ക്കേണ്ട വിലാസം**

**റവ. ഫാദർ ആൻറണി അന്തിക്കാട്ട്, തോപ്പ്, തൃശൂർ-5**

സ്കൂൾ യൂണിഫാറത്തിനുള്ള തുണിത്തരങ്ങൾക്ക്

Estd: 1934 സന്ദർശിക്കുക: PHONE: 841

★ കുററിച്ചാക്കു ★

ലോന അന്തോണി സൺസ്

തുണിച്ചരക്കു കച്ചവടം, ബസ്സ്റ്റാൻറിനു സമീപം, തൃശൂർ.




മഞ്ഞിലാസിൻെറ ആട്ടമാക്ക്

ശീലക്കുടകൾ

ഉപയോഗിക്കുക.

ആട്ടമാക്ക് കുടകൾ എല്ലാ കച്ചവട
ക്കാരിൽനിന്നും ലഭിക്കുന്നു.

മിതമായ വിലയ്ക്ക് മികച്ച സേവനം

മഞ്ഞിലാസ് അബ്ദുല്ലാ മാട്ട്
പോസ്റ്റ്ഓഫീസ്റോഡ് തൃശൂർ-1

സ്റ്റെയിൻലസ്സ് സ്റ്റീൽ ചോറുപാത്രങ്ങൾക്ക്

PHONE: 789

★ *Wares* ★

റൗണ്ടു സൗത്തു്, :: തൃശൂർ.



*PERMISSU SUPERIORUM*

Edited & Published by Fr. J. Chemmancor B. A., Printed at the Union Press, Mariapuram, Trichur-5.



പൊലിഞ്ഞുപോയ ദീപം

●

ഞങ്ങളുടെ ബാഷ്പാഞ്ജലികൾ!